# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലശ്ശേരി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട് 2016-17

# നഗരസഭാ ഓഡിറ്റ് കാര്യാലയം, തലശ്ശേരി

**e-mail:** mltlsry.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./ടി.എസ്.എം1/ 452/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മുനിസിപ്പൽ ഓഡിറ്റ് കാര്യാലയം,

തലശ്ശേരി,കണ്ണൂർ ജില്ല

Email : mltlsry@ksad@kerala.gov.in

തീയതി : 30.11.2017

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന)

തലശ്ശേരി നഗരസഭ

സർ,

വിഷയം : തലശ്ശേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി നഗരസഭയുടെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5, 2-8, 2-9, 2-14 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-8, 3-14, 3-28, 3-36 എന്നീ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഇ-മെയിൽ)

2) സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4) റീജീയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കോഴിക്കോട്.

5)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.-ടി.എസ്.എം.1/452/17 തീയ്യതി : 30.11.2017

## കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 25.01.2017 മുതൽ 27.10.2017 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 87 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 66 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മഹേശ ബി.,<br>ഡെപ്യൂട്ടി ഡയറക്ടർ.<br>(01.6.2017 മുതൽ 31.10.2017വരെ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 01.06.2017 മുതൽ 31.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ശ്രീഹരി മിത്രൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | : | ശ്രീമതി. പത്മാസിനി നായർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി. ഉഷ എ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. രാജേഷ് കുമാർ .ടി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീമതി. ജീന സി.പി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീമതി. പ്രീതി പി.<br>ഓഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ. ശ്രീ. സി.കെ. രമേശൻ | 01.04.2016 മുതൽ 31.03.2017. വരെ |
| സെക്രട്ടറി | : | ശ്രീ. രാധാകൃഷ്ണൻ പി. | 01.04.2016 മുതൽ 31.03.2017 വരെ |

**(സി)നിർവ്വഹണ ഉദ്യോഗസ്ഥർ:**

| ക്രമ.നം. | ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|---|
| 01 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. അലി. കെ | 01.04.2016 മുതൽ 26.07.2016 വരെയും 26.08.2016 മുതൽ 18.09.2016 വരെയും |
| | | ശ്രീ. രഞ്ജിത്ത് പി.കെ. | 27.07.2016 മുതൽ 25.08.2016 വരെ |
| | | ശ്രീ. ഗിരീഷ് എ. | 19.09.2016 മുതൽ 16.10.2016 വരെ |
| | | രജീവൻ സി. | 17.10.2016 മുതൽ 31.03.2017 വരെ |
| 02 | കൃഷി ഓഫീസർ | ശ്രീ. സുജീവൻ നായർ (കൃഷി അസിസ്റ്റന്റ് II) | 01.04.2016 മുതൽ 04.11.2016 വരെ |
| | | ശ്രീ. പ്രേമൻ കെ.എം. | 05.11.2016 മുതൽ 31.03.2017 വരെ |
| 03 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ. ജോസ് ബാബു | 01.04.2016 മുതൽ 28.02.2017 വരെ |
| | | ശ്രീ. റിജൂൽ രാജ് | 01.03.2017 മുതൽ 31.03.2017 വരെ |
| 04 | സീനിയർ വെറ്ററിനറി സർജൻ | ഡോ. വിജയകുമാർ ബി. സങ്കാൾ (അഡീഷണൽ ചാർജ്ജ്) | 01.04.2016 മുതൽ 10.05.2016 F.N. വരെ |
| | | ഡോ. എൻ. രാധാകൃഷ്ണൻ | 10.05.2016 മുതൽ 07.09.2016 വരെ |
| | | ഡോ. നിഷാ ചന്ദ്രൻ | 08.09.2016 മുതൽ 07.10.2016 F.N. വരെ |
| | | ഡോ. ആർ. കതിരേശൻ | 07.10.2016 മുതൽ 31.03.2017 വരെ |
| 05 | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ. പി. ദേവി ഭരതൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 06 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ധന്യ .എം.കെ. | 01.04.2016 മുതൽ 23.05.2016 വരെ |
| | | ഡോ. മുരളി കോപ്പന്റെവിട | 24.05.2016 മുതൽ 06.07.2016 പൂർവ്വാഹ്നം വരെ |
| | | ഡോ. ദിവ്യ കെ. | 06.07.2016 അപരാഹ്നം മുതൽ 31.03.2017 വരെ |
| 07 | മെഡിക്കൽ ഓഫീസർ, | ഡോ. മാത്യു പി. കുരുവിള | 01.04.2016 മുതൽ |

| | | | |
|---|---|---|---|
| | (ആയുർവേദം) | | 06.02.2017 വരെ |
| | | ഡോ.ശ്രീകല സി. | 07.02.2017 |
| | | ഡോ.വിശ്വനാഥൻ വി.കെ. | 08.02.2017 മുതൽ<br>31.03.2017 വരെ |
| 08 | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.ഷീജ വി. | 01.04.2016 മുതൽ<br>31.03.2017 വരെ |
| 09 | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | ശ്രീ. പി.പി.പുഷ്പാംഗദൻ | 01.04.2016 മുതൽ<br>30.04.2016 വരെ |
| | | ശ്രീമതി. വനജ കെ.സി. (താൽക്കാലികം) | 01.05.2016 മുതൽ<br>06.06.2016 വരെ |
| | | ശ്രീ. പ്രസാദൻ കെ. | 07.06.2016 മുതൽ<br>31.03.2017 വരെ |
| 10 | ഹെഡ് മിസ്ട്രസ്,<br>ജി.യു.പി.എസ്.അയ്യലത്ത് | ശ്രീമതി. ഹേമലത പി.പി. | 01.04.2016മുതൽ<br>31.03.2017 വരെ |
| 11 | ഹെഡ് മിസ്ട്രസ്സ്,<br>ജി.വി.എച്ച്.എസ്.എസ്.,<br>കൊടുവള്ളി | ശ്രീമതി. വസന്ത കെ.കെ. | 01.04.2016 മുതൽ<br>02.06.2016 വരെ |
| | | ശ്രീമതി. രമാഭായി കെ. | 03.06.2016 മുതൽ<br>31.03.2017 വരെ |
| 12 | പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ. അജിത്ത് പി.ജി. | 01.04.2016 മുതൽ<br>31.03.2017 വരെ |
| 13 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.എം.പ്രശാന്ത് | 01.04.2016 മുതൽ<br>31.03.2017 വരെ |
| 14 | സൂപ്രണ്ട്,<br>മഹിളാമന്ദിരം | ശ്രീമതി ശ്രീജ സി.എം. | 01.04.2016 മുതൽ<br>31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് റിപ്പോർട്ട് – തുടർനടപടികൾ ഫലപ്രദമല്ല | 1-12 | |
| 13 | ആസ്തി രജിസ്റ്റർ | 1-13 | |
| 14 | ക്യാഷ് ബുക്ക് | 1-14 | |
| 15 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റ് | 1-15 | |
| 16 | നഗരസഭ നേരിടുന്ന വെല്ലുവിളികൾ | 1-16 | |
| ഭാഗം 2 | | | |
| 17 | വസ്തുനികതി നിർണ്ണയം | 2-1 | |
| 18 | തൊഴിൽ നികുതി - ബി എസ് എൻ എൽ സ്ഥാപന നികുതി ഒടുക്കിയില്ല. | 2-2 | |
| 19 | തൊഴിൽ നികുതി കുടിശ്ശിക - സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക | 2-3 | |
| 20 | ഡി&ഒ ലൈസൻസ് ഫീസ് പിരിവ് അപാകതകൾ | 2-4 | |
| 21 | നഗരസഭയ്ക്ക് വാടകയിനത്തിൽ 9,11,000 കുടിശ്ശിക | 2-5 | |
| 22 | പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ FF7 മുറിയുടെ വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയില്ല | 2-6 | |
| 23 | വാടക മുറിയുടെ ഡെപ്പോസിറ്റ് കുടിശ്ശിക 1,00,000 | 2-7 | |
| 24 | ടാക്സി, ടൂറിസ്റ്റ് സ്റ്റാന്റ് -ഫീസ് ഈടാക്കിയില്ല | 2-8 | |
| 25 | ലൈസൻസില്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നു. | 2-9 | |
| 26 | തനത് ആസ്തികളിൽ നിന്നുള്ള ഫീസ് പിരിവ് - വാർഷിക ലേലം നടത്തിപ്പിലെ അപാകതകൾ | 2-10 | |
| 27 | ലോറിയിടിച്ച് അപകടാവസ്ഥയിലായ കെട്ടിടം - പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ സാധന സാമഗ്രികൾ ലേലം ചെയ്തില്ല – നഗരസഭയ്ക്ക് നഷ്ടം | 2-11 | |
| 28 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോറിയിടിച്ച് അപകടാവസ്ഥയിലായ കെട്ടിടം - നഷ്ട പരിഹാരം ഈടാക്കിയില്ല | 2-12 | |
| 29 | നായകൾക്ക് ലൈസൻസ് നൽകലും പേപ്പട്ടി വിഷബാധ തടയലും - അംഗീകരിച്ച ബൈലോ പ്രകാരമുള്ള നടപടികൾ ആരംഭിച്ചില്ല-നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-13 | |
| 30 | നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-14 | |
| 31 | കെട്ടിട നിർമ്മാണ അപേക്ഷകൾ - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 2-15 | |
| 32 | സാധുതാ കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. | 2-16 | |
| 33 | കേരള സംസ്ഥാന തീര വികസന കോർപ്പറേഷൻ - 42-ാം വാർഡിൽ നിർമ്മിച്ച അംഗൻവാടി കെട്ടിടം - അനധികൃത നിർമ്മാണം | 2-17 | |
| 34 | തനത് ആസ്തികളിൽനിന്നുള്ള ഫീസ് പിരിവ് -സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല. | 2-18 | |
| 35 | ചെക്ക് രജിസ്റ്റർ അപൂർണ്ണം | 2-19 | |
| 36 | കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത കാണിക്കുന്നില്ല. | 2-20 | |
| ഭാഗം - 3 | | | |
| 37 | വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം | 3-1 | |
| | പെൻഷൻ കോൺട്രിബ്യൂഷൻ കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല. | | |

| | | | |
|---|---|---|---|
| 38 | | 3-2 | |
| 39 | ദിവസവേതന ജീവനക്കാരുടെ ഇ.പി.എഫ് - നഗരസഭ തുക ഒടുക്കിയത് - മുഴുവനും തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടില്ല. | 3-3 | |
| 40 | ഇ.പി.എഫ് മാസവിഹിതം ഒടുക്കാത്തതിനാൽ നഗരസഭയ്ക്ക് പിഴയും പലിശയും ഒടുക്കേണ്ടി വന്നു. | 3-4 | |
| 41 | സമയ പരിധി കഴിഞ്ഞിട്ടും യാത്രാപ്പടി അനുവദിച്ചു. സർക്കാർ ഉത്തരവുകളുടെ ലംഘനം. | 3-5 | |
| 42 | നഗരസഭാ ജീവനക്കാർ ഉയർന്ന പരിധിയിൽ കവിഞ്ഞ യാത്രാബത്ത കൈപ്പറ്റി- നഗരസഭാ ഫണ്ടിന് നഷ്ടം | 3-6 | |
| 43 | പ്രവർത്തന രഹിതമായ ബയോഗ്യാസ് പ്ലാന്റുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കിയത് | 3-7 | |
| 44 | നിരസിക്കുന്ന ചെക്കുകൾക്ക് ബാങ്ക് ചാർജ് - നഗരസഭാ ഫണ്ടിന് നഷ്ടം | 3-8 | |
| 45 | ലൈബ്രറി സെസ്സ് കുടിശ്ശിക ഒടുക്കാത്തത് സംബന്ധിച്ച് | 3-9 | |
| 46 | മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പെയിൻ-2016 നഗരസഭയിൽ കാര്യക്ഷമമല്ല | 3-10 | |
| 47 | ഉപയോഗ ശൂന്യമായ മാലിന്യ പ്ലാന്റുകൾ | 3-11 | |
| 48 | ലോറിയിടിച്ച് അപാകടാവസ്ഥയിലായ നഗരസഭാ കെട്ടിടം നഷ്ടപരിഹാരം ഈടാക്കിയില്ല – പൊളിച്ചുനീക്കുന്നതിന് മുൻകൂർ അനുവദിച്ച തുക തടസ്സപ്പെടുത്തിയത് | 3-12 | |
| 49 | തലശ്ശേരി നഗരസഭയിലെ സ്കൂളുകൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല | 3-13 | |
| 50 | പദ്ധതി നിർവ്വഹണം 2016-17 – പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 3-14 | |
| 51 | നഗരസഭാ വാർഡുകളിലേക്ക് ട്യൂബ് സെറ്റ് വാങ്ങൽ - ന്യൂനതകൾ | 3-15 | |
| 52 | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി - അപാകതകൾ | 3-16 | |
| 53 | ആരോഗ്യ വിഭാഗത്തിലേക്ക് വാഹനം വാങ്ങൽ - സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല. | 3-17 | |
| 54 | എ.ബി.സി. പദ്ധതി - നഗരസഭാ പരിധിയിൽ നടപ്പിലാക്കിയില്ല. | 3-18 | |
| 55 | ഖരമാലിന്യ സംസ്കരണത്തിന് എയറോബിക് ബയോബിൻ (തുമ്പൂർമൂഴി) സംവിധാനം - നിയമസഭാ സമിതിയുടെ ശുപാർശ നടപ്പിലാക്കിയിട്ടില്ല. | 3-19 | |
| 56 | സ്ത്രീകൾക്കായുള്ള യോഗപരിശീലനം - ആയുഷിന്റെ പങ്കാളിത്തം ഇല്ല | 3-20 | |
| 57 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകൽ - അപാകതകൾ | 3-21 | |
| 58 | പി.എം.എ.വൈ പദ്ധതി - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപാകതകൾ | 3-22 | |
| 59 | മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ തോണി വാങ്ങുന്നതിന് ധനസഹായം - ന്യൂനതകൾ | 3-23 | |
| 60 | ഗ്രോബാഗ് വിതരണം - അപാകതകൾ | 3-24 | |
| 61 | നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ട് രജിസ്റ്റർ , ടി.ആർ 7 എ ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല | 3-25 | |
| 62 | ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം - അപാകതകൾ | 3-26 | |
| 63 | പച്ചക്കറിത്തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല. | 3-27 | |
| 64 | സ്കൂളുകളിൽ ഷീപാഡ് വെന്റിങ്ങ് മെഷീൻ, ഷീപാഡ് ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. | 3-28 | |
| 65 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നില്ല- അപാകതകൾ ആവർത്തിക്കുന്നു | 3-29 | |
| 66 | സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ/അപാകതകൾ | 3-30 | |
| 67 | ഹോമിയോ മരുന്ന് - വരവ് വിവരം ലഭ്യമല്ല | 3-31 | |

| | | | |
|---|---|---|---|
| 68 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തലശ്ശേരി സബ് ജയിൽ ലൈബ്രറിയിലേക്ക് അലമാര, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകിയത് | 3-32 | |
| 69 | എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം ഓഫീസ് കെട്ടിടത്തിന്റെ റിപ്പയറിംഗ് - റൂഫിങ്ങ് പ്രവൃത്തിക്ക് അധികം നൽകിയ തുക നിരാകരിച്ചത് | 3-33 | |
| 70 | തെരുവ് വിളക്കുകൾക്ക് ലൈൻ വലിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമല്ല | 3-34 | |
| 71 | നായ്ക്കളുടെ വന്ധ്യംകരണം നടത്തുന്നതിന് സൗകര്യമൊരുക്കൽ - നാളിതുവരെ പദ്ധതി ലക്ഷ്യം കണ്ടില്ല | 3-35 | |
| 72 | ഭരണാനുമതി വാങ്ങാതെ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 3-36 | |
| 73 | റോഡ് നവീകരണത്തിന് ഫ്ലോറിങ്ങ് നിരക്ക് നൽകിയതിനാൽ നഷ്ടം | 3-37 | |
| | ഭാഗം 4 | | |
| 74 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 75 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 76 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 77 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 78 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 79 | ഓഡിറ്റ് റിക്കവറി | 4-6 | |
| 80 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 81 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 82 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 83 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 | |
| 84 | സ്ഥിര നിക്ഷേപങ്ങൾ/ഷെയർ സർട്ടിഫിക്കറ്റ്/ബോണ്ട്/സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക | അനുബന്ധം 2 | |
| 85 | വാർഷിക ധനകാര്യപത്രിക 2016 -17 | അനുബന്ധം 3 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

16,57,45,166 രൂപ മുന്നിരിപ്പും 53,80,80,000 രൂപ വരവും 61,31,51,000 രൂപ ചെലവും 9,06,74,166 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2016-17 വർഷത്തെ ബജറ്റ് 24.02.2016 തീയ്യതിയിലെയും 12,16,37,202 രൂപ മുന്നിരിപ്പും 69,10,07,000 രൂപ വരവും 69,85,41,000 രൂപ ചെലവും 11,41,03,202 രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2016-17 ലെ പുതുക്കിയ ബജറ്റ് 25.03.2017 തീയ്യതിയിലെയും പ്രത്യേക കൗൺസിൽ യോഗ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും ആണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കും ബജറ്റുമായുള്ള താരതമ്യം കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല.

2016-17 വർഷത്തെ വാർഷിക കണക്ക്, ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽനിന്നും താഴെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചെലവുകൾക്ക് ബജറ്റിൽ വകയിരുത്തൽ ഉണ്ടായതായി കണ്ടെത്താനായിട്ടില്ല. ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിലല്ലാതെ പഴയരീതിയിൽത്തന്നെയാണ് ബഡ്ജറ്റ്

തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പല ചെലവകൾക്കും ബഡ്ജറ്റിൽ വകയിരുത്തൽ കണ്ടെത്താൻ പ്രയാസം നേരിട്ടു. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 46/2016-17 തീയ്യതി 14.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വ്യക്തമായ ധാരണയിലെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തൽ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധനയിൽ വ്യക്തമാകാതിരുന്ന വാർഷിക കണക്കിലെ ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| SL No | Items | Expenditure as per 2016-17 Accounts | Schedule |
|---|---|---|---|
| 1. | Books and periodicals | 46,579 | RP-11 |
| 2. | Expenses related to collection of taxes | 7,953 | RP-12 |
| 3. | Other Finance expenses | 3,76,915 | RP-13 |
| 4. | Prevention of cruelty to animals | 1,00,000 | RP-14 |
| 5. | Development fund programmes – Public health and Sanitation | 38,26,333 | RP-14 |
| 6. | Sanction and distribute unemployment wages | 94,680 | RP-14 |
| 7. | Distribute government grants and subsidies | -28,550 | RP-14 |
| 8. | Programme Expenditures of transferred institutions – animal husbandry | 6,45,775 | RP- 14 |
| 9. | Programme expenditures of transferred institutions – homeopathy | 3,00,000 | RP -14 |
| 10. | Programme expenditures of transferred functions/ schemes – Others | 5,35,239 | RP – 14 |
| 11. | Contribution to Social Security Mission – General | 20,00,000 | RP- 16 |
| 12. | Reading rooms, Libraries, Periodicals – General | 58,950 | RP -45 |
| 13. | Arts, Culture, Sports and Youth welfare – Promotion – General | 92,554 | RP -45 |
| 14. | Arts, Culture, Sports and Youth welfare – Promotion | 1,18,851 | RP -45 |
| 15. | Health related programmes – General | 7,76,240 | RP -45 |
| 16. | Housing and House electrification-Individual - General | 7,03,080 | RP -45 |
| 17. | Welfare programme for the destitute -General | 3,54,000 | RP -45 |
| 18. | Plan formation, implementation, and monitorings – General | 3,49,759 | RP -45 |
| 19. | Local Government Service Delivery improvement – General | 3,62,290 | RP -45 |
| 20. | Transferred Institutions Service Delivery Improvement - General | 10,25,216 | RP -45 |
| 21. | Roads – General | 2,39,01,606 | RP-46 |
| | | | |

| | | | |
|---|---|---|---|
| 22. | Foot Bridges – General | 67,96,702 | RP-46 |
| 23. | Foot Bridges – SCP | 4,27,457 | RP-46 |
| 24. | Public Buildings – Local Government Office Building – General | 1,42,325 | RP-46 |
| 25. | Public Buildings – Other Buildings – General | 1,31,539 | RP-46 |
| 26. | Agriculture and related sectors- Coconut – General | 7,62,025 | RP-47 |
| 27. | Agriculture and related sectors- Vegitables – General | 22,49,052 | RP-47 |
| 28. | Agriculture and related sectors- Plantation – General | 34,874 | RP-47 |
| 29 | Agriculture and related sectors- Tuber crops – General | 60,975 | RP-47 |
| 30. | Agriculture and related sectors- Horticulture – General | 18,450 | RP -47 |
| 31. | Agriculture and related sectors-Pepper | 1,00,650 | RP – 47 |
| 32. | Animal Husbandary – Poultry – General | 2,24,000 | RP – 47 |
| 33. | Animal Husbandary Infrastructure | 1,54,780 | RP – 47 |
| 34. | Fisharies related Facilities | 5,71,600 | RP – 47 |
| 35. | Industrial training programmes | 67,279 | RP – 47 |
| 36. | Contribution to other Funds | 13,00,000 | RP – 15 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 31.05.2017 | 12.06.2017 | 01.08.2017 |

**വാർഷിക കണക്കുകൾ - അപാകതകൾ**

30.05.2017-ലെ എ1-15470/09 പ്രകാരം ഈ ഓഫീസിൽ സമർപ്പിച്ച തലശ്ശേരി നഗരസഭയുടെ 2016-17 ലെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കുവാൻ ഈ ഓഫീസിലെ 08.06.17, 01.08.17 തീയ്യതികളിലെ കെ.എസ്എ/ടി.എസ്.എം1/206/2017 നം കത്തുകൾ പ്രകാരം നഗരസഭ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അപാകതകൾ പൂർണ്ണമായും പരിഹരിക്കാതെയാണ് നഗരസഭാ സെക്രട്ടറി 31.07.2017 എ1-15470/09 കത്ത് പ്രകാരം 2016-17 ലെ വാർഷിക ധനകാര്യപത്രിക പുന:സമർപ്പിച്ചത്. (01.08.17 ൽ ഈ ഓഫീസിൽ കൈപ്പറ്റിയത്) പുന:സമർപ്പിച്ച വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ നോട്ട്സ് ടു അക്കൗണ്ട്സ്, ഫിനാൻഷ്യൽ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സ് എന്നിവ ഉൾപ്പെടുത്തേണ്ടതാണെങ്കിലും ആയത് ഉൾപ്പെടുത്തി കാണുന്നില്ല.
2. താഴെ പറയുന്ന എക്കൗണ്ട് നമ്പറുകൾ പ്രകാരമുള്ള 2015-16 വർഷത്തെ നീക്കിയിരിപ്പ് തുകകൾ 2016-17 വർഷത്തെ മുന്നിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | 2015-16 വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 2016-17 വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|
| PNB own Fund A/c No. 0104516696 | 1,35,68,671.40 | 1,35,45,110.40 | (-)23,571 |
| PNB A/c No. 1117 | 80,50,034 | 80,59,002 | (+) 8,968 |
| ആകെ വ്യത്യാസം | | | (-)14,603 |

3. ഷെഡ്യൂൾ RP-5-Sale of stores പ്രകാരം ആകെ വരവ് 12087 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ (150120100) പരിശോധിച്ചതിൽനിന്നും ' Sale of stores' എന്ന ഹെഡിൽ 5,53,934 രൂപ വരവ് വന്നിട്ടുള്ളതായാണ് കാണുന്നത്.

4. ഷെഡ്യൂൾ I-9 പ്രകാരം 'Recovery from Employees' എന്ന ഹെഡിൽ 2,13,350 രൂപയുടെ വരുമാനം ഉണ്ടെന്നു കാണുന്നു. എന്നാൽ റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഈയിനത്തിലെ പിരിവ് തുക എത്രയെന്ന് കാണിച്ചിട്ടില്ല.

5. 'ന്യൂസ് പേപ്പർ അഡ്വർടൈസ്മെന്റ് ചാർജ്ജ്' എന്ന ശീർഷകത്തിലുള്ള ലെഡ്ജർ (220600100) പരിശോധിച്ചതിൽനിന്നും ഈയിനത്തിൽ ആകെ 7,08,169 രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ ഷെഡ്യൂൾ RP-11-ൽ ചെലവായി ചേർത്തിരിക്കുന്ന തുക 7,05,595 രൂപയാണ്.

6. ഷെഡ്യൂൾ RP-19-ലെ അറ്റതുക പൂജ്യമോ നെഗറ്റീവ് സംഖ്യയോ ആയിരിക്കേണ്ടതാണ്. എന്നാൽ RP-19-ൽ 31,18,823 രൂപയാണ് ചേർത്തിരിക്കുന്നത്.

7. വസ്തുനികുതി, തൊഴിൽനികുതി (ഇൻസ്റ്റി/ഫൊഫ/ട്രേഡേഴ്സ്), ഡി.&ഒ ലൈസൻസ് ഫീസ്, സിവിക് അംനറ്റീസ് തുടങ്ങിയ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളുടെ അരിയർ കലക്ഷനും ബാലൻസും പ്രത്യേകം പ്രത്യേകമായി യഥാക്രമം RP-37, B-15 ഷെഡ്യൂളുകളിലായി ചേർത്തിട്ടുണ്ടെങ്കിലും അവയുടെ ഡിമാന്റ് ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ലാത്തതിനാൽ ഓരോയിനത്തിലും പിരിച്ചെടുക്കാനുള്ള തുകയെത്രയെന്ന് വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ വ്യക്തമാകുന്നില്ല.

8. Rent from Civic Ameneties - (Current) എന്ന ശീർഷക പ്രകാരമുള്ള ലെഡ്ജർ (431400101) പ്രകാരം കലക്ഷൻ തുക 11,47,749 രൂപയാണെന്നും RP-37 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന തുക 1,98,13,917 രൂപയാണെന്നും സൂചന (2) പ്രകാരമുള്ള കത്തിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ സാംഖ്യ വീണ്ടും പരിശോധിച്ചതിൽ നിന്നും ലഡ്ജർ പ്രകാരമുള്ള തുക 11,40,349 എന്ന് വ്യത്യാസം വന്നതായി കാണുന്നു. എന്നാൽ സാംഖ്യയിലെയും ലഡ്ജറിലെയും തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

9. ഷെഡ്യൂൾ I-3-യിൽ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഒരു വരുമാന ഇനമായി ചേർത്തിട്ടുണ്ടെങ്കിലും ഷെഡ്യൂൾ RP-3-യിൽ ഷോപ്പിംഗ് കോംപ്ലക്സ് വാടകയിലെ കലക്ഷൻ എത്രയെന്ന് ചേർത്തിട്ടില്ല.

10. ഷെഡ്യൂൾ I.-12(b) പ്രകാരം തനത് ഫണ്ടിൽ താഴെ കൊടുത്തിരിക്കുന്ന ചെലവുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും ഷെഡ്യൂൾ RP-12-ൽ ചെലവ് ഉൾപ്പെടുത്താതിരിക്കുകയോ ചെലവിൽ വ്യത്യാസം വരുത്തുകയോ ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | ചെലവിനം | I-12(b) | RP-12 |
|---|---|---|---|
| 1 | Repairs & Maintenance Road Pavements | 32,71,914 | ഉൾപ്പെട്ടിട്ടില്ല |
| 2 | Repairs & Maintenance Drainage | 4,950 | ഉൾപ്പെട്ടിട്ടില്ല |
| 3 | Repair & Maintenance Other infrasturcture Assets | 2,00,752 | 1,22,488 |
| 4 | Repair & Maintenance - Libraries | 4,93,158 | ഉൾപ്പെട്ടിട്ടില്ല |
| | | | |

| | | | |
|---|---|---|---|
| 5 | Repair & Maintenance Machinery | 31,289 | 18,939 |
| 6 | Industrial Training Programme General | 67,279 | ഉൾപ്പെട്ടിട്ടില്ല |

11. I-6 ഷെഡ്യൂളിലുള്ള ബി.-ഫണ്ട് വരവുകൾ എത്രയാണോ അത്രയും തുകയുള്ള ബി.-ഫണ്ട് ചെലവ് I-14 ഷെഡ്യൂളിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ബി.-ഫണ്ട് വരവു ചെലവുകളിൽ വ്യത്യാസം കാണുന്നു

| ഇനം | ഷെഡ്യൂൾ I-6 പ്രകാരം വരവ് | ഷെഡ്യൂൾ I-14 പ്രകാരം ചെലവ് |
|---|---|---|
| തൊഴിൽരഹിത വേതനം | 2,00,880 | 1,06,200 |
| വാർദ്ധക്യകാല പെൻഷൻ | 5,46,77,980 | 5,46,74,980 |

12. സ്ഥിര നിക്ഷേപങ്ങളിന്മേലുള്ള വരുമാനം 170-ൽ തുടങ്ങുന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്യേണ്ടതെങ്കിലും ആയത് അക്കൗണ്ട് ചെയ്യപ്പെട്ടതായി കാണുന്നില്ല. നഗരസഭയിൽ സ്ഥിരനിക്ഷേപം ഉണ്ടോയെന്നും ഉണ്ടെങ്കിൽ മേൽ ഹെഡിൽ അക്കൗണ്ട് ചെയ്യപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

13. ബാങ്ക് പാസ്സ്ബുക്ക്/എ.സി.ആർ എന്നിവയിലെ മുന്നിരിപ്പ് തുകകൾ RP-40(a) യിലെ മുന്നിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നമ്പർ | RP-40(a) പ്രകാരം 1.4.16-ലെ മുന്നിരിപ്പ് | പാസ്സ്ബുക്ക്/എ.സി.ആർ. പ്രകാരം 1.4.16-ലെ മുന്നിരിപ്പ് |
|---|---|---|
| TPA 216 | 5,12,69,439.00 | 5,38,32,911.00 |
| 4350000104520149 (UIDSSMT) | 1,23,33,065.00 | 1,23,33,013.87 |
| MFA V -KLGSDP (World Bank Fund) | 0.00 | 83,56,437.00 |

റീകൺസിലിയേഷൻ നടത്തി വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

താഴെ കൊടുത്തിരിക്കുന്ന പേരുകളിലുള്ള/നമ്പറുകളിലുള്ള ബാങ്ക് പാസ്സ്ബുക്കുകൾ ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

a) PNB own fund A/c No. 0104516696 (17.3.17 മുതലുള്ള പാസ്സ്ബുക്കാണ് ലഭ്യമാക്കിയത്)

b) SBI Own Fund A/c No. 10618536515 (4.7.16 മുതലുള്ള പാസ്സ്ബുക്കാണ് ലഭ്യമാക്കിയത്)

c) Dhanalakshmi Bank A/c No. 128115439

d) TPA 163

e) TPA-143

f) TMF

g) TPA 262

h) TPA 190

i) Indian Bank (IHSDP) A/c No. 722254105

j) ICICI (സ്വച്ഛ്ഭാരത്) A/c No. 046205000742 (10.10.16 തീയ്യതി മുതലുള്ള പാസ്സ്ബുക്കാണ് ലഭ്യമാക്കിയത്)

13. ബാങ്ക് പാസ്സ്ബുക്ക്/എ.സി.ആർ എന്നിവയിലെ നീക്കിയിരിപ്പു തുകകൾ RP-40(b)യിലെ നീക്കിയിരിപ്പു തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര.നം. | അക്കൗണ്ട് നമ്പർ | RP-40(b) പ്രകാരം 31.3.17-ലെ നീക്കിയിരിപ്പ് | പാസ്സ്ബുക്ക്/എ.സി.ആർ പ്രകാരം 31.3.17-ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | PNB Own Fund A/c No. 0104516696 | 4,94,66,819.40 | 4,65,51,559.76 |
| 2 | TPA 216 (ശുചിത്വ മിഷൻ) | 13,80,763.00 | 5,47,00,803.00 |
| 3 | TSB 14/386 | 80,04,755.00 | 81,04,568.00 |
| 4 | ICICI 0742 (Swachh Barath) | 3,23,570.00 | 4,09,770.00 |
| 5 | MF/MCF II (a) Development Fund (General) | 0.00 | 1,88,94,491.00 |
| 6 | MF/MCF II (b) Development Fund (SCP) | 0.00 | 10,32,631.00 |
| 7 | MFA III Maintenance (Road and Non Road) | 0.00 | (R) 2,58,11,624.00<br>(N.R) 42,97,515.00 |
| 8 | MFA IV - 14th Finance Commission | 0.00 | 5,53,37,997.00 |
| 9 | MFA V KLGSDP (WB) | 0.00 | 1,25,03,317.00 |

15. താഴെ കൊടുത്തിരിക്കുന്ന പേരുകളിലുള്ള/നമ്പരുകളിലുള്ള പാസ്സ്ബുക്കുകൾ ഹാജരാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

a) Dhanalakshmi Bank A/c. No. 128115439

b) TPA – 163

c) TPA – 143

d) TMF

e) TPA – 262

f) TPA – 190

g) Dhanalakshmi Bank A/c No. 72254105(IHSDP)

16. ഷെഡ്യൂൾ B-4-ൽ കാണിച്ചിരിക്കുന്ന ഫണ്ടുകളുടെ കൃത്യത എ.സി.ആർ-ന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.

17. പ്രീപെയ്ഡ് എക്സ്പെൻസസ് എന്ന ഷെഡ്യൂൾ അക്കൗണ്ടിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

18. B-18 ഷെഡ്യൂളിൽ Housing Loan to employees എന്ന ഹെഡിൽ 29329 രൂപ നെഗറ്റീവ് എൻട്രിയായി വരുന്നത് മതിയായ പ്രൊവിഷൻ രേഖപ്പെടുത്താതെ റസീറ്റ് ചെയ്തതിനാലാണ്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണം വരുത്തേണ്ടതാണ്.

19. ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിച്ചതും എന്നാൽ പ്രവൃത്തി പൂർത്തിയാകാത്തതുമായ പ്രൊജക്ടുകളുടെ വിവരങ്ങൾ B-11(a) എന്ന ഷെഡ്യൂളിലാണ് ഉൾപ്പെടുത്തേണ്ടത്. B-11ഷെഡ്യൂളിൽ പൂർത്തീകരിച്ച ആസ്തികളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ മുനിസിപ്പൽ ഫണ്ട്, വികസന ഫണ്ട്, UIDSSMT തുടങ്ങിയവകൊണ്ട് പൂർത്തിയായിവരുന്ന ആസ്തികളുടെ വിവരങ്ങൾ B-11 ഷെഡ്യൂളിൽ ചേർത്തിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

20. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് അബ്സ്ട്രാക്റ്റിൽ Net Balance being deficit carried over to Balance sheet (Municipal Fund) എന്ന കോളത്തിൽ തുകയൊന്നും ചേർത്തിട്ടില്ല.

21. ബാലൻസ് ഷീറ്റിൽ Excess of Income over Expenditure എന്നത് തൊട്ട് തലേ വർഷത്തെ ബാലൻസ് ഷീറ്റിൽ 310900100 Excess of income over Expenditure ഹെഡിൽ ബാക്കിയുണ്ടായിരുന്ന തുകയോട് തൻവർഷത്തെ ആകെ വരവ് കൂട്ടി തൻവർഷത്തെ ആകെ ചെലവ് കുറച്ചതിനുശേഷം ലഭിക്കുന്ന തുകയാണ്. ആയത് പ്രകാരം ലഭിക്കേണ്ട തുക കണക്കാക്കിയത് ചുവടെ ചേർക്കുന്നു.

| | |
|---|---|
| Excess income over Expenditure as per 2015-16 AFS | 4,33,828.00 |
| Total Income in 2016-17 as per Income & Expenditure Statement | (+) 37,72,35,956.00 |
| Total Expenditure in 2016-17 as per Income & Expenditure Statement | (-) 36,80,16,859.00 |
| Total | 96,52,925.00 |

96,52,925.00 രൂപയാണ് ഇത് പ്രകാരം ലഭിക്കേണ്ടതെങ്കിലും B-1 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന തുക 61,00,274 രൂപയാണ്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 6-6-2017 മുതൽ 8-6-2017 വരെയും 23-8-2017 മുതൽ 25-8-2017 വരെയും | കെ.എസ്.എ . ടി.എസ്.എം1/452/2017തീയ്യതി.30.11.2017 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,16,37,202.52 |
| വരവ് | 50,74,95,937.00 |
| ആകെ | 62,91,33,139.52 |
| ചെലവ് | 40,08,72,586.00 |
| നീക്കിയിരിപ്പ്- | 22,82,60,553.52 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6,72,98,102 | 6,72,98,102 | 4,84,03,611 | 1,88,94,491 | 71.92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 68,73,450 | 68,73,450 | 58,40,819 | 10,32,631 | 84.98 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 1,68,71,292 | 1,68,71,292 | 1,25,73,777 | 42,97,515 | 74.53 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 4,05,58,929 | 4,05,58,929 | 1,47,47,305 | 2,58,11,624 | 36.36 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8,75,27,844 | 8,75,27,844 | 3,21,89,847 | 5,53,37,997 | 36.78 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2,83,56,437 | 2,83,56,437 | 78,53,120 | 2,05,03,317 | 27.69 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 9,35,774 | 34,532 | 9,70,306 | 12,000 | 9,58,306 | 1.24 |
| ബി ഫണ്ട് | 0 | 10,61,37,941 | 10,61,37,941 | 10,61,37,941 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (ഭാഗികമായി നടപ്പാക്കിയതുൾപ്പെടെ) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|

| (എണ്ണം) | | | | | |
|---|---|---|---|---|---|
| 553 | 50,06,92,086 | 248 | 12,16,08,479 | 305 | 44.84 |

അംഗീകാരം ലഭിച്ച 553പദ്ധതികളിൽ 343 എണ്ണം പുതിയ പദ്ധതികളും 210 എണ്ണം സ്പിൽ ഓവർ പദ്ധതികളുമാണ്. മേൽ പറഞ്ഞ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഉൽപ്പാദന മേഖലയിൽ 31-ഉം സേവന മേഖലയിൽ 157-ഉം പശ്ചാത്തല മേഖലയിൽ 365-ഉം വീതം പദ്ധതികളാണുള്ളത്. പട്ടികജാതി വിഭാഗത്തിൽ 23 പദ്ധതികളാണുള്ളത്.

# 1-7 തനത് വരുമാനം

തലശ്ശേരി നഗരസഭാ സെക്രട്ടറി ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകളും രേഖകളും പ്രകാരം നഗരസഭയ്ക്ക് മുൻവർഷത്തേക്കാൾ ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.29 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6,34,42,288 | 10,26,41,290 | 3,91,99,002 | +61.79 |
| നികുതിയേതര വരവുകൾ | 5,76,01,810 | 4,71,75,135 | 1,04,26,675 | -18.10 |
| മറ്റുവരവുകൾ | 2,76,28,330 | 1,11,87,917 | 1,64,40,413 | -59.50 |
| ആകെ | 14,86,72,428 | 16,10,04,342 | 1,23,31,914 | +8.29 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,82,040 | 118 |
| കർഷകത്തൊഴിലാളി പെൻഷൻ | 19,95,160 | 224 |
| വിധവാപെൻഷൻ | 2,97,16,980 | 2850 |
| വാർദ്ധക്യകാലപെൻഷൻ | 5,46,77,980 | 6113 |
| വികലാംഗപെൻഷൻ | 65,63,635 | 733 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,02,99,800 | 942 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 16,20,000 | 54 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2017-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,05,951 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

**തൻപതിവേട് സംബന്ധിച്ച വിശദാംശങ്ങൾ**

ജീവനക്കാർ തൻപതിവേട് സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കുറ്റമറ്റ രീതിയിൽ എഴുതി വരുന്നില്ല. സെക്ഷനുകളിൽ ലഭിച്ച മുഴുവൻ തപാലുകളും തൻപതിവേടിൽ ചേർക്കുന്നില്ല. രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ തൻപതിവേട് രജിസ്റ്ററുകൾ പ്രതിമാസം പരിശോധിക്കുന്നില്ല.

**സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

ഓഡിറ്റ് കാലയളവിൽ സ്റ്റാഫ് മീറ്റിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകൾ**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചുമത്തൽ) ചട്ടങ്ങളിലെ ചട്ടം 12 (1) പ്രകാരം നഗരസഭ സൂക്ഷിക്കേണ്ട ഫോറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ അപൂർണ്ണമാണ്. ആവശ്യമായ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ചട്ടം 13 പ്രകാരം സൂക്ഷിക്കേണ്ട ഫോറം - 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ല. ചട്ടം 20 (1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച/നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (ഫോറം - 10 ൽ ) നഗരസഭ സൂക്ഷിച്ചിട്ടില്ല.

ചട്ടം 21 (3) പ്രകാരം ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ (ഫോറം 11 ൽ ) നഗരസഭ സൂക്ഷിച്ചിട്ടില്ല.

**ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്റർ**

നഗരസഭയിൽ സ്വീകരിക്കുന്ന അപേക്ഷകൾ ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും 20.06.2007-ലെ 24136/ആർ.എ.1/2007/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിലെ ഫോറത്തിലല്ല രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്. ക്രമവൽക്കരണ രജിസ്റ്ററുകളും അനുബന്ധം ജെ-യിലെ ഫോറത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്.

**ക്ഷേമപെൻഷൻ രജിസ്റ്റർ**

ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയ്യതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന തീയ്യതി, തിരികെ ഏൽപ്പിച്ച തീയ്യതി, പെൻഷൻ ഏത് തീയ്യതി മുതൽ നൽകിത്തുടങ്ങി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവറി ഇനത്തിൽ പിടിക്കുന്ന പി.എഫ് പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം ഒടുക്കുന്നില്ല. തൻമൂലം നഗരസഭക്ക് പിഴയൊടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.2015 മുതൽ 07.08.2015 വരെ | 2014-15 | 14.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.02.2017 മുതൽ 03.03.2017 വരെ | 2011-12 മുതൽ 2015-16 വരെ | 29.04.2017 |

# 1-12 ഓഡിറ്റ് റിപ്പോർട്ട് - തുടർനടപടികൾ ഫലപ്രദമല്ല.

ഓഡിറ്റ് റിപ്പോർട്ടിൽ വേണ്ടവിധം തുടർനടപടികൾ നഗരസഭ സ്വീകരിച്ച് വരുന്നില്ല. 1973-74 മുതൽ 2015-16

വരെ 45 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പ് കല്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. വർഷങ്ങളായി കുടിശ്ശികയായി കിടക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പ് കല്പിക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് ഫലപ്രദമായ നടപടി എടുത്ത് കാണുന്നില്ല. ഓഡിറ്റ് അദാലത്തുകൾ നടത്തി കഴിയുന്നത്ര തടസ്സങ്ങൾ പരിഹരിക്കുന്നതിന് നഗരസഭക്ക് ഈ ഓഫീസിൽനിന്നും നിർദ്ദേശം നൽകി വരാറുണ്ടെങ്കിലും ഫലപ്രദമായ നടപടികളൊന്നും നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. നഗരസഭയിൽ സൂപ്രണ്ടും ഒരു ക്ലാർക്കും ഉൾപ്പെട്ട ഓഡിറ്റ് സെൽ രൂപീകരിക്കണമെന്നും എല്ലാ ഓഡിറ്റ് വിഭാഗങ്ങൾക്കും രേഖകൾ നൽകുകയും ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ സമയബന്ധിതമായി കൈക്കൊള്ളുകയും ചെയ്യേണ്ട ചുമതല നിറവേറ്റണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2005-ലെ ജി.ഒ.(ആർ.ടി.)2810/05 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

## 1-13 ആസ്തി രജിസ്റ്റർ

തദ്ദേശ സ്വയം ഭരണ(ഡിബി) വകുപ്പിന്റെ 06-08-2012ലെ 212/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടുമായി യോജിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് സ്ഥാപനത്തിലെ ആസ്തികളുടെ പൂർണ്ണവിവരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള എഞ്ചിനീയർ/ഓവർസീയർമാർ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തലശ്ശേരി നഗരസഭയിൽ 31-03-2013 വരെയുള്ള വിവരങ്ങൾ കാണിക്കുന്ന ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2013-14 സാമ്പത്തികവർഷം മുതൽ നാളിതുവരെ നഗരസഭ സൃഷ്ടിച്ചിട്ടുള്ള ആസ്തികളെ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14/11/2016 ലെ സ.ഉ.(കൈ) 167/2016 നമ്പർ പ്രകാരം സചിത്ര സോഫ്റ്റ് വെയറിലെ 31-03-2016 വരെയുള്ള ആസ്തികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും 2016 ഡിസംബർ 15നകം ഡിജിറ്റലൈസ് ചെയ്യേണ്ടതാണെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും റോഡ്-റോഡിതര ആസ്തികളുടേയും കൃത്യമായ വിവരം നഗരസഭയിൽ ലഭ്യമല്ല. ആയതുകൊണ്ട് നഗരസഭാ പ്രദേശത്ത് അനധികൃത കൈയ്യേറ്റം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ നഗരസഭയിലെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 കേഷ് ബുക്ക്

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം കേഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എല്ലാ പണം വരവുകളും ചെലവുകളും രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ അക്കൗണ്ടന്റ് സൂക്ഷിക്കേണ്ടതാണ്. ബേങ്കിലൊടുക്കുവാൻ ബാക്കിയുള്ളതും വിതരണം ബാക്കിയുള്ളതുമായ എല്ലാ തുകകളുടെയും വിവരവും നീക്കിയിരിപ്പും പരിശോധിച്ച് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ (എഎ) വകുപ്പിന്റെ 02-05-2012 ലെ ജി.ഒ(എം. എസ്)118/2012/എൽ.എസ്.ജി.ഡി നം ഉത്തരവ് പ്രകാരം അക്കൗണ്ടന്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഓരോ ദിവസവും കേഷ് ബുക്കും ബാങ്ക് ബുക്കും പ്രിന്റൗട്ട് എടുക്കുകയും ആയത് സൂപ്രണ്ടിനെയും സെക്രട്ടറിയെയും കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. കേഷ് ബുക്കിന്റെ പ്രിന്റൗട്ടിൽ അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-15 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റ്

തലശ്ശേരി നഗരസഭയുടെ കീഴിലുള്ള ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി | ഓഡിറ്റ് റിപ്പോർട്ട് നം., തീയ്യതി |
|---|---|---|

| | | |
|---|---|---|
| 1. | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ഗവ.ഹോമിയോ ഡിസ്പെൻസറി, കോടിയേരി. | കെ.എസ്.എ.ടിഎസ്.എം1/195/2017, തീയ്യതി 27.05.2017 |
| 2. | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, പ്രാഥമിക ആരോഗ്യ കേന്ദ്രം, കോടിയേരി, തലശ്ശേരി | കെ.എസ്.എ.ടിഎസ്.എം1/428/2017, തീയ്യതി 28.10.2017 |
| 3. | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, പ്രാഥമിക ആരോഗ്യ കേന്ദ്രം, ചാലിൽ , തലശ്ശേരി | കെ.എസ്.എ.ടിഎസ്.എം1/429/2017, തീയ്യതി 30.10.2017 |
| 4. | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ഗവ.ആയുർവേദ ആശുപത്രി, തലശ്ശേരി | കെ.എസ്.എ.ടിഎസ്.എം1/430/2017, തീയ്യതി 30.10.2017 |
| 5. | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, ഗവ.ഹോമിയോ ഡിസ്പെൻസറി തലശ്ശേരി. | കെ.എസ്.എ.ടിഎസ്.എം1/424/2017, തീയ്യതി 31.10.2017 |

# 1-16 നഗരസഭ നേരിടുന്ന വെല്ലുവിളികൾ

1866 നവംബർ 1ം തീയ്യതി നിലവിൽവന്ന തലശ്ശേരി നഗരസഭക്ക് പല മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന് നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ വ്യക്തമാകുന്നു. വിവിധ മേഖലകളിൽ/വിഷയങ്ങളിൽ നഗരസഭയ്ക്ക് തന്നെ ബോധ്യം വന്നിട്ടുള്ള വെല്ലുവിളികളുടെയും പ്രശ്നങ്ങളുടെയും പരിമിതികളുടെയും ഒരു സംക്ഷിപ്തം താഴെ കൊടുക്കുന്നു (അവലംബം - വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട്, നഗരസഭ കൗൺസിൽ അംഗീകരിച്ച പദ്ധതികൾ, വികസനരേഖ, നഗരസഭ ലഭ്യമാക്കിയ മറ്റ് ഫയലുകൾ). ഈ വെല്ലുവിളികൾ/പരിമിതികൾ/ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ നഗരസഭാ കൗൺസിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| മേഖല | നഗരസഭ നേരിടുന്ന പ്രശ്നങ്ങൾ/പരിമിതികൾ വെല്ലുവിളികൾ |
|---|---|
| പൊതുഭരണവും ധനകാര്യവും | • ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമല്ല.<br>• ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഓഫീസ് സൗകര്യങ്ങൾ പര്യാപ്തമല്ല. |
| കാർഷിക മേഖല | • മതിയായ ജലസേചന സൗകര്യമില്ല.<br>• കൃഷിഭൂമിയുടെ തരിശുവൽക്കരണം<br>• കാർഷികോൽപന്ന വിതരണ സംവിധാനങ്ങളുടെ അപര്യാപ്തത<br>• വർദ്ധിച്ചുവരുന്ന ചെലവുകൾ<br>• തൊഴിലാളികളുടെ ലഭ്യതക്കുറവ് |
| മൃഗസംരക്ഷണം/ ക്ഷീരവികസനം | • കാലിത്തീറ്റയുടെ വിലവർദ്ധനവ്<br>• മേച്ചിൽപ്പുറങ്ങളുടെ അഭാവം<br>• എ.ബി.സി.പദ്ധതി നടപ്പാക്കാൻ സാധിക്കാത്തത് |
| പ്രാദേശിക വികസനം | • വ്യവസായ വികസനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം<br>• ഉൽപന്നങ്ങളുടെ വിപണന സംവിധാനത്തിന്റെ അപര്യാപ്തത<br>• പരിശീലനങ്ങളുടെ കുറവ് |
| മത്സ്യബന്ധനം | • ശോഷിക്കുന്ന മത്സ്യസമ്പത്ത്<br>• കടൽക്ഷോഭം, മണ്ണൊലിപ്പ്<br>• അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ |

| | |
|---|---|
| | • തൊഴിലാളികളുടെ ലഭ്യതക്കുറവ് |
| ദാരിദ്ര്യ ലഘൂകരണം | • അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല<br>• സ്വയംതൊഴിൽ സംരഭങ്ങളുടെ കുറവ്<br>• സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണങ്ങളുടെ കുറവ് |
| സാമൂഹ്യക്ഷേമം | • വൃദ്ധജനങ്ങൾക്ക് ആവശ്യമായ പരിചരണം ലഭിക്കുന്നില്ല.<br>• ബഡ്സ് സ്കൂളുകളുടെ അപര്യാപ്തത<br>• അംഗപരിമിതർക്ക് ആവശ്യമായ തൊഴിൽ പരിശീലനം ലഭിക്കുന്നില്ല.<br>• ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ.<br>• മൂന്നാംലിംഗക്കാരുടെ സ്ഥിതിവിവരകണക്കുകൾ നഗരസഭയിൽ ലഭ്യമല്ല. |
| വനിത/ ശിശുക്ഷേമം | • തൊഴിലധിഷ്ഠിത വിദ്യാഭസത്തിന്റെ കുറവ്<br>• തൊഴിലവസരങ്ങളുടെ കുറവ്<br>• സാമ്പത്തിക സ്വാശ്രയത്വം ഇല്ലായ്മ<br>• മതിയായ സൗകര്യമുള്ള അംഗണവാടി കെട്ടിടങ്ങളുടെ അപര്യാപ്തത<br>• വർഷങ്ങൾക്ക് മുമ്പ് നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട മാതൃകാ അംഗണവാടി കെട്ടിടം ആരംഭിക്കാൻ സാധിക്കാത്തത്. |
| പട്ടികജാതി വികസനം | • സാമ്പത്തിക പരാധീനതകൾ കാരണം പട്ടികജാതി വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നടത്തുന്നില്ല.<br>• വീടുകളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യപ്തത<br>• പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണത്തിന്റെ അപര്യാപ്തത |
| ആരോഗ്യം | • ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥലപരിമിതി<br>• ആരോഗ്യസ്ഥാപനങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത<br>• മരുന്നുകളുടെ വിലക്കയറ്റം<br>• മരുന്നുകളുടെ ലഭ്യതക്കുറവ്<br>• ജീവിതശൈലീ രോഗങ്ങളുടെ ആധിക്യം |
| ശുചിത്വം | • പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം പര്യാപ്തമല്ല.<br>• പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂണിറ്റിന്റെ അഭാവം<br>• പ്രവർത്തനരഹിതമായ ബായോഗ്യാസ് പ്ലാന്റുകൾ<br>• ബോധവത്കരണത്തിന്റെ അഭാവം<br>• ഉറവിട മാലിന്യസംസ്കരണ പദ്ധതികൾ പൂർണ്ണമായി വിജയിപ്പിക്കാൻ സാധിക്കാത്തത്.<br>• മലിനജലം ഓടയിലേക്ക് ഒഴുക്കിവിടുന്നതിനെതിരെയും പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെയും നഗരസഭ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ല. |
| വിദ്യാഭ്യാസം, കല, സാംസ്കാരം, യുവജനക്ഷേമം | • പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത്<br>• പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത |

| | |
|---|---|
| | • അക്കാദമിക്ക്തലം മെച്ചപ്പെടുത്താൻ സാധിക്കാത്തത്.<br>• കലാരംഗത്തും കായിക രംഗത്തും കൃത്യമായ രീതിയിൽ ഇടപെടലുകൾ നടത്താൻ സാധിക്കുന്നില്ല.<br>• നൈപുണ്യവികസനത്തിനുള്ള പദ്ധതികളുടെ അപര്യാപ്തത |
| പാർപ്പിടം | • ഭൂമിയുടെ ലഭ്യതക്കുറവ്<br>• വർദ്ധിച്ചുവരുന്ന നിർമ്മാണ ചെലവ്<br>• നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം<br>• എകീകൃതമല്ലാത്ത സബ്സിഡി |
| കുടിവെള്ളം | • നഗരസഭയിൽ കേരള ജല അതോരിറ്റിയുടെ കണക്ഷനുകൾ അപര്യാപ്തമാണ്.<br>• പൊതുടാപ്പുകൾ ആവശ്യത്തിനില്ല.<br>• കുടിവെള്ള പദ്ധതികളുടെ കിണറുകൾ വേനൽക്കാലത്ത് വറ്റിവരളുന്നു.<br>• ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണത്തിന്റെ അഭാവം<br>• ജലസംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യമായ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്തത് |
| പൊതുമരാമത്ത്/ നഗരാസൂത്രണം | • വീതിയുള്ള റോഡുകളുടെ അഭാവം<br>• പാരലൽ റോഡുകളുടെയും റിങ്ങ് റോഡുകളുടെയും അഭാവം<br>• പാർക്കിങ്ങ് സൗകര്യങ്ങളുടെ അഭാവം<br>• ശാസ്ത്രീയമായ ഡ്രെയിനേജ് സിസ്റ്റത്തിന്റെ അഭാവം<br>• മാസ്റ്റർപ്ലാൻ പുതുക്കിയിട്ടില്ല. |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയം

25.07.2017 ലെ 32/2016-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തലശ്ശേരി നഗരസഭ സെക്രട്ടറി സമർപ്പിച്ച മറുപടി പ്രകാരം തലശ്ശേരി നഗരസഭയിൽ 52 വാർഡുകളിലായി 36,482 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ 35,510 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം പൂർത്തിയാക്കിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 972 കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാൻ ബാക്കി നിൽക്കുന്നുണ്ട്. നഗരസഭ സൂക്ഷിച്ചതും ഓഡിറ്റിന് ലഭ്യമാക്കിയതുമായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. 36,394 കെട്ടിട ഉടമകളിൽ 10,328 കെട്ടിട ഉടമകൾ മാത്രമാണ് ചട്ടം 11 (2) പ്രകാരം ഫോറം - 2 ൽ നഗരസഭാ സെക്രട്ടറിക്ക് മുമ്പാകെ വസ്തുനികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. ചട്ടം 11 (4) പ്രകാരം ഫോറം - 3 ൽ സൂക്ഷിക്കേണ്ട വസ്തുനികുതി റിട്ടേൺ രജിസ്റ്റർ നഗരസഭ സൂക്ഷിക്കാത്തതിനാൽ 10,328 കെട്ടിട ഉടമകൾ വസ്തുനികുതി റിട്ടേൺ സമർപ്പിച്ചിട്ടുണ്ട് എന്ന സെക്രട്ടറിയുടെ മറുപടിയുടെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. റിട്ടേൺ സമർപ്പിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ ചട്ടം 11 (7) പ്രകാരം സ്വീകരിക്കേണ്ട നടപടികളൊന്നുംതന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല. അനുവദിക്കപ്പെട്ട സമയപരിധിക്കകം റിട്ടേൺ സമർപ്പിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ പിഴ ചുമത്താത്തത് വഴി നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

2. രേഖകൾ പരിശോധിച്ചപ്പോൾ നഗരസഭയിലെ മുഴവൻ കെട്ടിടങ്ങളുടെയും കെട്ടിട നികുതി പരിഷ്കരണം നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. ഉദാഹരണത്തിന് ശ്രീമതി.വി.കെ.മാധവിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ [കെട്ടിട നമ്പർ 31/172 (പഴയത്) അസസ് മെന്റ് നമ്പർ 31712] 2014-15 വർഷം വരെയുള്ള നികുതി നഗരസഭയിൽ ഒടുക്കിയതായി രേഖകളുണ്ട്. എന്നാൽ നിലവിൽ ഈ കെട്ടിടം സംബന്ധിച്ച് യാതൊരു വിവരവും നഗരസഭയിൽ ലഭ്യമല്ല.
3. ചട്ടം 12 (1) പ്രകാരം നഗരസഭ സൂക്ഷിക്കേണ്ട ഫോറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്റർ അപൂർണ്ണമാണ്. ആവശ്യമായ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
4. ഘടനാപരമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഫോറം - 6 ലുള്ള വസ്തുനികുതി വിവരശേഖരണം സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചട്ടം 12 (4) ൽ അനുശാസിക്കുംപ്രകാരം കെട്ടിട ഉടമ സമർപ്പിച്ച നികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയല്ല വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഘടനാപരമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ സംബന്ധിച്ച സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല.
5. ചട്ടം 13 പ്രകാരം സൂക്ഷിക്കേണ്ട ഫോറം - 8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ല.
6. ചട്ടം 20 (1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച/നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (ഫോറം - 10 ൽ ) നഗരസഭ സൂക്ഷിച്ചിട്ടില്ല.
7. ചട്ടം 21 (3) പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ (ഫോറം 11 ൽ ) നഗരസഭ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങളിലേക്ക് നഗരസഭയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തൊഴിൽ നികുതി 2016-17 - ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

2016-17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും തലശ്ശേരി നഗരസഭ ബി.എസ്.എൻ.എൽ-ന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (2) അനുസരിച്ച് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും കമ്പനികളും ബിസിനസ് നടത്തുന്നവരും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്.

സ്ഥാപന തൊഴിൽനികുതി ഒടുക്കുന്നത് ഒഴിവാക്കി കിട്ടുന്നതിനായി ബി.എസ്.എൻ.എൽ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള (WP (c) 1667/06 കേസിന്റെ അന്തിമ വിധിയിൽ ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽ നികുതി അടക്കുന്നതിന് ബാധ്യമല്ല എന്ന വാദം ഹൈക്കോടതി തള്ളുകയുണ്ടായി. ഈ സാഹചര്യത്തിൽ മേൽ ചട്ടങ്ങൾ പ്രകാരം ബി.എസ്.എൻ.എൽ-ന് സ്ഥാപന തൊഴിൽനികുതി ചുമത്തേണ്ടതും ആയത് ഈടാക്കി ഒടുക്കേണ്ടതുമാണ്.

കേരള തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(2) അനുസരിച്ച് നഗരസഭാ പരിധിയിലുള്ള ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് സ്ഥാപന തൊഴിൽനികുതി ചുമത്തേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ടുള്ള കുറിപ്പ് ബന്ധപ്പെട്ട ആർഐ/ബിസി മാർക്ക് നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിട്ടുണ്ട്.

## 2-3 തൊഴിൽ നികുതി കുടിശ്ശിക –2015-16 വർഷം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ തൻവർഷവും ഒടുക്കിയിട്ടില്ല.

2015-16 വർഷത്തെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ആ വർഷത്തെ തൊഴിൽ നികുതി

ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയ നഗരസഭയിലെ ചില സ്ഥാപനങ്ങൾ 2016-17 വർഷവും ആയത് ഒടുക്കിയതായി കാണുന്നില്ല. തൻവർഷവും കുടിശ്ശിക ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നം | വാർഡ് നം / കെട്ടിട നമ്പർ | സ്ഥാപനം | 2015-16 വർഷത്തെ കുടിശ്ശിക |
|---|---|---|---|
| 1 | 12/4 | ബെസ്റ്റ് നേഴ്സറി സ്കൂൾ | I<sup>st</sup> & II<sup>nd</sup>അർദ്ധവർഷങ്ങൾ |
| 2 | 32/3 | ടെൽകോ എെസ് & കോൾഡ് സ്റ്റോറേജ് | I<sup>st</sup> & II<sup>nd</sup>അർദ്ധവർഷങ്ങൾ |
| 3 | 44/18 | നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് | I<sup>st</sup> & II<sup>nd</sup>അർദ്ധവർഷങ്ങൾ |
| 4 | 44/21 | മെട്രോബസാർ സൂപ്പർ മാർക്കറ്റ് | I<sup>st</sup> & II<sup>nd</sup>അർദ്ധവർഷങ്ങൾ |
| 5 | 46/92 | മഹേഷ് ജെൻസ് ഫാഷൻ | I<sup>st</sup> & Ii<sup>nd</sup>അർദ്ധവർഷങ്ങൾ |
| 6 | 46/95 | എൽ.ബി.എസ് | I<sup>st</sup> & Ii<sup>nd</sup>അർദ്ധവർഷങ്ങൾ |
| 7 | 46/96 | ബ്രില്യന്റ് അക്കാദമി | I<sup>st</sup> & Ii<sup>nd</sup>അർദ്ധവർഷങ്ങൾ |

തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കാലികമല്ലാത്തതിനാൽ മുൻവർഷങ്ങളിൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽനിന്ന് ആയത് പിരിച്ചെടുത്തത് സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല. പിരിച്ചെടുക്കാൻ ബാക്കിയായ തൊഴിൽ നികുതി മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുക്കാതിരുന്നാൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ വരികയും തുക കാലഹരണപ്പെടുകയും നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (നം.57/2017 തീയ്യതി.14.09.2017) പരാമർശിച്ച തൊഴിൽനികുതി കുടിശ്ശിക ഇൗടാക്കാൻ അവശേഷിക്കുന്ന മേൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് ആയത് ഇൗടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴുവൻ കുടിശ്ശികയും ഇൗടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് ഫീസ് പിരിവ്-അപാകതകൾ

ഡി&ഒ ലൈസൻസ് ഫീസ് സംബന്ധിച്ച പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു:

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു സ്ഥലവും ലൈസൻസ് കൂടാതെ ഉപയോഗിക്കരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2016-17 വാർഷിക കണക്ക് പ്രകാരം ലൈസൻസ് ഫീസ് കുടിശ്ശികയിനത്തിൽ ₹49,855 രൂപയുടെ വരവ് വന്നതായി രേഖപ്പെടുത്തിക്കാണുന്നുണ്ട്. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽനിന്നും ഇത് ഡി&ഒ ലൈസൻസ് ഫീസിനത്തിലെ വരവാണെന്നാണ് വ്യക്തമാവുന്നത്. മുൻവർഷത്തെ/വർഷങ്ങളിലെ കുടിശ്ശികയാണ് 2016-17 വർഷം ഈടാക്കിയിരിക്കുന്നത്. ഒട്ടേറെ സ്ഥാപനങ്ങൾ തൻവർഷം/മുൻവർഷങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/03.08.2017) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് ഫീസ് സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടോയെന്ന് മേൽ നമ്പരിലുള്ള ഓഡിറ്റ് എൻക്വയറിയിൽ ആരാഞ്ഞിരുന്നെങ്കിലും ഓരോ വാർഡിലെയും ഡി&ഒ ലൈസൻസ് ലിസ്റ്റ് തയ്യാറാക്കി

സൂക്ഷിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് .

3. ലൈസൻസ് ഫീസ്(കറന്റ്) സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽനിന്നും 2016-17 വർഷത്തെ ഡിമാന്റ് എന്നു കാണിച്ച് ലെഡ്ജറിന്റെ ഡെബിറ്റ് ഭാഗത്ത് 19ാം പേജിൽ ₹20,76,195 രൂപയും ഡിമാന്റ് അഡിഷൻ എന്നു കാണിച്ച് 61-ാം പേജിൽ ₹1,40,056 രൂപയെന്നും കാണിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാകുന്നില്ല. കൂടാതെ, ലെഡ്ജറിന്റെ 1ാം പേജിൽ ഡെബിറ്റ് ഭാഗത്തു തന്നെ ഓപ്പണിംഗ് ബാലൻസ് എന്ന് രേഖപ്പെടുത്തി ₹6,549.44 എന്ന് ചേർത്തിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

4. ഡി& ഒ ലൈസൻസ് ഫീസ് സംബന്ധിച്ച ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഒമിഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ഓഡിറ്റ് പരിശോധനാ സമയത്തുപോലും സാംഖ്യയിൽ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് ചെയ്ത തുകയിൽ വ്യത്യാസം വരുത്തിയതായി കാണുന്നു. വാർഷിക കണക്കുകൾ ആദ്യം സമർപ്പിച്ച അവസരത്തിൽ ഷെഡ്യൂൾ I-4(b) പ്രകാരമുള്ള ഡിമാന്റ് തുക ₹20,76,195 രൂപയായിരുന്നു. എന്നാൽ പുനർസമർപ്പിക്കപ്പെട്ട വാർഷിക കണക്കിൽ ഡിമാന്റ് തുക ₹22,16,251 രൂപയായി വ്യത്യാസം വരുത്തിയിട്ടുണ്ട്. സാംഖ്യ വഴി ഡിമാന്റ് ചെയ്യുമ്പോൾ ഹെഡ് മാറുമ്പോൾ ഉണ്ടാകുന്ന പിഴവ് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് ഓഡിറ്റിൽ ലഭ്യമാക്കിയ മറുപടിയിൽ (14.11.17 ലെ എ3/38617/17 നമ്പർ മറുപടി ) വ്യക്തമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. 2016-17 വർഷത്തെ ലൈസൻസ് ഫീസിനത്തിലെ ആകെ വരവുകളുടെ സംക്ഷിപ്തം സംബന്ധിച്ച യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 നഗരസഭയ്ക്ക് വാടകയിനത്തിൽ ₹9,11,000/- കുടിശ്ശിക

**1)ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക - നഗരസഭയ്ക്ക് കുടിശ്ശിക ₹ 2,75,116**

നഗരസഭയുടെ നിലവിലുള്ള ബൈലോ പ്രകാരം ലൈസൻസുകാരൻ കെട്ടിടത്തിന്റെ വാടക ഓരോ മാസവും മുൻകൂറായി 10-ാം തീയ്യതിക്കകം കാലാവധി തീരുന്നതു വരെ മുനിസിപ്പൽ ഓഫീസിൽ അടക്കേണ്ടതും വീഴ്ച വരുത്തിയ കുടിശ്ശികയ്ക്ക് മാസം തോറും 1% നിരക്കിൽ പിഴപലിശ വസൂലാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നഗരസഭാ പരിധിയ്ക്ക് കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ താഴെ പറയുന്ന മുറികളുടെ വാടക കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ;

| ക്രമ നം | വാടകക്കാരന്റെ പേര് | മാസ വാടക | വാടക കുടിശ്ശികയുള്ള കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| **ജൂബിലി മാർക്കറ്റ്** | | | | |
| 1. | കെ.പി.കുഞ്ഞിമൂസ, 12/384 | 708 | 4/16-3/17 | 8,496 |
| 2. | കെ.ഇ. നൗഷാദ്, 12/418 | 1,354 | 4/16-3/17 | 16,248 |
| 3. | ഫറൂക്ക്.പി.കെ, 12/385 | 943 | 9/16-3/17 | 6,601 |
| 4. | മനോജ്കുമാർ.എം.കെ & മറ്റുള്ളവർ, 12/415 | 1,239 | 3/17 | 1,239 |
| 5. | പി.പി.ഇസ്മയിൽ, A/12 | 1,954 | 3/17 | 1,954 |
| **ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ്** | | | | |
| 6. | കെ.പി. അബ്ദുള്ള, സ്റ്റേർകേസ് റൂം II | 2,184 | 1/17-3/17 | 6,552 |
| 7. | കെ.എം. രോഹിണി, D3 | 1,060 | 7/16-3/17 | 9,540 |

| | | | | |
|---|---|---|---|---|
| 8. | എ.കെ.മാധവൻ, D6 | 1,174 | 12/16-3/17 | 4,696 |
| 9. | യൂണിറ്റ് സെക്രട്ടറി, KMCSU, തലശ്ശേരി E5 | 1,515 | 4/16-3/17 | 18,180 |
| 10. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വിംഗ് ജൂബിലി കോംപ്ലക്സ്, തലശ്ശേരി, E12 | 3,930 | 2/17-3/17 | 7,860 |
| 11. | കെ.മൊയ്തു ഹാജി, BG 5 | 3,936 | 2/17-3/17 | 7,872 |
| 12. | പി.കെ. നൗഷാദ്, BF16 | 2,302 | 3/17 | 2,302 |
| 13. | കെ.പി.ഷിജു, BF17 | 2,130 | 7/16-3/17 | 19,170 |
| 14. | എച്ച്. ദിനേഷ് ചന്ദ്ര റോയ്, CG2 | 2,040 | 3/17 | 2,040 |
| 15. | എച്ച്. ദിനേഷ് ചന്ദ്ര റോയ്, CG3 | 2,040 | 3/17 | 2,040 |
| 16. | പി.കെ. ജയശങ്കർ, DG-7 | 2,577 | 4/16-3-17 | 30,924 |
| 17. | സെക്രട്ടറി, അംബേദ്കർ മെമ്മോറിയൽ SC/ST പ്രസ് വർക്കേഴ്സ് ഇന്റസ്ട്രിയൽ കോഓപ് സൊസൈറ്റി , DF1 | 2,226 | 7/16-3/17 | 20,034 |
| 18. | കെ.കെ.ദിവാകരൻ, (SF6C) | 6,012 | 3/17 | 6,012 |
| 19. | സി.കെ. അബ്ദുൾ നാസർ, പി. കരുണാകരൻ (MC 19) | 1,755 | 7/16-3/17 | 15,795 |
| 20. | എം. മമ്മൂട്ടി, (MC-27) | 1,940 | 5/16-3/17 | 21,340 |
| 21. | ടിസിപിഎം അഷ്റഫ്(MC-5CFF) | 1,185 | 12/16-3/17 | 4,740 |
| 22. | പി.കെ.സാവിത്രി (SR2(27/417)) | 375 | 3/17 | 375 |
| 23. | കെ.പി.രാജൻ (SR 5) | 1,106 | 3/17 | 1,106 |
| 24. | സീനത്ത് അമൻ തരീഖ്(GF8) | 15,000 | 12/16-3/17 | 60,000 |
| ആകെ | | | | 2,75,116 |

നിലവിൽ കുടിശ്ശിക വരുത്തിയ എല്ലാ മുറിയുടമകൾ/ലൈസൻസികളിൽ നിന്നും പിഴപ്പലിശ സഹിതം വാടക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>2) മൂപ്പൻസ് കോംപ്ലക്സിലെ MC8BFF നമ്പർ മുറിക്ക് ₹35,649/- രൂപ വാടക കുടിശ്ശിക</u>

<u>ഫയൽ നം. ആർ7-17510/17</u>

തലശ്ശേരി നഗരസഭാ റവന്യൂ വിഭാഗം മൂപ്പൻസ് കോംപ്ലക്സിലെ MC8BFF നമ്പർ മുറിയ്ക്ക് വാടകക്കാരൻ എഗ്രിമെന്റ് വച്ചിട്ടില്ല. നഗരസഭാ സെക്രട്ടറിയുടെ ആർ7-38892/17 നമ്പർ നടപടിക്രമങ്ങൾ പ്രകാരം മേൽ മുറിയുടെ വാടക വർദ്ധനവ് തുകയിനത്തിൽ 4/13 മുതൽ 3/16വരെയും 4/16 മുതൽ 9/17 വരെയും വാടക ഒടുക്കുന്നതിന് നഗരസഭ നോട്ടീസ് നല്കിയിട്ടും തുക ഒടുക്കിയിട്ടില്ല എന്ന കാരണത്താൽ ചട്ടവിരുദ്ധമായി കൈവശം വയ്ക്കുന്ന മുറി പൂട്ടി സീൽ ചെയ്ത് ഏറ്റെടുക്കുന്നതിന് ഉത്തരവ് നല്കിയതായും സൂചിപ്പിക്കുന്നു. എഗ്രിമെന്റ് വയ്ക്കാതെ മുറി ഉപയോഗിക്കുന്നതിന് ടിയാന് നഗരസഭ അനുവാദം നല്കിയതിന്റെ വിശദീകരണം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>3) പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ FF3, FF4 എന്നീ മുറികൾക്ക് വാടക കുടിശ്ശിക ₹30,000/-</u>

<u>ഫയൽ നം. ആർ 6 - 41259/16</u>

തലശ്ശേരി നഗരസഭ റവന്യൂ വിഭാഗം പുതിയ ബസ് സ്റ്റാന്റിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ FF3, FF4 എന്നീ മുറികൾ കൈവശം വച്ചിരുന്ന ശ്രീ. ദിനേശൻ വി.വി എന്നവരുടെ 17-03-2017ലെ കത്ത് പ്രകാരം മുറികളുടെ ഉടമസ്ഥാവകാശം ടിയാന്റെ പേരിൽനിന്നും മാറ്റണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. മുറിയുടെ കൈവശാവകാശം ഒഴിയുന്നതുവരെയുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം FF3 മുറിയ്ക്ക് 2017 ജനവരി മുതലും FF4 മുറിയ്ക്ക് 2017 മാർച്ച് മാസം മുതലും വാടക കുടിശ്ശികയായി കാണുന്നു. ഇതുസംബന്ധിച്ച് 31-10-2017 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മുറികൾ ലേലവ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ള വാടകക്കാരനിൽനിന്നും മുറികൾ നഗരസഭയ്ക്ക് തിരിച്ചേല്പിക്കുന്നതുവരെയുള്ള വാടകകുടിശ്ശിക ഡെപ്പോസിറ്റിൽനിന്നും ഈടാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ വാടകക്കുടിശ്ശിക ഉത്തരവാദിയായവരിൽനിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

<u>4) ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ DF1നമ്പർ മുറിയുടെ 2016-17 ലെ വാടക കുടിശ്ശിക ₹94560/-</u>

<u>ഫയൽ നം. ആർ 7-46609/15</u>

തലശ്ശേരി നഗരസഭയിലെ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ DF1നമ്പർ മുറിയുടെ ലൈസൻസി/ കൈവശക്കാരൻ അംബേദ്കർ മെമ്മോറിയൽ SC/ST കോ-ഓപ് സൊസൈറ്റിയാണ്. നഗരസഭാ സെക്രട്ടറിയുടെ 22-09-2015 ലെ ആർ 7-46609/15 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത മുറിയുടെ 4/2014 മുതൽ 9/2017 വരെ 1,35,448/- രൂപ (ജി.എസ്. ടി അടക്കം) വാടക കുടിശ്ശികയായ അടവാക്കാത്തതിനാൽ മുറി പൂട്ടി സീൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 4/2014 മുതൽ 3/2017 വരെയുള്ള വാടക കുടിശ്ശിക 94,560/- രൂപയുൾപ്പെടെ നാളിതുവരെയുള്ള കുടിശ്ശിക തുകയും ജി.എസ്.ടി അടക്കമുള്ള നികുതികളും മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>5) ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ D8നമ്പർ മുറിയുടെ വാടക കുടിശ്ശിക ₹ 4,75,675/-</u>

<u>ഫയൽ നം. ആർ 7-16323/10</u>

തലശ്ശേരി നഗരസഭയിലെ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ D8 നമ്പർ മുറിയുടെ ലൈസൻസി/ കൈവശക്കാരൻ വിജയ ബാങ്ക് ആണ്. മുറിയുടെ 4/2013 മുതലുള്ള വാടക 16710/- രൂപയായി നിശ്ചയിച്ചിരുന്നുവെങ്കിലും അതുവരെ ഈടാക്കിയിരുന്ന 15,180/- രൂപ നിരക്കിലാണ് തുടർന്നും ഈടാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ 4/2013 മുതൽ പുതുക്കിയ നിരക്കിലുള്ള വാടകയുടെ കുടിശ്ശിക ഈടാക്കേണ്ടതായുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 12-10-2017 ലെ ആർ 7-16323/10 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത മുറിക്ക് 4/2013 മുതൽ 10/2017 വരെ 4,75,675/- രൂപ (ജി.എസ്. ടി അടക്കം) വാടക കുടിശ്ശിക അടവാക്കുന്നതിനും 31/03/2014 ന് കാലാവധി അവസാനിച്ച എഗ്രിമെന്റ് പുതുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 4/2013 മുതൽ നാളിതു വരെയുള്ള വാടക കുടിശ്ശികയായ 4,75,675/- രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 2-6 പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ FF7 മുറിയുടെ വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയില്ല

<u>ഫയൽ നം. ആർ 6-54985/15</u>

തലശ്ശേരി നഗരസഭയിലെ റവന്യൂ വിഭാഗം പുതിയ ബസ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ FF7 നമ്പർ മുറി ശ്രീ . ഫൈസൽ എന്നവർ 16-07-2014 ലെ ലേല നടപടികളുടെ ഭാഗമായി 15,03,000/- രൂപ ഡെപ്പോസിറ്റും 7500/- രൂപ മാസവാടക എന്ന വ്യവസ്ഥയിൽ ലേലത്തിൽ ഏറ്റെടുക്കുകയും 21-10-2015 ലെ ടിയാന്റെ അപേക്ഷ പ്രകാരം കോംപ്ലക്സിലെ മറ്റു മുറികളെ താരതമ്യം ചെയ്ത് ഡെപ്പോസിറ്റ് തുകയും വാടകയും കുറച്ചു തരുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 26-07-2016 ലെ 42-ാം കൗൺസിൽ തീരുമാന പ്രകാരം പ്രസ്തുതമുറി പുനർലേലം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും 26-09-2016ലെ 4-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ലേല തീയ്യതി മുതൽ പുതുതായി അനുവദിക്കുന്നതുവരെയുള്ള അന്നത്തെ നിരക്കിലുള്ള ലൈസൻസ് ഫീസ് മാത്രം ടിയാന്റെ

ഡെപ്പോസിറ്റ് തുകയിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൗൺസിൽ തീരുമാനം നാളിതു വരെ പ്രാവർത്തികമാക്കിയിട്ടില്ല.

## 2-7 വാടക മുറിയുടെ ഡെപ്പോസിറ്റ് കുടിശ്ശിക 1,00,000/-

തലശ്ശേരി നഗരസഭയുടെ പരിധിയിലുള്ള SF6 മുറി സെലിൻ ഹരിദാസ് എന്നവരാണ് 2 ലക്ഷം രൂപ ഡെപ്പോസിറ്റ് ഓഫർ നല്കി ലേലത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 1,00,000/- രൂപ മാത്രമാണ് ഡെപ്പോസിറ്റ് തുകയായി നഗരസഭയിൽ ഒടുക്കിയിട്ടുള്ളത്. 31-10-2017 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിടത്തിലെ റൂം പാർട്ടീഷൻ, വൈദ്യുതീകരണം, വാട്ടർ കണക്ഷൻ എന്നിവ ഇല്ലാത്ത സാഹചര്യത്തിലാണ് ലേലതുക ഒടുക്കുന്നതിന് കാലതാമസം നേരിടുന്നത് എന്ന മറുപടിയാണ് നഗരസഭ വ്യക്തമാക്കിയിരിക്കുന്നത്. നഗരസഭാ സെക്രട്ടറി കെട്ടിടത്തിലെ മേൽപ്രവൃത്തികൾ അടിയന്തരമായി ചെയ്തു തീർക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നല്കുകയും പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ടി ടെണ്ടർ ക്ഷണിക്കുകയും ചെയ്തെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ ആരും തന്നെ തയ്യാറായിരുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വാടകക്കാരന് ലേലവ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ള മുറിയിൽ അവശ്യം വേണ്ട സൗകര്യങ്ങൾ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് ഇനത്തിലുള്ള കുടിശ്ശിക വാടകക്കാരനിൽനിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്.

## 2-8 ടാക്സി, ടൂറിസ്റ്റ് ടാക്സി സ്റ്റാന്റ് - ഫീസ് ഈടാക്കിയില്ല

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 472 (1) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് സർക്കാർ ഇതിലേക്കായി പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പൊതുവായ ഇറക്കുസ്ഥലങ്ങളോ വിരാമസ്ഥലങ്ങളോ വണ്ടിത്താവളങ്ങളോ ഉണ്ടാക്കുകയോ ഏർപ്പെടുത്തി വെക്കുകയോ ചെയ്യാവുന്നതും അതുപയോഗിക്കുന്നതിനായി ഫീസ് ചുമത്താവുന്നതുമാണ്. തലശ്ശേരി നഗരസഭ ടാക്സി, ടൂറിസ്റ്റ് ടാക്സികൾക്കായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും 2016-17 വർഷം ഫീസ് പിരിവ് നടത്തിയിട്ടില്ല. 2015-16 വർഷം ടാക്സി, ടൂറിസ്റ്റ് ടാക്സി സ്റ്റാന്റ് ഫീസായി നഗരസഭ ഈടാക്കിയിട്ടുള്ളത് ₹15,000 രൂപയാണ്. ഇത് സംബന്ധിച്ച് വിശദവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.65/2017 തീയ്യതി 26.09.2017) മറുപടിയായി ഹാജരാക്കിയ ഫയലിൽ ( ആർ7- 61297/15) ടാക്സി, ടൂറിസ്റ്റ് ടാക്സികളുടെ വിവരശേഖരണം നടത്തിയതായി കാണുന്നുണ്ടെങ്കിലും ഫീസ് പിരിവ് നടന്നിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാക്കിയിട്ടുള്ളതിനാൽ ആയത് കൃത്യമായി തിട്ടപ്പെടുത്തി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 ലൈസൻസ് ഇല്ലാതെ സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 475 (1) പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു ലൈസൻസ് കൂടാതെ യാതൊരാളും ഒരു പുതിയ സ്വകാര്യ വണ്ടിത്താവളം തുറക്കുകയോ സ്വകാര്യ വണ്ടിത്താവളം തുറന്നുവെക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. അപ്രകാരമുള്ള ഒരു ലൈസൻസിനുള്ള അപേക്ഷ, ഏതു സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസിന് ആവശ്യപ്പെടുന്നുവോ ആ സ്ഥലത്തിന്റെ ഉടമസ്ഥൻ അപ്രകാരമുള്ള സ്ഥലം വണ്ടിത്താവളമായി തുറക്കാൻ ഉദ്ദേശിക്കുന്നതിന് കുറഞ്ഞപക്ഷം 6 ആഴ്ചക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഈ വകുപ്പ് പ്രകാരം നൽകപ്പെട്ട ഏതൊരു ലൈസൻസിനും പ്രതിവർഷം 3,000 രൂപയിൽ കവിയാത്ത ഫീസ് മുനിസിപ്പാലിറ്റിക്ക് വസൂലാക്കാവുന്നതാണ്. നഗരസഭാ പരിധിയിലെ സ്വകാര്യ വണ്ടിത്താവളങ്ങളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.75/2016-17 തീയ്യതി.28.09.2017) ലഭിച്ച മറുപടിയിൽ നഗരസഭാപരിധിയിൽ 3 വണ്ടിത്താവളങ്ങൾ ഉള്ളതായും ഒന്നിനുമാത്രം ലൈസൻസ് ഫീസ് ഈടാക്കി അനുമതി നൽകിയിട്ടുള്ളതായും വ്യക്തമായിട്ടുണ്ട്. അനധികൃതമായി സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ

തുറന്നുവെച്ചിട്ടുള്ള എല്ലാ വണ്ടിത്താവളങ്ങൾക്കും ലൈസൻസ് നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 തനത് ആസ്തികളിൽനിന്നുള്ള ഫീസ് പിരിവ് - വാർഷിക ലേലം നടത്തിപ്പിലെ അപാകതകൾ

തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ തനത് ആസ്തികളിൽനിന്നുള്ള ഫീസ് പിരിവുമായി ബന്ധപ്പെട്ട വാർഷിക ലേലത്തിന്റെ രേഖകൾ പരിശോധിച്ചപ്പോൾ ലേല നടപടിക്രമങ്ങളിൽ അപാകതകൾ ഉള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ലേലവുമായി ബന്ധപ്പെട്ട മാതൃകാ ബൈലോ നഗരസഭ നാളിതുവരെയായി തയ്യാറാക്കിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലേല/ടെണ്ടർ പരസ്യം കൗൺസിൽ അംഗീകരിച്ചതായും കാണുന്നില്ല. നഗരസഭ കൗൺസിൽ അംഗീകരിച്ച ബൈലോയും ലഭ്യമാക്കിയിട്ടില്ല. 2016-17 വർഷത്തെ ലേലത്തിൽ വിവിധ ഇനങ്ങളിലായി ഫീസ് പിരിവ് ഏറ്റെടുത്ത 11 ലൈസൻസികളിൽ 6 പേർ മാത്രമേ കരാർ വെച്ചിട്ടുള്ളൂ. മറ്റ് ലൈസൻസികൾ കരാർ സമർപ്പിക്കാത്തതിനെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭ സ്വീകരിച്ചിട്ടുള്ള കരാറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ നഗരസഭയുടെ സീൽ പതിക്കുകയോ ചെയ്തിട്ടില്ല. ചില്ലറ മത്സ്യമാർക്കറ്റ് ഫീസ് പിരിവ്, മൊത്ത മത്സ്യമാർക്കറ്റ് ഫീസ് പിരിവ് എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിച്ച കരാറുകളിൽ ലൈസൻസികളും ഒപ്പിട്ടതായി കാണുന്നില്ല. ലേലവുമായി ബന്ധപ്പെട്ട കരാറുകൾ നഗരസഭ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നതായി ഓഡിറ്റ് മനസ്സിലാക്കുന്നു. തനത് ആസ്തികളിൽ നിന്നുള്ള ഫീസ് പിരിവ് നഗരസഭയുടെ സുപ്രധാന വരുമാന മാർഗ്ഗമായതിനാൽ വാർഷിക ലേലവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-11 തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം - ലോറിയിടിച്ച് അപകടാവസ്ഥയിൽ ആയത് - പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ സാധന സാമഗ്രികൾ ലേലം ചെയ്തില്ല – നഗരസഭയ്ക്ക് നഷ്ടം

ഫയൽ നമ്പർ E5 34600/16 പരിശോധിച്ചപ്പോൾ തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 39/500, 39/501 നമ്പർ കെട്ടിടങ്ങൾ 18.08.2016 ന് തമിഴ് നാട് രജിസ്ട്രേഷനുള്ള TN – 28M-4500 നമ്പർ ലോറി ഇടിച്ച് അപകടാവസ്ഥയിലാവുകയും, കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കുകയും ചെയ്തിട്ടുണ്ട് . പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ സാധന സാമഗ്രികളുടെ മൂല്യം 18,690 രൂപയാണെന്ന് നഗരസഭ നിർണ്ണയിച്ചിട്ടുണ്ട്. ഇത് ലേലം ചെയ്യാൻ നടപടി 01/2017 ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് 18,690 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അടിയന്തിരമായി ലേല നടപടികൾ പൂർത്തീകരിച്ച് ലേലത്തുക നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-12 തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം - ലോറിയിടിച്ച് അപകടാവസ്ഥയിൽ ആയത് - നഷ്ടപരിഹാരം ഈടാക്കിയില്ല – 3,14,904 രൂപ നഗരസഭയ്ക്ക് നഷ്ടം

ഫയൽ നമ്പർ E5 34600/16 പരിശോധിച്ചപ്പോൾ തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 39/500, 39/501 നമ്പർ കെട്ടിടങ്ങൾ 18.08.2016 ന് തമിഴ് നാട് രജിസ്ട്രേഷനുള്ള TN – 28M-4500 നമ്പർ ലോറി ഇടിച്ച് അപകടാവസ്ഥയിലാവുകയും, കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കേണ്ടിവരികയും ചെയ്തിട്ടുണ്ട് എന്ന് കാണുന്നു. അപകടാവസ്ഥയിലായ ഈ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് 36,600 രൂപ നഗരസഭയ്ക്ക് ആകെ ചെലവ് വന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പൊളിച്ചു നീക്കുന്നതിന് 35,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വൗച്ചർ നമ്പർ 369/08-16 തീയ്യതി 29.08.16 ന് മുൻകൂർ അനുവദിച്ചിട്ടുണ്ട്.) പ്രസ്തുത കെട്ടിടങ്ങളുടെ മൂല്യം 2,78,304 രൂപയാണെന്ന് നഗരസഭ നിർണ്ണയിച്ചിട്ടുണ്ട്. ഈ തുകയും കെട്ടിടം പൊളിക്കാൻ നഗരസഭയ്ക്ക്

ചെലവായ തുകയും ഈടാക്കിയതിന് ശേഷം മാത്രമേ ലോറി വിട്ടുകൊടുക്കാൻ പാടുള്ളൂവെന്ന് 23.08.2016 ന് E5-34600/16 നമ്പർ കത്ത് പ്രകാരം സബ് ഇൻസ്പെക്ടർ ഓഫ് പോലീസിനെ അറിയിച്ചതായും കാണുന്നു. എന്നാൽ നാളിതുവരെ നഗരസഭയ്ക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് 3,14,904 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. (2,78,304 + 36,600 = 3,14,904) ഈ തുക ലോറിയുടെ ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-13 നായകൾക്ക് ലൈസൻസ് നൽകലും പേപ്പട്ടി വിഷബാധ തടയലും - അംഗീകരിച്ച ബൈലോപ്രകാരമുള്ള നടപടികൾ ആരംഭിച്ചില്ല- നഗരസഭക്ക് വരുമാന നഷ്ടം.

തലശ്ശേരി നഗരസഭ കൗൺസിൽ 16.02.2017 ലെ 24 ാം നമ്പർ തീരുമാന പ്രകാരം തലശ്ശേരി മുനിസിപ്പാലിറ്റിയിലെ നായകൾക്ക് ലൈസൻസ് നൽകലും പേപ്പട്ടി വിഷബാധ തടയലും എന്ന പേരിൽ ബൈലോ അംഗീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ലൈസൻസിനായി നഗരസഭയിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഈ ബൈലോപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ ആരംഭിച്ചിട്ടില്ല. സീനിയർ വെറ്ററിനറി സർജ്ജന്റെ 28.07.2017 ലെ നമ്പർ 241/17 കത്ത് പ്രകാരം തലശ്ശേരി നഗരസഭ പരിധിയിലുള്ള 790 നായകൾക്ക് 2016-17 കാലയളവിൽ പേവിഷ പ്രധിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബൈലോപ്രകാരം ലൈസൻസ് അനുവദിക്കാൻ ആരംഭിക്കാത്തതുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നഗരസഭക്ക് ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമായി ക്കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-14 നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 507 പ്രകാരം ഈ ആക്ടിന്റെ പ്രാരംഭം മുതൽക്കോ അതിനുശേഷമോ ഒരു മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ചട്ടം 508 പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, രജിസ്റ്റർ ചെയ്യാതെ, ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിന്മേൽ ആയിരം രൂപവരെയാകാവുന്ന പിഴ ശിക്ഷനൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. തലശ്ശേരി നഗരസഭ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ നഗരസഭ പരിധിയിലുള്ള പി.എസ്.സി.കോച്ചിങ്ങ് സെന്ററുകളും ചില ട്യൂഷൻ സെന്ററുകളും രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

നഗരസഭയിലെ ബി ഡിവിഷന്റെ 2016-17 വർഷത്തെ ട്യൂട്ടോറിയൽ കോളേജ് രജിട്രേഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫീസ് ഈടാക്കിയിട്ടില്ല.

<u>സ്ഥാപനങ്ങളുടെ പേര്</u>

1. ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് സ്റ്റഡീസ്
2. എക്സ്പാന്റ് സയൻസ് സെന്റർ
3. ആപ് ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ
4. എെ എെ ഇ ടി
5. അലോസ് ഓൺ ലൈൻ എഡ്യൂക്കേഷൻ സെന്റർ
6. വിന്റോ സോഫ്റ്റ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ

ഇത് നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാക്കുമെന്നതിനാൽ ആയത് സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ (നം.80/2016-17 തീ. 26.10.17), (നം.87/2016-17 തീയ്യതി. 31.10.17) എൻക്വയറികൾ പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-15 കെട്ടിടനിർമ്മാണ അപേക്ഷകൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ നഗരസഭയിൽ കൃത്യമായി പാലിക്കുന്നില്ല. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 2-12-2015 തീയ്യതിയിലെ 12900/ആർഎ1/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-06-2007 ലെ 24136/ആർ എ1/2007/ത.സ്വ.ഭ.വ. സർക്കുലറിലെ അപ്പന്റിക്സ് 1 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമാക്കിയിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നല്കേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധമായി ഫയലിലെ നോട്ട് ഭാഗത്തും കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയ്യതി, തുക) എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തൽ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും ഫീസടവും രജിസ്റ്റർ ഒത്തു നോക്കി പരിശോധിച്ച് പെർമിറ്റ് അംഗീകരിക്കാവുന്നതാണ്. രജിസ്റ്ററിൽ പെർമിറ്റ് നമ്പർ, തീയ്യതി എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽത്തന്നെ തീരുമാനമെടുക്കേണ്ടതാണ്.

തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ കെട്ടിടനിർമ്മാണ അപേക്ഷാ രജിസ്റ്ററുകളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്തതും തീരുമാനമെടുക്കാത്തതും അധികാരികൾ സാക്ഷ്യപ്പെടുത്താത്തതുമായ ഒട്ടേറെ അപേക്ഷകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

**<u>കെട്ടിടത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്താത്ത അപേക്ഷകൾ</u>**

| ക്രമനം | അപേക്ഷ നം തീയ്യതി | അപേക്ഷകന്റെ പേര് | നിർമ്മാണത്തിന്റെ തരം | പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1. | E5/17153/16 12-04-16 | സി.പി പ്രേമചന്ദ്രൻ | വാസഗൃഹം | 165 |
| 2. | E3/22045/16 06-05-16 | വാണിയമ്പലത്ത് നാലുകണ്ടത്തിൽ ഫൈസൽ | വാണിജ്യാവശ്യം | 13,500 |
| 3. | E3/25474/16 തീയ്യതിയില്ല | വടവിൽ ഫാത്തിമ | വാസഗൃഹം | 700 |

**നിർമ്മാണത്തിന്റെ തരം വ്യക്തമാക്കാത്ത അപേക്ഷകൾ**

| ക്രമ | അപേക്ഷ നം | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം | പെർമിറ്റ് ഫീസ് |
|---|---|---|---|---|

| നം | | | (m2) | |
|---|---|---|---|---|
| 1. | E5-33877/16<br>168841 | മുതലടത്ത് കുറുങ്ങോടൻ ലതേഷ് | 226.60 | 2,015 |
| 2. | E5-33337/16<br>166624 | ലജീഷ് | 183.28 | 1,620 |
| 3. | E5-30907/16<br>163302 | പി. റമീസ് | 229.09 | 2,875 |
| 4. | E5-25239/16<br>143957 | മേലെക്കണ്ടി മുഹമ്മദ് നിസാർ | 252.21 | 2,220 |

**പെർമിറ്റ് ഫീസ് രേഖപ്പെടുത്താത്ത അപേക്ഷകൾ**

| ക്രമ നം | അപേക്ഷ നം | അപേക്ഷകന്റെ പേര് | നിർമ്മാണത്തിന്റെ തരം | വിസ്തീർണ്ണം ($m^2$) |
|---|---|---|---|---|
| 1. | E5-42324/16<br>184641 | ചെറിയ പുത്തൻപുരയിൽ ഫാസിൽ | വാസഗൃഹം | 110.75 |
| 2. | E5-16944/16<br>08-04-16 | കാട്ടിൽകുറ്റിയിൽ ഭാസ്കരൻ | വാസഗൃഹം ക്രമവൽക്കരണം | 94 |
| 3. | E5-21084/16<br>29-04-16 | എൻ.വി. വൽസൻ | വാസഗൃഹം | 120.88 |
| 4. | E5-21424/16<br>02-05-16 | കെ.വി.രാജൻ | വാസഗൃഹം | 121.88 |

**തീരുമാനമെടുക്കാത്ത അപേക്ഷകൾ**

| ക്രമ നം | അപേക്ഷ നം | അപേക്ഷകന്റെ പേര് (വാർഡ് നം) | നിർമ്മാണത്തിന്റെ തരം |
|---|---|---|---|
| 1. | E5-11976/17<br>226814 | പുത്തൻപുരയിൽ റഹ്മത്ത് (42) | വാസഗൃഹം |
| 2. | E5-12094/17<br>209279 | സെക്രട്ടറി/പ്രസിഡന്റ്, മുസ്ലീം സർവ്വീസ് സൊസൈറ്റി (45) | വാണിജ്യാവശ്യം |
| 3. | E5-12596/17<br>224364 | മരക്കാറകത്ത് ആയിഷ (41) | വാസഗൃഹം |

കെട്ടിടനിർമ്മാണ അപേക്ഷകളിന്മേൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും രജിസ്റ്ററുകൾ കുറ്റമറ്റതാക്കാൻ ബന്ധപ്പെട്ട അധികൃതർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

# 2-16 സാധുതാ കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 (എ) പ്രകാരം ഒരു കെട്ടിട നിർമ്മാണ അനുമതി ആയത് അനുവദിച്ച തീയ്യതി മുതൽ 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലാവധി കഴിഞ്ഞാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക്

വിധേയമായി അനുമതിയുടെ കാലാവധി നീട്ടുകയോ പുതുക്കി നൽകുകയോ ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2012-13 വർഷത്തെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ 3 വർഷം കഴിഞ്ഞിട്ടും പൂർത്തീകരണ വിവരം രേഖപ്പെടുത്താത്തതും കാലയളവ് നീട്ടാത്തതും പുതുക്കാത്തതുമായ നിരവധി കെട്ടിടങ്ങൾ നഗരസഭാ പരിധിയിൽ ഉള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ നം | അപേക്ഷകന്റെ പേര് | ഉപയോഗത്തിന്റെ തരം | വിസ്തീർണ്ണം | പെർമിറ്റ് ഫീസ് | അനുമതിയുടെ കാലാവധി |
|---|---|---|---|---|---|
| E3-20209 | ബക്കോടൻ താഹിറ | വാസഗൃഹം | 176.55m$^2$ | 1,300 | 04.10.2012 -03.10.2015 |
| E5-19751 | ഫാത്തിമ മുസ്തഫ | വാസഗൃഹം | 374.85m$^2$ | 2,650 | 20.10.2012 -19.10.2015 |
| E5-19748 | റഫമത്ത്.എ | വാസഗൃഹം | 240.84m$^2$ | 1,690 | 31.10.2012-30.10.2015 |
| E3-25427 | സിമ്മി അശോക് കുമാർ | വാസഗൃഹം | 182.68m$^2$ | 1,300 | 14.12.2012-13.12.2015 |
| E5-19753 | എം.എം.മുസ്തഫ | വാസഗൃഹം | 269.63m$^2$ | 2,720 | 06.06.2013-05.06.2016 |
| E5-21335 | ടി.വി വസുമിത്രൻ | വാസഗൃഹം | 216.52m$^2$ | 1,670 | 30.10.2012-29.10.2015 |

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 42, തീയ്യതി 10.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കാത്തത് കാരണം നഗരസഭയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം സംബന്ധിച്ച് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരമർശം നടത്തിയിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കാനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. അനുവദിക്കപ്പെട്ട കെട്ടിട നിർമ്മാണ പെർമ്മിറ്റ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 (എ) പ്രകാരം നീട്ടുന്നതിനോ പുതുക്കുന്നതിനോ അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ /പുതുക്കിയ പെർമ്മിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും കാലതാമസമുണ്ടാകുന്ന പക്ഷം വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പിന്റെ 02.12.2015 തീയ്യതിയിലെ 12900/ആർ എ1/2015/ ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഭാവിയിൽ കെട്ടിട നിർമ്മാണവുമായി

ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ നഗരസഭയിൽ കർശനമായി പാലിക്കേണ്ടതും മേൽപറഞ്ഞതുപ്രകാരം നഗരസഭയുടെ അനാസ്ഥമൂലമാണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

# 2-17 കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ - 42 ാം വാർഡിൽ നിർമ്മിച്ച അംഗൻവാടി കെട്ടിടം - അനധികൃത നിർമ്മാണം

തലശ്ശേരി നഗരസഭ കൗൺസിലിന്റെ 30.06.2015 ൽ നടന്ന കൗൺസിൽ യോഗത്തിലെ 40ാം നമ്പർ തീരുമാനപ്രകാരം തലശ്ശേരി നഗരസഭയിലെ സെന്റ്പീറ്റേഴ്സ് വാർഡിൽ 114 ാം നമ്പർ അംഗൻവാടിക്ക് പുതിയ കെട്ടിട നിർമ്മാണം കേരള സംസ്ഥാന തീരദേശ കോർപ്പറേഷന്റെ സംയോജിത ഗ്രാമവികസന പദ്ധതി പ്രകാരം ചെയ്യിക്കുന്നതിനായി അപേക്ഷിക്കുവാൻ തീരുമാനിച്ചിരുന്നു. സ.ഉ (ആർടി) നമ്പർ 571/15F&PD തീയ്യതി.16.07.2015 പ്രകാരം മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി 2015-16 പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നഗരസഭയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭ കൗൺസിലിന്റെ 2015 ലെ 22 ാം നമ്പർ തീരുമാനപ്രകാരം മത്സ്യത്തൊഴിലാളി അടിസ്ഥാന വികസന പദ്ധതി പ്രകാരമുള്ള അംഗൻവാടി കെട്ടിട നിർമ്മാണം സെന്റ് പീറ്റേഴ്സ് വാർഡിൽ ചെയ്യിക്കുന്നതിന് അനുമതി നൽകുവാനും നിർമ്മാണം പൂർത്തിയായതിനുശേഷം തുടർ നടത്തിപ്പും പരിപാലനവും നഗരസഭ നിർവ്വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ (ഫയൽ നമ്പർ ഇ1-6230/13) പ്രസ്തുത കെട്ടിട നിർമ്മാണം നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് അനധികൃത നിർമ്മാണമാണെന്ന് വ്യക്തമാകുന്നു. ഫയൽ പരിശോധിച്ച് കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. കൗൺസിൽ തീരുമാനമുണ്ടെങ്കിലും അംഗൻവാടി കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടില്ല.
2. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ തീരപരിപാലന നിയമം പ്രകാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. എന്നാൽ ഓഡിറ്റ് തീയ്യതി വരെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.
3. തീരദേശ മേഖലയിലെ കെട്ടിട നിർമ്മാണം സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക (എ) വകുപ്പിന്റെ 26.01.2013 ലെ നമ്പർ 1722/എ2/12/ശാ.സാ.വാ, 16.11.13 ലെ നമ്പർ 1779/എ2/2013/ശ.സാ.വാ, തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പിന്റെ 09.09.2013 ലെ നമ്പർ 5553/ആർ.എ1/2013/ത.സ്വ.ഭ.വ സർക്കുലറുകളിലെ നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കാതെയാണ് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് കാണുന്നു.
4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി ലഭിക്കാതെയും കേരള കോസ്റ്റൽ സോൺ മാനേജ് മെന്റ് അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കാതെയും കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ അംഗൻവാടി കെട്ടിടം പൂർത്തികരിച്ചതായി കാണുന്നു.
5. നഗരസഭ ഈ കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റും ഒക്യുപെൻസി സർട്ടിഫിക്കറ്റും അനുവദിച്ചിട്ടില്ല.
6. നഗരസഭയുടെ 114 ാം നമ്പർ അംഗൻവാടി ഈ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നും നഗരസഭയിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.
7. പ്രസ്തുത അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നത് ചാലിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ തൊട്ടടുത്താണെന്നും ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിവിധ പകർച്ചവ്യാധികളുമായി വളരെയധികം രോഗികൾ ചികിത്സ തേടി വരുന്നതാണെന്നും ആയതിനാൽ ഇതിന്റെ തൊട്ടടുത്ത് അംഗൻവാടി സ്ഥാപിച്ചാൽ അംഗൻവാടി കുട്ടികൾക്കും രോഗങ്ങൾ പകരാൻ സാധ്യതയുണ്ട് എന്നും ആയതിനാൽ പ്രസ്തുത

അംഗൻവാടി മാറ്റി സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 21.05.2016 ന് 40/16 നമ്പർ കത്ത് ചാലിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നഗരസഭ ചെയർമാനും നഗരസഭ സെക്രട്ടറിക്കും നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെയും സർക്കാരിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കി കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-18 തനത് ആസ്തികളിൽനിന്നുള്ള ഫീസ് പിരിവ്- സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല.

ഫിനാൻസ് ആക്ട് 1994 സെക്ഷൻ 66B പ്രകാരം, സർവ്വീസ് ടാക്സ് നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത എല്ലാ സേവനങ്ങൾക്കും സർവ്വീസ് ടാക്സ് ചുമത്തേണ്ടതാണ്. നഗരസഭയുടെ 2016-17 വർഷത്തെ ഫീസ് പിരിവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനാ വിധേയമാക്കിയപ്പോൾ സർവ്വീസ് ടാക്സ് ഈടാക്കാത്തതായി കണ്ട വരവിനങ്ങളും ചുമത്തേണ്ടിയിരുന്ന സർവ്വീസ് ടാക്സും ഇപ്രകാരമാണ്.

| ഫീസ് ഇനം | ഫീസ് | സർവ്വീസ് ടാക്സ് | | | ആകെ |
|---|---|---|---|---|---|
| | | സർവ്വീസ് ടാക്സ് 14% | സ്വച്ഛ് ഭാരത് സെസ്സ് 0.50% | കൃഷി കല്യാൺ സെസ്സ് 0.50% | |
| മൊത്ത മത്സ്യമാർക്കറ്റ് ഫീ | 3,55,100 | 49,714.00 | 1775.50 | 1775.50 | 53,265.00 |
| ചില്ലറ മത്സ്യമാർക്കറ്റ് ഫീ | 58,000 | 8,120.00 | 290.00 | 290.00 | 8,700.00 |
| പാറാൽ മത്സ്യമാർക്കറ്റ് ഫീ | 40,800 | 5,712.00 | 204.00 | 204.00 | 6,120.00 |
| കൊടിയേരി മത്സ്യമാർക്കറ്റ് ഫീ | 11,000 | 1,540.00 | 55.00 | 55.00 | 1,650.00 |
| പരസ്യനികുതി ഫീ | 3,21,111 | 44,955.50 | 1,605.55 | 1,605.55 | 48,166.60 |
| **ആകെ** | | | | | **₹1,17,901.60** |

സർവ്വീസ് ടാക്സ് ആക്ട് 1994 സെക്ഷൻ 66 (ഡി) പ്രകാരമുള്ള സർവ്വീസ് ടാക്സ് നെഗറ്റീവ് ലിസ്റ്റിൽ മേൽ പറഞ്ഞ ഫീസിനങ്ങൾ ഉൾപ്പെട്ടതായി കാണുന്നില്ല. സർവ്വീസ് ടാക്സ് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.72/2016-17 തീയ്യതി 28.09.17) നാളിതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമായ സർവ്വീസ് ടാക്സ് ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതുമാണ്.

## 2-19 ചെക്ക് രജിസ്റ്റർ അപൂർണ്ണം

തലശ്ശേരി നഗരസഭയുടെ 2016-17 ലെ ചെക്ക് രജിസ്റ്റർ പ്രകാരം നഗരസഭ സ്വീകരിച്ചതായി കണ്ട ചെക്കുകളിൽ ചിലതിന്റെ പിരിവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം ചെക്കുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയ്യതി | ചെക്ക് നമ്പർ/ തീയ്യതി | ചെക്ക് തുക | ചെക്ക് നൽകിയ വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1. | 30.03.2017 | 725897/30.03.2017 | 72,182 | കുഞ്ഞമ്മദ്.ടി.കെ |
| 2. | 29.03.2017 | 1350638/24.03.2017 | 4,83,450 | ജനറൽ ഹോസ്പിറ്റൽ തലശ്ശേരി |
| 3. | 22.03.2017 | 5835893/15.03.2017 | 36,000 | അസിസ്റ്റന്റ് എഞ്ചിനീയർ,PWD Division (NH) |
| 4. | 21.03.2017 | 043894/14.03.2017 | 12,000 | സതീശൻ.പി.കെ, H.I |
| 5. | 15.03.2017 | 001336/15.03.2017 | 2,507 | ലിബർട്ടി തിയേറ്റർ |
| 6. | 13.03.217 | 359625/10.03.2017 | 1,06,000 | അജിത്ത് കുമാർ |
| 7. | 08.03.2017 | 0402647/08.03.2017 | 1,25,000 | പ്രസിഡന്റ്, ജഗന്നാഥ ക്ഷേത്രം |
| 8. | 01.03.2017 | 662721/01.03.2017 | 45,500 | അക്ബർ സിദ്ധിക്ക് |
| 9. | 01.03.2017 | 138158/01.03.2017 | 35,469 | ഗുണഭോക്തൃ വിഹിതം |
| 10. | 22.02.2017 | 101088/20.02.2017 | 19,822 | അയിനകത്ത് വാണിയമ്പലത്ത് റഹ്മായത്ത് |
| 11. | 14.02.2017 | 5677670/10.02.2017 | 7,590 | ജില്ലാ ശിശു ക്ഷേമ ഓഫീസർ |
| 12. | 14.02.2017 | 564095/14.02.2017 | 3,129 | ലിബർട്ടി തിയേറ്റർ |
| 13. | 04.02.2017 | 128020/04.02.2017 | 8,870 | ലിബർട്ടി തിയേറ്റർ |
| 14. | 02.02.2017 | 850447/26.12.2016 | 17,500 | രാംകിഷോർ, M/sഇൗഗിൾ കമ്മ്യൂണിക്കേഷൻ |
| 15. | 25.11.2016 | 919306/17.11.2016 | 882 | ഡോ.താജുദ്ദീൻ |
| 16. | 16.11.2016 | 006764/15.11.2016 | 3,750 | എച്ച്.ബി.എൽ. ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് |
| 17. | 17.11.2016 | 043000/16.11.2016 | 6,34,700 | അബ്ദുൾറഹിമാൻ |
| 18. | 11.11.2016 | 884730/10.11.2016 | 9,168 | ആരിഫ |
| 19. | 09.09.2016 | 624204/25.09.2016 | 5,00,000 | ജാഫർ.കെ.കെ |
| 20. | 09.11.2016 | 501390/01.11.2016 | 15,934 | മഞ്ജു ലോട്ടറി |

ചെക്ക് തുകകളുടെ പിരിവ് വിവരം രേഖാമൂലം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 56//2016-17 തീയ്യതി 11.09.17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. നഗരസഭയിൽ സ്വീകരിക്കുന്ന ചെക്കുകൾ കൃത്യമായി പിരിവ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്റ്ററുകൾ ആധികാരികമാക്കേണ്ടതുമാണ്.

# 2-20 കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത കാണിക്കുന്നില്ല.

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം 31.03.2017-ന് നഗരസഭയ്ക്ക് വിവിധ വരുമാന സ്രോതസുകളിലായി താഴെ പറയും പ്രകാരം കുടിശ്ശികയുണ്ട്.

| ക്ര. നം. | തരം | കുടിശ്ശിക | | ആകെ |
|---|---|---|---|---|
| | | മുൻ വർഷങ്ങളിലെ കുടിശ്ശിക | 2016-17-ലെ കുടിശ്ശിക | |

| | | | | |
|---|---|---|---|---|
| 01 | വസ്തുനികുതി | 3,82,588.42 | 50,58,204.00 | 54,40,792.42 |
| 02 | തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ/ പ്രൊഫഷണൽസ്/ട്രേഡേഴ്സ്) | 69,30,904.04 | 6,28,308.05 | 75,59,212.09 |
| 03 | പരസ്യനികുതി | 6,98,194.00 | 1,10,000.00 | 8,08,194.00 |
| 04 | ലൈസൻസ് ഫീ | 49,637.80 | 599.44 | 50,237.24 |
| 05 | റെൻഡ് റസീവബിൾസ് ഫ്രം സിവിക് അമനിറ്റീസ് | 2,38,450.00 | 11,40,349.00 | 13,78,799.00 |
| 06 | അദർ റസീവബിൾസ് | 5,58,18,723.00 | 2,30,75,565.00 | 7,88,94,288.00 |
| ആകെ | | 6,41,18,497.26 | 3,00,13,025.49 | 9,41,31,522.75 |

വാർഷിക കണക്ക് ബി-15 ഷെഡ്യൂൾ പ്രകാരമുള്ള കണക്കാണ് മേൽ കാണിച്ചിട്ടുള്ളത്. രജിസ്റ്ററുകളുടെ അഭാവത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക ഏത് വർഷത്തേതെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ നികുതി ചുമത്തിയതിന് ശേഷം ശിക്ഷാ നടപടി ആരംഭിക്കാമായിരുന്ന തീയ്യതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം യാതൊരു നടപടിയും ആരംഭിക്കുവാൻ പാടുള്ളതല്ലായെന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 539-ൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ കൊടുത്തിട്ടുള്ള വസ്തു നികുതി,തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നീ പ്രധാന വരവിനങ്ങളുടെ കുടിശ്ശിക ഇത്തരത്തിൽ കാലഹരണപ്പെട്ടു പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതുമൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട തുക നഷ്ടമായിട്ടുണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് നിയമാനുസൃതം അന്വേഷിക്കേണ്ടതും ആ ഉദ്യോഗസ്ഥരിൽ നിന്ന് 12% പലിശ സഹിതം തുക ഈടാക്കേണ്ടതുമാണ് (സെക്ഷൻ 539-ലെ 1-ാം ഉപവകുപ്പ്). നഗരസഭയുടെ സാമ്പത്തിക നില മോശമായിരുന്നിട്ടും കിട്ടാനുള്ള തനത് വരുമാനം യഥാസമയം പരിച്ചെടുക്കുന്നതിലുണ്ടായ വീഴ്ച നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം

നഗരസഭയിൽ നിന്നും വിരമിക്കുന്ന റഗുലർ/കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വളരെയധികം കാലതാമസമുണ്ടാകുന്നു. സർവ്വീസിൽനിന്ന് വിരമിക്കുന്ന ജീവനക്കാർ ഡി.സി.ആർ.ജി, പെൻഷൻകമ്മ്യൂട്ടേഷൻ എന്നീ ആനുകൂല്യങ്ങൾക്കായി യഥാസമയം അപേക്ഷിക്കുന്നുണ്ടെങ്കിലും അർഹതപ്പെട്ട ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ നൽകുവാൻ മോശമായ സാമ്പത്തിക സ്ഥിതി കാരണം നഗരസഭയ്ക്ക് കഴിയുന്നില്ല. നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള 1996 ലെ (കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് - കം - റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7, 8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതം, ചട്ടം 6 പ്രകാരം തുടങ്ങിയിട്ടുള്ള കേന്ദ്ര പെൻഷൻ ഫണ്ടിൽ വരവ് വെക്കേണ്ടതും ചട്ടം 9 പ്രകാരം അനുവദിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ തുക കേന്ദ്രപെൻഷൻ ഫണ്ടിൽനിന്ന് പിൻവലിച്ച് നഗരസഭ ഡയറക്ടർ മേൽ ചട്ടത്തിലെ ഉപ ചട്ടം 3 പ്രകാരം അയക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രപെൻഷൻ ഫണ്ടിൽനിന്നുള്ള അലോട്ട്മെന്റ് ലഭ്യമാക്കാത്തത് കാരണം നഗരസഭയുടെ തനത് ഫണ്ടിൽനിന്ന് വകമാറ്റിയാണ് നഗരസഭയുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ തുക പിൻവലിക്കുന്നത്.

പെൻഷൻ വൗച്ചറുകളും ഫയലുകളും പരിശോധിച്ചതിൽ പെൻഷൻ കമ്മ്യൂട്ടേഷന് വേണ്ടി അപേക്ഷിച്ചിട്ടുള്ള വിരമിച്ച ജീവനക്കാരുടെ മാസ പെൻഷൻ തുകയിൽ നിന്ന് കമ്മ്യൂട്ടേഷൻ വാല്യൂ ഈടാക്കിയിട്ടില്ല. കൂടാതെ നിലവിൽ കമ്മ്യൂട്ടഡ് വാല്യൂ തിരികെ ഈടാക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് പുതുക്കിയിട്ടും നേരത്തെയുള്ള തുക തന്നെയാണ് തുടർന്നും ഈടാക്കിവരുന്നത്. 1959 ൽ നിലവിൽ വന്നിട്ടുള്ള കേരള പെൻഷൻ കമ്മ്യൂട്ടേഷൻ റൂൾസ് പ്രകാരം ഒരു ജീവനക്കാരന് തന്റെ പെൻഷന്റെ ഒരു നിശ്ചിത ഭാഗം കുറവ് ചെയ്ത് ആ ഭാഗത്തിന് കിട്ടാവുന്ന തുക മൊത്തമായി ആദ്യം തന്നെ വാങ്ങിക്കാവുന്നതാണ്. 18.04.2006 ലെ സ.ഉ(പി)180/2006/ധന പ്രകാരം 40% പെൻഷൻ കമ്മ്യൂട്ട് ചെയ്യാവുന്നതാണ്. പെൻഷൻ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിച്ചിട്ടില്ല. പെൻഷൻ കമ്മ്യൂട്ടേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കമ്മ്യൂട്ടേഷൻ തുക വളരെ വൈകി അനുവദിക്കപ്പെട്ടവരുടെ കമ്മ്യൂട്ടഡ് മൂല്യം തിരിച്ചടവ് കാലാവധി തീരുംമുമ്പേ പെൻഷൻ പുനസ്ഥാപിച്ച് നൽകാനുള്ള സാധ്യതയുമുണ്ട്.

റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വൈകി അനുവദിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം | വിരമിച്ച ജീവനക്കാരന്റെ പേര് (റഗുലർ വിഭാഗം) | വിരമിച്ച തീയ്യതി | കമ്മ്യൂട്ടേഷൻതുക അനുവദിച്ച തീയ്യതി | ഡിസിആർജി തുക അനുവദിച്ചത് |
|---|---|---|---|---|
| 1. | ശ്രീ.സി.രാജേന്ദ്രൻ | 30.04.2016 | 10/2017 | 02/2017 |
| 2. | ശ്രീ.പി.വി.രാധാകൃഷ്ണൻ | 31.05.2015 | 10/2017 | 10/2016 |
| 3. | ശ്രീമതി.എ.വി.ശൈലജ | 31.05.2015 | 05/2017 | 09/2015, 04/2016 |

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% പെൻഷൻ വിഹിതമായി ട്രഷറി അക്കൗണ്ടിൽ (ടി.പി.എ 143 ) നിക്ഷേപിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പ്രസ്തുത അക്കൗണ്ടിൽ നിന്ന് വിതരണം ചെയ്യുന്നു. എന്നാൽ അക്കൗണ്ടിൽ പെൻഷൻ വിഹിതം നിക്ഷേപിച്ചിട്ടില്ലാത്തതിനാൽ തനത് ഫണ്ടിൽ നിന്ന് വകമാറ്റിയാണ് ഇതിനായി ചെലവഴിക്കുന്നത്. ആയതിനാൽ കണ്ടിജന്റ് ജീവനക്കാർക്ക് ലഭിക്കേണ്ടതായ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നില്ല. പെൻഷൻ ആനുകൂല്യങ്ങൾ വൈകി അനുവദിച്ചതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| ക്രമ നം | വിരമിച്ച ജീവനക്കാരന്റെ പേര് കണ്ടീജന്റ് വിഭാഗം | വിരമിച്ച തീയ്യതി | കമ്മ്യൂട്ടേഷൻതുക അനുവദിച്ച തീയ്യതി |
|---|---|---|---|
| 1. | ശ്രീമതി.ഖദീജ കല്ലുവളപ്പിൽ | 30.09.2012 | 07/2016 |
| 2. | ശ്രീ.എൻ.പി.വിനോദൻ | 30.07.2011 | 07/2016 |
| 3. | ശ്രീമതി.ട്രീസ | 30.10.2011 | 07/2016 |

| ക്രമ നം | കുടുംബപെൻഷണറുടെ പേര് കണ്ടീജന്റ് വിഭാഗം | കുടുംബപെൻഷൻ അനുവദിക്കപ്പെട്ട തീയ്യതി | ഡിസിആർജി തുക അനുവദിച്ച തീയ്യതി |
|---|---|---|---|
| 1. | ശ്രീമതി.പ്രസീത.കെ W/o കെ.ഉണ്ണി | 08.11.2013 | 02/04/2016 |
| 2. | ശ്രീമതി.ലളിത.കെ W/o പി.ഗോപാലൻ | 01.06.2014 | ആദ്യഗഡു - 04/2016 |
| 3. | ശ്രീമതി.സി.ഷൈജ W/o കെ.അശോകൻ | 05.02.2015 | ആദ്യഗഡു - 04/2016 |
| 4. | ശ്രീമതി.രജിത W/o പവിത്രൻ | 30.01.2015 | 04/2016 |

വിരമിക്കുന്ന ജീവനക്കാരുടെ അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ അനുവദിക്കുവാനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 പെൻഷൻ കോൺട്രിബ്യൂഷൻ കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി റൂൾസ് ചട്ടം 7 (2), (8) എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതതു മാസം 25 ന് മുമ്പ് കേന്ദ്ര പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. തലശ്ശേരി നഗരസഭയിലെ റഗുലർ ജീവനക്കാരുടെ 2016-17 വർഷത്തെ പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഒടുക്കേണ്ടതായിട്ടുള്ള വിഹിതം മേൽ ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം തുടങ്ങിയിട്ടുള്ള കേന്ദ്ര പെൻഷൻ ഫണ്ടിൽ അടവാക്കിയിട്ടില്ല. നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ആവശ്യമായ അലോട്ട്മെന്റ് കേന്ദ്ര പെൻഷൻ ഫണ്ടിൽനിന്നും ലഭിക്കാത്തതിനാൽ നഗരസഭ കൗൺസിലിന്റെ 30.01.2013 ലെ 17 ാം നമ്പർ തീരുമാനപ്രകാരം പെൻഷൻ വിഹിതം കേന്ദ്ര പെൻഷൻ ഫണ്ടിൽ ഒടുക്കാതെ ട്രഷറി എക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. റഗുലർ ജീവനക്കാരുടെ പെൻഷൻവിഹിതം ട്രഷറി അക്കൗണ്ട് TPA – 163ൽ നിക്ഷേപിച്ച് പ്രസ്തുത അക്കൗണ്ടിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയാണ് ചെയ്യുന്നത്. പെൻഷൻ ഫണ്ട് പെൻഷൻ ആനുകൂല്യം നൽകുന്നതിന് തികയാത്ത അവസരത്തിൽ തനത് ഫണ്ടിൽനിന്നും വകമാറ്റി , അലോട്ട്മെന്റ് ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടക്കാമെന്ന തീരുമാനത്തിൽ പെൻഷൻ നൽകിയിട്ടുണ്ട്. തൻവർഷം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി കേന്ദ്ര പെൻഷൻ ഫണ്ടിൽനിന്നും അലോട്ട്മെന്റ് ഒന്നും ലഭിച്ചിട്ടില്ല. 19.06.2017 തീയ്യതിയിൽ നഗരകാര്യ ഡയറക്ടർക്ക് അയച്ച കണക്ക് പ്രകാരം 2016-17 വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 1,41,80,321 രൂപ കേന്ദ്ര പെൻഷൻ ഫണ്ടിലേക്ക് ഒടുക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ കേന്ദ്ര പെൻഷൻ ഫണ്ടിൽനിന്ന് നഗരസഭയ്ക്ക് 7,87,09,820 രൂപ ലഭിക്കാനുണ്ട്.

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടീജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ മാസവും ജീവനക്കാരുടെ ശമ്പള ബില്ല് പാസ്സാക്കുന്നതോടൊപ്പം ഓരോ കണ്ടീജന്റ് ജീവനക്കാരന്റെയും 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ചട്ടം 7 (1) പ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്കിൽ ആരംഭിച്ച പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കി മേൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല. പെൻഷൻ നൽകുന്നതിനാവശ്യമായ തുക തനത് ഫണ്ടിൽനിന്ന് വകമാറ്റി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. 2016-17 വർഷം പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ ഇനത്തിൽ ചെലവായ തുക ചുവടെ നൽകുന്നു.

| | പെൻഷൻ | മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ | പെൻഷൻ/ഡിആർ/കുടിശ്ശിക /ഉത്സവബത്ത എന്നിവ |
|---|---|---|---|
| റഗുലർ | 1,68,14,684 | 18,42,088 | 9,41,981 |
| കണ്ടീജന്റ് | 1,68,11,100 | 65,69,346 | 45,16,063 |

## 3-3 ദിവസവേതന ജീവനക്കാരുടെ ഇ.പി.എഫ് വരിസംഖ്യ ഇനത്തിൽ നഗരസഭ ഒടുക്കിയ തുക മുഴുവനും തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടില്ല - 1,44,652 രൂപ തടസ്സപ്പെടുത്തുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ 08.01.2011 ലെ എസ്.ഒ. 30 (E) നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലെ ദിവസവേതന ജീവനക്കാരെ ഇ.പി.എഫിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ജീവനക്കാരുടെ വിഹിതം തൻമാസമവസാനിച്ച് 15 ദിവസത്തിനുള്ളിൽ ഈടാക്കി ഒടുക്കേണ്ടതുമാണ്. തലശ്ശേരി നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഇ.പി.എഫ് അവരുടെ അതാത് മാസത്തെ ശമ്പളത്തിൽനിന്ന് ഈടാക്കിയിരുന്നില്ല. ആയതിനാൽ 5/2011 മുതൽ 8/2015 വരെയുള്ള വിഹിതവും അത്രതന്നെ

നഗരസഭാ വിഹിതവും ചേർത്ത് 1,44,652 രൂപ ഫണ്ടിലേക്ക് ഒടുക്കുന്നതിനായി ഇ.പി.എഫ് കമ്മീഷനിൽനിന്ന് ലഭിച്ചിട്ടുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ നഗരസഭക്ക് ഒടുക്കേണ്ടതായി വന്നു. 18.09.2015 ലെ നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരമാണ് ഇ.പി.എഫ് കമ്മീഷണർക്ക് തുക ഒടുക്കിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന ജീവനക്കാരിൽനിന്ന് അവരുടെ വിഹിതം തിരിച്ചുപിടിച്ച് നഗരസഭ ഫണ്ടിൽ ഒടുക്കുന്നതാണ് എന്ന കൗൺസിൽ തീരുമാനപ്രകാരമാണ്, പിഴ അധികരിക്കുന്നതിന് മുമ്പ് തുക ഒടുക്കിയിട്ടുള്ളത്. പിഴ തിരികെ ഈടാക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38 തീയ്യതി 03.08.2017) നാല് ജീവനക്കാരിൽനിന്ന് 42,564 പിടിച്ചതിന്റെ വിവരം ഹാജരാക്കുകയുണ്ടായി. എന്നാൽ 05/2011 മുതലുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള മറ്റ് ജീവനക്കാരുടെ തുക അവർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങളിൽ നിന്ന് തിരിച്ചുപിടിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരിച്ചുപിടിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായവരിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-4 ഇ.പി.എഫ് - മാസവിഹിതം ഒടുക്കാത്തതിനാൽ നഗരസഭ പിഴയും പലിശയുമായി ₹ 37,394 ഒടുക്കേണ്ടിവന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1952 ലെ എംപ്ലോയിമെന്റ് പ്രൊവിഡന്റ് ഫണ്ട്സ് & മിസല്ലേനിയസ് പ്രൊവിഷൻസ് ആക്ട് , 1952 ലെ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് സ്കീം എന്നിവ പ്രകാരം ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 12% അതാത് മാസം അവസാനിച്ച് 15 ദിവസത്തിനകം ഈടാക്കി ഒടുക്കേണ്ടതും ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴപ്പലിശയടക്കം ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

5/2011 മുതൽ 7/2015 വരെയുള്ള കാലയളവിൽ തലശ്ശേരി നഗരസഭയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ EPF വിഹിതം ഒടുക്കുവാനുണ്ടായ കാലതാമസം കാരണം പി.എഫ് കമ്മീഷണറുടെ 26.04.16 ലെ KR/KNR/1148282/000/ENF/505 Damages നമ്പർ സമൻസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പിഴയും പലിശയും ചേർത്ത് ആകെ 37,394/-രൂപ വൗച്ചർ നമ്പർ 360/20.08.16 പ്രകാരം ഒടുക്കിയിട്ടുണ്ട്.

ഇ.പി.എഫ് വിഹിതം സമയബന്ധിതമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും ഈടാക്കാതെ നഗരസഭാ ഫണ്ടിൽനിന്നും ഒടുക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.39 / 03.08.2017) 2011 മുതലാണ് നഗരസഭയിലെ സി.എൽ.ആർ ജീവനക്കാർക്ക് ഇ.പി.എഫ് ബാധകമാക്കി അറിയിപ്പ് ലഭിക്കുന്നതെന്നും പ്രസ്തുത കാലയളവിൽ തലശ്ശേരി നഗരസഭയിലെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നതിനാൽ ജീവനക്കാരുടെ ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും മുടക്കം കൂടാതെ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നുവെന്നും മറ്റൊരു ആനുകൂല്യവും അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമായിരുന്നതിനാലുമാണ് ഇ.പി.എഫ് വിഹിതം അടക്കാൻ കഴിയാതെ പോയത് എന്ന വിശദീകരണമാണ് തന്നിട്ടുള്ളത്. ജീവനക്കാർ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും തുക അടച്ചതിന് വിഷയം കൗൺസിലിന്റെ പരിഗണനക്കായി അയച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പലിശയിനത്തിൽ ഒടുക്കിയ 37,394 രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

# 3-5 സമയപരിധി കഴിഞ്ഞിട്ടും യാത്രാപ്പടി അനുവദിച്ചു-₹ 5,908/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

വൗച്ചർ നമ്പർ : 1) 876/30.03.2017 തുക 1,846

വൗച്ചർ നമ്പർ : 2) 877/30.03.2017 തുക 4,062

തലശ്ശേരി നഗരസഭ ഗ്രേഡ് I ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഉസ്മാൻ ചാലിയാടൻ 14.10.2011 മുതൽ 30.11.2011 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള യാത്രയ്ക്ക് യാത്രാബത്ത ഇനത്തിൽ മേൽ വൗച്ചറുകൾ പ്രകാരം 30.03.2017

ന് 5,908 രൂപ അനുവദിച്ചിട്ടുണ്ട്. 11/2011 ന് ചെയ്തിട്ടുള്ള യാത്രയ്ക്ക് 5 വർഷത്തെ കാലയളവിന് ശേഷമാണ് പ്രസ്തുത ബത്ത അനുവദിച്ചിട്ടുള്ളത്.

യാത്രാബത്തയ്ക്കുള്ള അപേക്ഷയിലും ബില്ലിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം യാത്രാഡയറിയും സമർപ്പിച്ചിട്ടില്ല. തീയ്യതി രേഖപ്പെടുത്താത്തതിനാൽ എത്ര കാലയളവ് കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത് എന്ന് വ്യക്തമല്ല. കേരള ഫിനാഷ്യൽ കോഡ് ആർട്ടിക്കിൾ 56 (ഡി) പ്രകാരം യാത്രാബത്തയ്ക്ക് അർഹമാകുന്ന തീയ്യതി മുതൽ രണ്ട് വർഷത്തിനുള്ളിൽ അവകാശപ്പെടേണ്ടതാണ്. പ്രസ്തുത കാലയളവിന് ശേഷം അവകാശപ്പെടുന്ന യാത്രാബത്ത അനുവദിക്കാവുന്നതല്ല. സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി മാത്രമേ ഇത്തരത്തിൽ സമയപരിധി കഴിഞ്ഞ യാത്രബത്ത ക്ലെയിമിന് തുക അനുവദിക്കാവൂ എന്ന് കേരള ഫിനാഷ്യൽ കോഡ് ആർട്ടിക്കിൾ 56 (എ) യിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ മാനദണ്ഡം പാലിക്കാതെ അനുവദിച്ച യാത്രാബത്ത 5,908 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 44/2016-17 തീയ്യതി 14.08.17) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-6 നഗരസഭ ജീവനക്കാർ ഉയർന്ന പരിധിയിൽ കവിഞ്ഞ് യാത്രബത്ത കൈപ്പറ്റി- ₹ 56,483 തടസ്സപ്പെടുത്തുന്നു

ധനകാര്യ വകുപ്പിന്റെ 28.01.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 74/2012/ഫിൻ പ്രകാരം 01.07.2011 മുതലും 09.09.2016 ലെ സർക്കാർ ഉത്തരവ് നം.137/2016 ധന. പ്രകാരം ഉത്തരവ് തീയ്യതി മുതലും ജീവനക്കാരുടെ യാത്രാബത്തയും പ്രതിമാസ ത്രൈമാസ പരിധി പുതുക്കി നിശ്ചയിട്ടുള്ളതാണ്.

സംസ്ഥാന തലത്തിൽ അധികാരപരിധിയുള്ള ഉദ്യോഗസ്ഥർ സംസ്ഥാനത്തിനകത്ത് നടത്തുന്ന യാത്രകൾക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധി തന്നെയാണ് സംസ്ഥാന തലത്തിൽ യാത്രനടത്തുന്ന നഗരസഭ പരിധിയുള്ള ഉദ്യോഗസ്ഥർക്കും ബാധകമായിട്ടുള്ളത്. നഗരസഭ ജീവനക്കാർ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന പരിധിയിൽ കൂടുതൽ യാത്രാബത്ത കൈപ്പറ്റിയതിന്റെ വിശദ വിവരം ചുവടെ നൽകുന്നു.

| വൗച്ചർ നം | ജീവനക്കാരുടെ പേര്/ ഉദ്യോഗപ്പേര് | മാസം/ വർഷം | കൈപ്പറ്റിയ യാത്രാബത്ത | ഉയർന്ന പരിധി | | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|---|
| | | | | മാസം | ത്രൈമാസം | |
| 198/22/6/16 | ടി.പി.സതീശൻ, സെക്രട്ടറി | 4/16 | 5,180 | 3,500 | | 1,680 |
| 199/22/6/16 | | 5/16 | 4,425 | 3,500 | | 925 |
| 416/06.09.16 | സ്മിജേഷ്.എം.കെ (റവന്യൂ ഇൻസ്പെക്ടർ) | 1/16 | 2,067 | 1,820 | | 247 |
| 412/06.09.16 | സുരേഷ് ബാബു.കെ (സൂപ്രണ്ട്) | 1/15 | 2,959 | 2,450 | | 509 |
| 415/06.09.16 | | 2/15 | 2,959 | 2,450 | | 509 |
| 877/01.03.17 | ഉസ്മാൻ ചാലിയാടൻ ഗ്രേഡ് II (എച്ച് ഐ) | 11/2011 | 4,062 | 2,450 | | 1,612 |
| 995/30.03.17 | പി.രാധാകൃഷ്ണൻ, സെക്രട്ടറി (68,700) | 7/15 | 7,688 | 3,500 | 10,500 | 10,850 |
| 996/30.03.17 | | 8/15 | 4,806 | 3,500 | | |
| 997/30.03.17 | | 9/15 | 8,856 | 3,500 | | |
| 999/30.03.17 | | 12/15 | 5,904 | 3,500 | 10,500 | 10,642 |
| 1000/30.03.17 | | 01/16 | 2,952 | 3,500 | | |
| 1001/30.03.17 | | 2/16 | 12,286 | 3,500 | | |
| 1005/30.03.17 | | 6/16 | 6,782 | 3,500 | 10,500 | 14,473 |

| | | | | | | |
|---|---|---|---|---|---|---|
| 1006/30.03.17 | | 7/16 | 7,617 | 3,500 | | |
| 1007/30.03.17 | | 8/16 | 10,574 | 3,500 | | |
| 1008/30.03.17 | | 9/16 | 3,391 | 4,900 | | |
| 1009/30.03.17 | | 10/16 | 3,391 | 4,900 | 14,700 | 1,929 |
| 1010/30.03.17 | | 11/16 | 9,847 | 4,900 | | |
| 1011/30.03.17 | | 12/16 | 4,025 | 4,900 | | |
| 1012/30.03.17 | | 1/17 | 13,608 | 4,900 | 14,700 | 13,107 |
| 1013/30.03.17 | | 2/17 | 10, 174 | 4,900 | | |
| **ആകെ** | | | | | | **56,483** |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43 തീയ്യതി 10.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ വിശദീകരണം നൽകാത്തതിനാൽ 56,483 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 പ്രവർത്തനരഹിതമായ ബയോഗ്യാസ് പ്ലാന്റുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കി- 16,921 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ പ്രവർത്തനരഹിതമായിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ കറണ്ട് ചാർജ് ഇനത്തിൽ 2016-17 വർഷം 9744, 9283 എന്നീ കൺസ്യൂമർ നമ്പറുകളിൽ 16,921 രൂപ താഴെ കൊടുത്ത പ്രകാരം ഒടുക്കിയിട്ടുണ്ട്.

| കൺസ്യൂമർ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| **9283** | 58/4-/16 | 2,434 |
| | 203/6-16 | 2,107 |
| | 534/10-16 | 928 |
| | 672/12-16 | 1,470 |
| | 846/2-17 | 1,470 |
| **9744** | 74/5-14 | 1,471 |
| | 239/7-16 | 1,159 |
| | 384/9-16 | 1,470 |
| | 567/11-16 | 1,470 |
| | 672/12-16 | 1,472 |
| | 861/3-17 | 1,470 |
| **ആകെ** | | **16,921** |

പ്രവർത്തനരഹിതമായ ബയോഗ്യാസ് പ്ലാന്റുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുക വഴി നഗരസഭയ്ക്ക് 16,921 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായതിനാൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ മിനിമം ചാർജ്ജ് ആണ് ഒടുക്കുന്നതെന്ന് മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.51/2016-17 തീയ്യതി 24.08.2017) ലഭിച്ച മറുപടിയിൽ അറിയിക്കുകയുണ്ടായി. നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തന

സജ്ജമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ഈ ഇനത്തിൽ ഒടുക്കിയ 16,921 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 നിരസിക്കുന്ന ചെക്കുകൾക്ക് ബാങ്ക് ചാർജ് -നഗരസഭ ഫണ്ടിന് നഷ്ടം

നഗരസഭയിലെ 2016-17 കാലയളവിലെ ബാങ്ക് പാസ്സ്ബുക്കുകൾ പരിശോധനാ വിധേയമാക്കിയതിൽ, വിവിധ വരവിനങ്ങളിലായി നഗരസഭ സ്വീകരിച്ച ചില ചെക്കുകൾ , പ്രസ്തുത ചെക്കുകൾ സമർപ്പിച്ച വ്യക്തികളുടെ അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തത് കാരണം ബാങ്ക് നിരസിച്ചതായി കണ്ടു. ഇത്തരം ചെക്കുകൾക്ക് ബാങ്ക് ചാർജ് ഈടാക്കിയിട്ടുള്ളതിനാൽ 2016-17 വർഷം നഗരസഭ ഫണ്ടിന് 3,680 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിരം താഴെ കൊടുക്കുന്നു.

| തീയ്യതി | ചെക്ക് നമ്പർ | ചെക്ക് തുക | കലക്ഷൻ ചാർജ് |
|---|---|---|---|
| 18.03.2017 | 999896 | 2,000 | 115 |
| 17.03.2017 | 230353 | 3,367 | 115 |
| 03.03.2017 | 60845 | 4,308 | 230 |
| | 801533 | 37,440 | |
| 27.02.2017 | 7572 | 1,08,963 | 230 |
| 10.02.2017 | 230352 | 3,367 | 230 |
| | 421797 | 77,000 | |
| 09.02.2017 | 999879 | 1,925 | 115 |
| 13.01.2017 | 1305 | 6,106 | 115 |
| 12.01.2017 | 1304 | 7,670 | 115 |
| 03.01.2017 | 6743 | 35,656 | 115 |
| 22.12.2016 | 314630 | 37,888 | 115 |
| 20.12.2016 | 29733 | 69,025 | 115 |
| 18.11.2016 | 143879 | 1,23,580 | 230 |
| 07.10.2016 | 93601 | 1,250 | 230 |
| | 4861 | 90,261 | |
| 05.12.2016 | 203471 | 23,024 | 1,610 |
| | 28351 | 25,000 | |
| | 28801 | 25,000 | |
| | 28802 | 25,000 | |
| | 895285 | 25,250 | |
| | 28803 | 34,000 | |
| | 127180 | 51,952 | |
| | 28352 | 66,200 | |
| | 28804 | 67,000 | |
| | 200407 | 3,52,400 | |
| | | | |

| | | | |
|---|---|---|---|
| | 24735 | 5,63,757 | |
| | 43000 | 6,34,700 | |
| | 139816 | 6,45,000 | |
| **ആകെ** | | | **3,680** |

ഇത്തരം ചെക്കുകളുടെ പിന്നീടുള്ള അടവ് വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 52/2016-17 തീയ്യതി 25.08.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മുനിസിപ്പാലിറ്റി സ്വീകരിക്കുന്ന ചെക്കുകൾ ബാങ്ക് നിരസിക്കുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2007 ലെ 19, 20 ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ചെക്കുകൾ ബാങ്ക് നിരസിക്കുമ്പോൾ, അത്തരം ചെക്കുകൾ ക്യാൻസൽ ചെയ്ത വിവരം അവ സമർപ്പിച്ച വ്യക്തികളെ അറിയിക്കേണ്ടതും പ്രസ്തുത തുകകൾ പിന്നീട് അടവാക്കുമ്പോൾ അതോടൊപ്പം ബാങ്ക് ചാർജ്ജും ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ പാലിച്ചതായി കാണുന്നില്ല. ആയതിനാൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ നഗരസഭക്ക് നഷ്ടം വന്ന തുക ചെക്ക് സമർപ്പിച്ച വ്യക്തികളിൽനിന്നും ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാങ്ക് നിരസിക്കുന്ന ചെക്ക് തുകകളുടെ പിന്നീടുള്ള അടവ് വിവരം നഗരസഭ ഉറപ്പാക്കേണ്ടതും ബാങ്ക് ചാർജ് ഒടുക്കുന്നത് വഴി നഗരസഭ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 ലൈബ്രറി സെസ്സ് കുടിശ്ശിക ഒടുക്കാത്തത് - സംബന്ധിച്ച്.

ലൈബ്രറി സെസ്സ് രജിസ്റ്റർ, പേജ് 31 പരിശോധിച്ചതിൽനിന്നും 2011-12 വർഷം മുതൽ 2016-17 വർഷം വരെ ലൈബ്രറി സെസ്സ് ഇനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകുവാനുള്ള കുടിശ്ശിക 1,04,02,707 രൂപയാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലൈബ്രറി സെസ്സ് കുടിശ്ശിക |
|---|---|
| 2011-12 | 13,96,457 |
| 2012-13 | 14,67,207 |
| 2013-14 | 13,43,370 |
| 2014-15 | 16,55,604 |
| 2015-16 | 12,38,129 |
| 2016-17 | 33,01,940 |
| **ആകെ** | **1,04,02,707** |

2016-17 വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയായി കാണിച്ചിരിക്കുന്ന തുക 95,07,542 രൂപയാണ്. രജിസ്റ്ററിലെയും വാർഷിക കണക്കിലെയും കുടിശ്ശിക തുകകളിലെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/2016-17 തീയ്യതി 18.08.2017) 14.11.2017 ലെ എ3/38167/17 നമ്പർ കത്ത് പ്രകാരമുള്ള മറുപടിയിൽ ഡബിൾ എൻട്രി ലെഡ്ജർ ബുക്ക് പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ അടക്കുവാനുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്.

| വർഷം | ലൈബ്രറി സെസ്സ് കുടിശ്ശിക |
|---|---|

| | |
|---|---|
| 2011-12 | 12,45,886 |
| 2012-13 | 13,24,081 |
| 2013-14 | 10,25,197 |
| 2014-15 | 17,83,310 |
| 2015-16 | 12,38,129 |
| 2016-17 | 28,60,153 |
| **ആകെ** | 94,76,756 |

ഡബിൾ എൻട്രി അക്കൗണ്ട് ലെഡ്ജർ ബുക്ക് പ്രകാരമുള്ള തുകയാണ് യഥാർത്ഥത്തിൽ ഒടുക്കേണ്ടതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 2016-17 വർഷം വസ്തുനികുതിയുടെ 21.5% (സേവന ഉപനികുതി) ഇനത്തിൽ ചേർത്താണ് എൻട്രി ചെയ്തിട്ടുള്ളതെന്നും ആയതിനാൽ 2016-17 വർഷം വസ്തുനികുതിയിനത്തിൽ ലഭിച്ച 7,28,70,128 രൂപയുടെ 21.5% തുകയായ 1,56,67,077 രൂപ സേവന ഉപനികുതി കുറച്ച് ബാക്കി തുകയായ 5,72,03,051 രൂപയുടെ 5% തുകയായ 28,60,153 രൂപയാണ് 2016-17 വർഷം ഒടുക്കാനുള്ളതെന്നും ഇതുമൂലമാണ് ലൈബ്രറി സെസ്സ് രജിസ്റ്ററിലെയും വാർഷിക കണക്കിലെയും തുകകൾ തമ്മിൽ വ്യത്യാസമുണ്ടായതെന്നുമാണ് മേൽ കത്തിലെ മറുപടി. രജിസ്റ്ററിലെയും വാർഷിക കണക്കിലെയും 2011-12 വർഷം മുതൽ 2015-16 വർഷം വരെയുള്ള കണക്കുകളിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ലാത്തതിനാൽ മറുപടിയുടെ കൃത്യത വ്യക്തമല്ല.

ലൈബ്രറി സെസ്സ് കുടിശ്ശിക ഒടുക്കുവരുത്തുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ലെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് കുടിശ്ശിക തുക അടച്ചു തീർക്കുന്നതിനുമാണ് നഗരസഭ പരിശ്രമിക്കുന്നതെന്നും മേൽ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

ലെഡ്ജറിലെ കണക്കുകളാണ് കൃത്യമെങ്കിൽ വാർഷിക കണക്കിൽ വ്യത്യാസമുണ്ടായതെങ്ങനെയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. കുടിശ്ശികയായ ലൈബ്രറി സെസ്സ് ഒടുക്കുവരുത്തുവാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈബ്രറി സെസ്സ് സമയബന്ധിതമായി ഒടുക്കുവരുത്താതിരുന്നാൽ ഈ ഇനത്തിൽ ഒടുക്കേണ്ടിവരുന്ന പിഴ സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പെയിൻ 2016 - നഗരസഭയിൽ കാര്യക്ഷമമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.04.2016 ാം തീയ്യതിയിലെ 201/ഡിസി നം 1/2016 നമ്പർ ഉത്തരവ് പ്രകാരം മഴക്കാലത്ത് പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സമഗ്രമായ കർമ്മ പരിപാടി തയ്യാറാക്കി മഴക്കാലം തുടങ്ങുന്നതിന് മുമ്പ് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷം പ്രസ്തുത ക്യാമ്പെയിൻ നടപ്പാക്കുന്നതിനായി അനുവദിച്ച തുക മുഴുവനും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ തലശ്ശേരി നഗരസഭയ്ക്ക് 2016-17 വർഷം ഫണ്ട് ലഭ്യമായിട്ടില്ല. പകർച്ച വ്യാധികൾ മുമ്പെത്തക്കാളും വർദ്ധിച്ച തോതിൽ പടർന്നു പിടിച്ചിരിക്കുന്ന അവസരത്തിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് നഗരസഭ വേണ്ടത്ര ഗൗരവം നൽകുന്നില്ല . നഗരസഭയുടെ അനിവാര്യ ചുമതലകളിൽ ഒന്നായ ഖരമാലിന്യ സംസ്കരണവും രോഗപ്രതിരോധവും നിർവ്വഹിക്കുന്നതിന് നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 പ്രവർത്തനരഹിതമായ ജൈവ മാലിന്യ പ്ലാന്റുകൾ

നഗരസഭയിലെ ജൈവ മാലിന്യ പ്രശ്നത്തിന് പരിഹാരം എന്ന നിലയിൽ മൂന്ന് ഇടങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സോഷ്യോഎക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കോഴിക്കോട് എന്ന സ്ഥാപനമാണ് മൂന്ന് ഇടങ്ങളിലെയും പ്ലാന്റുകൾ സ്ഥാപിച്ചത്. ബയോഗ്യാസ് പ്ലാന്റുകളുടെ തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനവുമായിട്ടുള്ള തർക്കം കാരണം അറ്റകുറ്റപ്പണി നടത്താതെ പ്ലാന്റുകൾ പ്രവർത്തന രഹിതമായിരിക്കുകയാണ്.

നഗരസഭയിലെ വെജിറ്റബിൾ മാർക്കറ്റിൽ 10,61,729 രൂപ ചെലവഴിച്ച് 2009 മുതൽ പ്രവർത്തനം ആരംഭിച്ച ബാർക്ക് ടെക്നോളജി ഉപയോഗിച്ചുള്ള ഫ്ലോട്ടിങ്ങ് ടൈപ്പ് പ്ലാന്റ് ഒരു ടൺ മാലിന്യ സംസ്കരണ ശേഷിയുള്ളതാണ്. എന്നാൽ 2012 മുതൽ ഇത് പ്രവർത്തിക്കുന്നില്ല.

നഗരസഭയിലെ മത്സ്യമാർക്കറ്റിൽ 9,87,105 രൂപ ചെലവിൽ 2009 ൽ സ്ഥാപിച്ച 0.5 ടൺ ശേഷിയുള്ള പ്ലാന്റ് 2015 മുതൽ പ്രവർത്തനം നിർത്തിവെച്ചു.

1 ടൺ മാലിന്യ സംസ്കരണ ശേഷിയുള്ള കണ്ടിക്കൽ ബയോഗ്യാസ് പ്ലാന്റ് 2013 ലും പ്രവർത്തന രഹിതമായി.

പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തുടർപരിപാലനത്തിനും നഗരസഭയുമായി ഉണ്ടാക്കിയ കരാർ ഉടമ്പടിവെച്ച സോഷ്യോഎക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, കോഴിക്കോട് എന്ന സ്ഥാപനം കരാറിൽ നിന്ന് ഏകപക്ഷീയമായി പിൻമാറിയത് കാരണം നഗരസഭയ്ക്ക് കനത്ത നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. സർക്കാരിന്റെ അനുമതിയോടെ ഉചിതമായ നടപടി സ്വീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ എത്രയും വേഗത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനും മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനും നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം - ലോറിയിടിച്ച് അപകടാവസ്ഥയിൽ ആയത് - നഷ്ടപരിഹാരം ഈടാക്കിയില്ല – പൊളിച്ചു നീക്കുന്നതിന് മുൻകൂർ അനുവദിച്ച തുക 35,000 തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ E5 34600/16 പരിശോധിച്ചപ്പോൾ തലശ്ശേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 39/500, 39/501 നമ്പർ കെട്ടിടങ്ങൾ 18.08.2016 ന് തമിഴ് നാട് രജിസ്ട്രേഷനുള്ള TN – 28M-4500 നമ്പർ ലോറി ഇടിച്ച് അപകടാവസ്ഥയിലാവുകയും, കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കേണ്ടിവരികയും ചെയ്തിട്ടുണ്ട് എന്ന് കാണുന്നു. അപകടാവസ്ഥയിലായ ഈ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് 35,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വൗച്ചർ നമ്പർ 369/08-16 തീയ്യതി 29.08.16 ന് മുൻകൂർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത കെട്ടിടങ്ങളുടെ മൂല്യം 2,78,304 രൂപയാണെന്ന് നഗരസഭ നിർണ്ണയിച്ചിട്ടുണ്ട് (ഖണ്ഡിക-2-12 കാണുക) ഈ തുകയും കെട്ടിടം പൊളിക്കാൻ നഗരസഭയ്ക്ക് ചെലവായ തുകയും ഈടാക്കിയതിന് ശേഷം മാത്രമേ ലോറി വിട്ടുകൊടുക്കാൻ പാടുള്ളൂവെന്ന് 23.08.2016 ന് E5-34600/16 നമ്പർ കത്ത് പ്രകാരം സബ് ഇൻസ്പെക്ടർ ഓഫ് പോലീസിനെ അറിയിച്ചതായും കാണുന്നു. എന്നാൽ നാളിതുവരെ നഗരസഭയ്ക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.

പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ സാധന സാമഗ്രികളുടെ മൂല്യം 18,690 (ഖണ്ഡിക-2-11 കാണുക) രൂപയാണെന്ന് നഗരസഭ നിർണ്ണയിച്ചിട്ടുണ്ട്. ഇത് ലേലം ചെയ്യാൻ നടപടി 01/2017 ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

ആയതിനാൽ ലോറിയിടിച്ച് അപകടാവസ്ഥയിലായ കെട്ടിടത്തിന് മുൻകൂറായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച 35,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നഷ്ടപരിഹാരം ഈടാക്കുകയും പൊളിച്ചുമാറ്റിയ സാധനസമഗ്രികൾ ലേലം ചെയ്ത് തുക നഗരസഭ ഫണ്ടിൽ ഒടുക്കുകയും ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 തലശ്ശേരി നഗരസഭയിലെ സ്കൂളുകൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് - വിവരങ്ങൾ ലഭ്യമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ യാതൊരു സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ് എന്ന് 30.12.2016-ലെ നമ്പർ 792455/ ഇ.ഡബ്ല്യൂ.3/2016/തസ്വഭവ നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളും തലശ്ശേരി നഗരസഭാ എഞ്ചിനീയർ നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റോടു

കൂടിയാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ തലശ്ശേരി നഗരസഭയിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് 25.04.2017 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-14 പദ്ധതി നിർവ്വഹണം 2016-17 – പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

2016-17 കാലയളവിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ പദ്ധതി നിർവ്വഹണത്തിൽ നഗരസഭയ്ക്ക് ആവശ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. 500692086/- രൂപ മൊത്തം അടങ്കലുള്ള 553 പദ്ധതികൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ 248 പദ്ധതികളിലായി 121608479 രൂപ മാത്രമേ നഗരസഭ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ അതായത് വകയിരുത്തിയതിന്റെ 24.28 ശതമാനം തുക മാത്രമേ തൻവർഷം നഗരസഭ ചെലവഴിച്ചിട്ടുള്ളൂ. 305 പദ്ധതികൾ നഗരസഭ ഭാഗികമായി പോലും നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ നഗരസഭാ പൊതുമരാമത്ത് വിഭാഗവും ആരോഗ്യ വിഭാഗവും പൂർണ്ണമായി വിജയിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അഞ്ച് നിർവ്വഹണോദ്യോഗസ്ഥൻമാർ വകയിരുത്തിയതിലും നാൽപ്പത് ശതമാനത്തിൽ കുറവ് തുക മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. നഗരസഭ എഞ്ചിനീയർക്ക് 274 പദ്ധതികൾ ഭാഗികമായി പോലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നു.

മേഖലാ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക താഴെ കൊടുക്കുന്നു.

| മേഖല | അടങ്കൽ | ചെലവ് | ശതമാനം (ചെലവ്) |
|---|---|---|---|
| ഉൽപ്പാദനം | 4,20,50,838.00 | 63,30,851.00 | 15.05 |
| സേവനം | 24,13,51,952.00 | 5,87,85,375.00 | 24.35 |
| പശ്ചാത്തലം | 21,72,89,296.00 | 5,64,92,253.00 | 25.99 |
| ആകെ | 50,06,92,086.00 | 12,16,08,479.00 | 24.28 |

നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം കാണിക്കുന്ന പത്രിക താഴെ കൊടുക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായോ പൂർണ്ണമായോ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | തീരെ നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം | ശതമാനം (നടപ്പിലാക്കിയത്) |
|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 0 | 100.00 |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | 2 | 2 | 0 | 100.00 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 7 | 7 | 0 | 100.00 |
| കൃഷി ഓഫീസർ | 11 | 11 | 0 | 100.00 |
| സെക്രട്ടറി, തലശ്ശേരി | 47 | 24 | 23 | 51.06 |

| | | | | |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | | | | |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 7 | 7 | 0 | 100.00 |
| ഹെഡ് മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 3 | 3 | 0 | 100.00 |
| സീനിയർ വെറ്ററിനറി സർജൻ | 11 | 10 | 1 | 90.90 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 16 | 12 | 4 | 75.00 |
| ഹെൽത്ത് ഓഫീസർ | 12 | 10 | 2 | 83.33 |
| ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 9 | 9 | 0 | 100.00 |
| നഗരസഭ എഞ്ചിനീയർ | 411 | 137 | 274 | 33.33 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 0 | 100.00 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 2 | 2 | 0 | 100.00 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 7 | 6 | 1 | 85.71 |
| ആകെ | 553 | 248 | 305 | 44.84 |

നിർവ്വഹണോദ്യോഗസ്ഥൻമാരുടെ അടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും കാണിക്കുന്ന പത്രിക താഴെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ശതമാനം (ചെലവ്) |
|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30,00,000.00 | 5,71,600.00 | 19.05 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 15,75,000.00 | 15,54,064.00 | 98.67 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4,18,620.00 | 4,10,718.00 | 98.11 |
| കൃഷി ഓഫീസർ | 56,73,400.00 | 32,39,288.00 | 57.09 |
| സെക്രട്ടറി, തലശ്ശേരി മുനിസിപ്പാലിറ്റി | 6,69,65,600.00 | 2,50,23,225.00 | 37.36 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | 12,03,500.00 | 11,68,189.00 | 97.06 |
| ഹെഡ് മാസ്റ്റർ ഗവ.യു.പി. സ്കൂൾ | 3,20,820.00 | 3,14,833.00 | 98.13 |
| സീനിയർ വെറ്ററിനറി സർജൻ | 39,18,500.00 | 22,11,473.00 | 56.43 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 3,00,59,599.00 | 1,94,22,879.00 | 64.61 |
| ഹെൽത്ത് ഓഫീസർ | 6,98,20,502.00 | 31,90,955.00 | 4.57 |
| ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ | 67,14,932.00 | 63,22,770.00 | 94.15 |
| നഗരസഭ എഞ്ചിനീയർ | 29,88,50,563.00 | 4,99,10,643.00 | 16.70 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 78,16,800.00 | 66,12,705.00 | 84.59 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പ് | 94,450.00 | 87,500.00 | 92.64 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 42,59,800.00 | 15,67,637.00 | 36.80 |

| | | | |
|---|---|---|---|
| ആകെ | 50,06,92,086.00 | 12,16,08,479.00 | 24.28 |

ഈ വിഷയം സംബന്ധിച്ച് 04.05.2017 ലെ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി സമർപ്പിച്ച മറുപടി പ്രകാരം തലശ്ശേരി നഗരസഭയ്ക്ക് അധിക ബജറ്റ് വിഹിതമായി ലഭിച്ച തുകയുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നഗരസഭകൾക്കുള്ള ലോകബാങ്ക് പ്രത്യേക ധനസഹായമായി ലഭിച്ച തുകയുടെയും പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ഫിബ്രുവരി മാസം പകുതിയോടുകൂടി മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും ഇതിനുപുറമേ നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ വീഴ്ചയുമാണ് പദ്ധതി നിർവ്വഹണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-15 നഗരസഭ വാർഡുകളിലേക്ക് ട്യൂബ് സെറ്റ് വാങ്ങൽ - ന്യൂനതകൾ - 46,80,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - എസ്.ഒ. 443/17

ഫയൽ നമ്പർ - ഇ.6-4245/17

അടങ്കൽ - 46,80,000/-

ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്

ബിൽ നമ്പർ - 57/2016-17 തീയ്യതി 25.03.2017
നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി, തലശ്ശേരി നഗരസഭ

നിർവ്വഹണ ഏജൻസി - കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമി.

നഗരസഭാ വാർഡുകളിലേക്ക് ട്യൂബ് സെറ്റ് വാങ്ങൽ എന്ന പദ്ധതിയ്ക്കായി 2016-17 കാലയളവിൽ കെ.എസ്.ഇ.ബി.-യ്ക്ക് 46,80,000/- രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ഈ പദ്ധതിയുടെ നിർവ്വഹണം നാളിതുവരെയായി പൂർത്തിയായിട്ടില്ല

2. ലൈറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ലൊക്കേഷനുകൾ പോലും നഗരസഭ തീർച്ചപ്പെടുത്തിയിട്ടില്ല.

3. കെ.എസ്.ഇ.ബി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കെ.എസ്.ഇ.ബി.- യുമായി കരാർ ഉടമ്പടി ഉണ്ടാക്കിയിട്ടില്ല.

4. ട്യൂബ് ലൈറ്റ് സെറ്റിന് പകരം എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് 16.05.2017-ന് ഇ.6- 4245/17 നമ്പരായി കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നഗരസഭാ സെക്രട്ടറി കത്ത് നൽകിയതായി കാണുന്നു. എന്നാൽ :

എ) പ്രോജക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

ബി) ട്യൂബ് ലൈറ്റ് സെറ്റിന് പകരം എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിനായി നഗരസഭ കൗൺസിൽ അംഗീകാരം നൽകിയതായി കാണുന്നില്ല.

സി) എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങിയതായി കാണുന്നില്ല.

ഡി) കത്തിൽ സൂചന 4 ആയി ബഹു. നഗരസഭ ചെയർമാന്റെ നിർദ്ദേശം എന്ന് രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും ഫയലിൽ ചെയർമാൻ നിർദ്ദേശം നൽകിയതായി കാണുന്നില്ല.

ആയതിനാൽ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 46,80,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-16 തലശ്ശേരി നഗരസഭ – സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി - നഗരസഭാ വിഹിതം ഒടുക്കൽ - 2,02,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - എസ്.ഒ. 709/17

ഫയൽ നമ്പർ - ഇ.6-46341/17

അടങ്കൽ - 2,02,000/-

ഫണ്ട് - വികസന ഫണ്ട്

ബിൽ നമ്പർ - 41/2016-17 തീയ്യതി 28.02.2017

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി, തലശ്ശേരി നഗരസഭ

നിർവ്വഹണ ഏജൻസി - കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമി.

തലശ്ശേരി നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ അടങ്കൽ തുക 20.83 ലക്ഷം രൂപ ആണെന്നും ഇതിൽ തലശ്ശേരി നഗരസഭയിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് 4.04 ലക്ഷം രൂപയാണ് അടങ്കലെന്നും ആയതിന്റെ 50 ശതമാനം തുകയായ 2,02,000/- രൂപ ഒടുക്കുന്നതിന് കെ.എസ്.ഇ.ബി.-യുടെ 11.11.2016-ലെ ഇ.ഡി.-തലശ്ശേരി/ടി.എസ്.1/തലശ്ശേരി-നി.മ/16-17 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് തലശ്ശേരി നഗരസഭ വികസന ഫണ്ടിൽനിന്നും 2,02,000/- രൂപ 2016-17 കാലയളവിൽ കെ.എസ്.ഇ.ബി.-യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. തലശ്ശേരി നഗരസഭാ വിഹിതം സംബന്ധിച്ച് 11.11.2016-ലെ കത്തിൽ സൂചിപ്പിച്ചതല്ലാതെ വിശദമായ എസ്റ്റിമേറ്റോ, തലശ്ശേരി നഗരസഭയുടെ വിഹിതം കണക്കാക്കിയതിന്റെ വിശദാംശങ്ങളോ ഫയലിൽ ലഭ്യമല്ല.

2. ഈ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

3. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ആയതിനാൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി നഗരസഭ വിഹിതമായി ഒടുക്കിയ 2,02,000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-17 തലശ്ശേരി നഗരസഭ –ആരോഗ്യ വിഭാഗത്തിലേക്ക് വാഹനം വാങ്ങൽ - സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല-

പ്രൊജക്ട് നമ്പർ - എസ്.ഒ. 313/2016-17

ബിൽ നമ്പർ - 6/16-17 തീ.31.01.17, 10/16-17 തീ. 25.03.17

ഫയൽ നമ്പർ - എച്ച്.1-48852/16

തുക - 826884/- (742074/- + 84810)

ഫണ്ട് - വികസന ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

തലശ്ശേരി നഗരസഭ 2016-17 കാലയളവിൽ ആരോഗ്യ വിഭാഗത്തിലേക്ക് ഒരു മഹീന്ദ്ര ബൊലേറോ ജീപ്പ് (രജിസ്ട്രേഷൻ നമ്പർ കെ.എൽ.58.യു. 8853) വാങ്ങുന്നതിനും ആയതിന്റെ രജിസ്ട്രേഷൻ ചെലവുകൾക്കുമായി

8,26,884/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്.)86/06/തസ്വഭവ തീ. 31.03.2006 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്; എന്നാൽ പഴയവാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം മാത്രമേ പുതിയ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്)നം.4/2016 തസ്വഭവ തീയ്യതി 11.01.2016-ലെ (12-ാം പഞ്ചവത്സര പദ്ധതി (2012-17) – 2016-17 വാർഷിക പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ) അനുബന്ധം 15-ലെ ഖണ്ഡിക 7.3 പ്രകാരം 31.03.2006-ലെ ജി.ഒ.(എം.എസ്.)86/2006/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വാഹനങ്ങൾ വാങ്ങാവുന്നതാണെന്നും ഈ പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ (മറ്റ് ഏതൊരു ആവശ്യത്തിനാണെങ്കിലും) വാഹനങ്ങൾ സർക്കാർ അനുമതിയോടുകൂടി മാത്രമേ വാങ്ങാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ ആരോഗ്യവിഭാഗത്തിലേക്ക് ബൊല്ലേറോ ജീപ്പ് വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 19.06.17 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഗരസഭയുടെ ആരോഗ്യ വിഭാഗത്തിന് ഉപയോഗിച്ചു കൊണ്ടിരുന്ന KL-13N-3640 നമ്പർ ബോലേറോ വാഹനം ഉപയോഗശൂന്യമായതുകൊണ്ട് നഗരസഭയിൽ നിത്യേനയുള്ള ഫീൽഡ് പരിശോധന മുടങ്ങാതിരിക്കാനും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പരിശോധിക്കാനും വേണ്ടിയാണ് അടിയന്തിര പ്രാധാന്യത്തോടുകൂടി പുതിയ വാഹനം വാങ്ങിയത് എന്ന് ഹെൽത്ത് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഉപയോഗ ശൂന്യമായ KL-13K-9447 നമ്പർ കാറും KL-13N-3640 നമ്പർ ബോലേറോ വാഹനവും സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ലേലം ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

# 3-18 എ.ബി.സി. പദ്ധതി - നഗരസഭാ പരിധിയിൽ നടപ്പാക്കിയില്ല.

പ്രൊജക്റ്റ് നമ്പർ - എസ്.ഒ. 292/2016-17

ബിൽ നമ്പർ - 3/2016-17 തീ. 30.08.2016

ഫയൽ നമ്പർ - എച്ച്.4-37098/16 / എച്ച്.4-35648/16

തുക - 1,00,000/-

ഫണ്ട് - വികസന ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന് തലശ്ശേരി നഗരസഭാ വിഹിതമായി 1,00,000/- രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന് 2016-17 കാലയളവിൽ വികസന ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. എ.ബി.സി. പദ്ധതി നാളിതുവരെയായി നടപ്പിലാക്കിയിട്ടില്ല. (തലശ്ശേരി നഗരസഭ സെക്രട്ടറി നഗരകാര്യ സെക്രട്ടറിക്ക് എ.ബി.സി. പ്രോഗ്രാം സംബന്ധിച്ച് 15.06.2017-ന് സമർപ്പിച്ച പ്രതിവാര പുരോഗതി പത്രികയിൽ എ.ബി.സി. പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്)

2. സുപ്രിംകോടതിയുടെ 03.03.2017-ലെ എസ്.എൽ.പി. 691/2009-ലെ വിധിന്യായം പ്രകാരം പുറപ്പെടുവിച്ച സ.ഉ.(ആർ.ടി.)നം.1546/2017/തസ്വഭവ തീ. 11.05.2017-ൽ തെരുവുനായകളുടെ ആക്രമണത്തിൽ ഇരയായവർക്ക് പദ്ധതി വിഹിതം/തനത് ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുപ്രീംകോടതി വിധിക്കു ശേഷവും എ.ബി.സി. പദ്ധതി നടപ്പിലാക്കാൻ തലശ്ശേരി നഗരസഭയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടലുകൾ നടന്നതായി കാണുന്നില്ല.

3. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭാ വിഹിതമായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ഒടുക്കിയ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-19 തലശ്ശേരി നഗരസഭയുടെ കീഴിലുള്ള വിവിധ മാർക്കറ്റുകൾ/ ഓഡിറ്റോറിയങ്ങൾ/ ഹോട്ടലുകൾ/ഫ്ലാറ്റുകൾ/ ഇതര സ്ഥാപനങ്ങൾ - ഖരമാലിന്യസംസ്കരണത്തിന് എയറോബിക് ബയോബിൻ (തുമ്പൂർമൂഴി) സംവിധാനം - നിയമസഭാ സമിതിയുടെ ശുപാർശ നടപ്പിലാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള വിവിധ മാർക്കറ്റുകൾ/ ഓഡിറ്റോറിയങ്ങൾ/ ഹോട്ടലുകൾ/ ഫ്ലാറ്റുകൾ/ഇതര സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണത്തിന് എയറോബിക് ബയോബിൻ (തുമ്പൂർമൂഴി) സംവിധാനം ഒരുക്കാവുന്നതാണ് എന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 65-മത് റിപ്പോർട്ടിലും ശുചിത്വ മിഷന്റെ 01.08.2016-ലെ നമ്പർ 1876/സി.1/2016/എസ്.എം. സർക്കുലറിലും ശുപാർശ ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭാ പരിധിയിൽ 1405 ഓളം വരുന്ന വിവിധ മാർക്കറ്റുകൾ/ ഓഡിറ്റോറിയങ്ങൾ / ഹോട്ടലുകൾ/ഫ്ലാറ്റുകൾ/ഇതര സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിന് എയറോബിക് ബയോബിൻ (തുമ്പൂർമൂഴി) സംവിധാനം ഒരുക്കിയിട്ടില്ല. 1405 സ്ഥാപനങ്ങളിൽ 315 എണ്ണത്തിന് മാത്രമേ സ്വന്തമായി ഖരമാലിന്യ സംസ്കരണ സംവിധാനമുള്ളൂ (25.04.2017 ലെ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ സെക്രട്ടറി സമർപ്പിച്ച മറുപടി പ്രകാരം). നഗരസഭ ടൗൺഹാൾ പരിസരത്ത് തുമ്പൂർമൂഴി മാതൃകയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 2016-17 കാലയളവിൽ 1,22,000/- രൂപ അടങ്കൽ ഉള്ള പദ്ധതി തയ്യാറാക്കിയെങ്കിലും (പ്രൊജക്ട് നം.285/16-17) ആയത് നടപ്പിലാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-20 സ്ത്രീകൾക്കായുള്ള യോഗപരിശീലനം - ആയുഷിന്റെ പങ്കാളിത്തം ഇല്ല.

| | |
|---|---|
| പ്രൊജക്ട് നം | 441/2016-17 |
| പ്രൊജക്ടിന്റെ പേര് | സ്ത്രീകൾക്കായുള്ള യോഗപരിശീലനം - ആയുഷുമായി സഹകരിച്ച് |
| ഫണ്ട് | വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ (ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |
| ഫയൽ നം | എച്ച്4/1866/17 |
| ബിൽ നമ്പർ/തീയ്യതി | 27/30.03.2017 |
| ബിൽ തുക | ₹ 3,54,000/- |

തലശ്ശേരി നഗരസഭ 2016-17 കാലയളവിൽ സ്ത്രീകൾക്കായുള്ള യോഗപരിശീലനം പദ്ധതി നടപ്പിലാക്കുന്നതിനായി ₹3,54,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ (സാധാ)നം 2037/2016/തസ്വഭവ തീയ്യതി 30.06.16 പ്രകാരം വനിതകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് യോഗപരിശീലനത്തിന് ആയുഷുമായി സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്. എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ ആയുഷിന്റെ സഹകരണമോ പങ്കാളിത്തമോ മാർഗ്ഗനിർദ്ദേശമോ ഇല്ലാതെയാണ് തലശ്ശേരി നഗരസഭ യോഗ പരിശീലന പരിപാടി നടപ്പിലാക്കിയത് എന്ന് വ്യക്തമാകുന്നു. എന്നാൽ തലശ്ശേരി നഗരസഭയിലെ ഗവ.ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസർ ഈ പദ്ധതി കൃത്യമായി നടപ്പാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ കൃത്യമായി പാലിക്കേണ്ടതാണ്.

# 3-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 617/2016/17 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകൽ |
| ഫണ്ട് | വികസന ഫണ്ട് (എസ് സി പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ (ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |
| ഫയൽ നം | എച്ച്4/12783/17 |
| ബിൽ നമ്പർ/ തീയ്യതി/ ബിൽ തുക | 21/16-17 തീ.21.03.17 ₹ 50,000/- |
| | 32/16-17 തീ.31.03.17 ₹ 50,000/- |

തലശ്ശേരി നഗരസഭ 2016-17 കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം (ആകെ 1 ലക്ഷം രൂപ) മുൻകൂർ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ശ്രീ.രാജേഷ്.എം, ദേവീകൃപ, കാവും ഭാഗം സമർപ്പിച്ച അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷയോടൊപ്പം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഇതിനുപുറമെ നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് യുപിഎ പ്രൊജക്ട് ഓഫീസർ രേഖാമൂലം മറുപടിയും സമർപ്പിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ബിൽ നമ്പർ 21/17 തീയ്യതി 21.03.17 പ്രകാരം പഠനമുറി നിർമ്മാണത്തിന് ശ്രീ.രാജേഷ് .എം ന് അനുവദിച്ച ധനസഹായമായ 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ശ്രീ.അശോകൻ.എം, അനന്യ നിവാസ്, മൂഴിക്കര സമർപ്പിച്ച അപേക്ഷയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.
   (a) സ.ഉ (സാധാ) നമ്പർ 626/2016/ത.സ്വ.ഭ.വ തീയ്യതി 15.02.16 പ്രകാരം നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. ശ്രീ.അശോകന്റെ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 1043.023 ചതുരശ്ര അടി ആണെന്ന് കാണുന്നു. (നഗരസഭ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ E.5/BA/684/16-17 പ്രകാരവും ഓഡിറ്റ് അന്വേഷണത്തിന് യുപിഎ പ്രൊജക്ട് ഓഫീസർ രേഖാമൂലം സമർപ്പിച്ച മറുപടി പ്രകാരവും) ഇതുപ്രകാരം പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായത്തിന് ശ്രീ.അശോകൻ.എം അർഹനല്ല.
   (b) അപേക്ഷയോടൊപ്പം തയ്യാറാക്കിയ എസ്റ്റിമേറ്റ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.
   (c)പഠന മുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ പരാമർശിച്ച ന്യൂനതകൾ കാരണം പഠനമുറി നിർമ്മാണത്തിന് ബിൽ നമ്പർ 32/16-17 തീയ്യതി 31.03.17 പ്രകാരം ശ്രീ.അശോകൻ.എം - ന് അനുവദിച്ച ധനസഹായമായ 50,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസന ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

# 3-22 പി.എം.എ.വൈ പദ്ധതി - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | 704/2016-17, 705/2016-17 |
| പ്രൊജക്റ്റിന്റെ പേര് | പി.എം.എ.വൈ പദ്ധതിക്ക് നഗരസഭ വിഹിതം (പൊതുവിഭാഗം)<br>പി.എം.എ.വൈ പദ്ധതിക്ക് നഗരസഭ വിഹിതം (പട്ടികജാതി വിഭാഗം) |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് വികസന ഫണ്ട് (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ<br>(ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) |
| ഫയൽ നം | എച്ച് 4/27403/16 |

തലശ്ശേരി നഗരസഭ 2016-17 കാലയളവിൽ പി.എം.എ.വൈ പദ്ധതി നടപ്പിലാക്കുന്നതിന് രണ്ട് പ്രൊജക്റ്റുകളിലായി താഴെ വിശദീകരിച്ചത് പ്രകാരം 1,08,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തീയ്യതി | തുക | ഫണ്ട് | പ്രൊജക്റ്റ് നം |
|---|---|---|---|
| 17/16-17-23.02.2017 | 7,00,000 | വികസന ഫണ്ട് (എസ്.സി.പി) | 705/16-17 |
| 18/16-17-27.02.2017 | 1,01,50,000 | ധനകാര്യ കമ്മീഷൻ അവാർഡ് | 704/16-17 |

ഒന്നാംഘട്ടമായി 210 ഗുണഭോക്താക്കളെയാണ് (197 പൊതു വിഭാഗം, 3 ആശ്രയ, 10 പട്ടികജാതി) തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റും ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ 12 ഗുണഭോക്താക്കൾക്ക് നഗരസഭാ പരിധിയിൽ സ്വന്തമായി ഭൂമിയില്ല എന്ന് കാണുന്നു. ഇവർക്ക് മറ്റ് പഞ്ചായത്ത് പ്രദേശങ്ങളിലാണ് ഭൂമി ഉള്ളതായി രേഖപ്പെടുത്തിക്കാണുന്നത്. പി.എം.എ.വൈ മാർഗ്ഗ രേഖയിൽ നഗരസഭാ പ്രദേശത്ത് ഭൂമി ഇല്ലാത്തവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാം എന്ന് വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. നഗരസഭ പരിധിയിൽ ഭൂമി ഇല്ലാത്ത 12 ഗുണഭോക്താക്കളിൽ 4 പേർ ഒന്നാം ഗഡു ധനസഹായമായ 30,000 രൂപ നഗരസഭയിൽനിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം താഴെ കൊടുത്തിട്ടുണ്ട്. തലശ്ശേരി നഗരസഭ കൗൺസിലിന്റെ 16.02.217 ലെ 48-ാം നമ്പർ തീരുമാന പ്രകാരമാണ് ആനുകൂല്യം അനുവദിച്ചത് എന്ന് കാണുന്നു. പി.എം.എ.വൈ മാർഗ്ഗരേഖയ്ക്ക് 09.11.2015 ന് No. N 11027/19/2015-HFA 1/Vol-2 (FTS-13988 പ്രകാരം വരുത്തിയ ഭേദഗതിയിൽ " States/Uts will have the flexibility to include in the mission the Planning area as notified with respect to the statutory town and which surrounds the concerned municipal area" എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതിന് നഗരസഭകൾക്ക് പ്രത്യേക അധികാരം നൽകിയതായികാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം | വാർഡ് നം | വിഭാഗം | സ്ഥലം സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1. | സൗദ.ടി.കെ | 162 | 4 | പൊതു വിഭാഗം | വേങ്ങാട് | 30,000 |
| 2. | ദിനേശൻ.ടി | 25 | 44 | ,, | എരഞ്ഞോളി | 30,000 |
| 3. | ഷരീഫ.യു.പി | 153 | 34 | ,, | പിണറായി | 30,000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | പുഷ്പവല്ലി.കെ.കെ | 106 | 29 | „ | പന്ന്യന്നൂർ | 30,000 |
| 5. | മനോജ് കെ.സി | 69 | 3 | „ | എരഞ്ഞോളി | 0 |
| 6. | ബഷീർ.കെ | 14 | 4 | „ | എരഞ്ഞോളി | 0 |
| 7. | വിനീപ്.പി | 198 | 21 | „ | എരഞ്ഞോളി | 0 |
| 8. | നസിമ | 80 | 29 | „ | കതിരൂർ | 0 |
| 9. | പി.ഉമേഷ് | 85 | 39 | „ | കതിരൂർ | 0 |
| 10. | പത്മനാഭൻ.പി.പി | 86 | 39 | „ | ധർമ്മടം | 0 |
| 11. | സജിന.പി | 138 | 29 | „ | ചൊക്ലി | 0 |
| 12. | ശാരദ.പി.കെ | 152 | 10 | ആശ്രയ | പാട്യം | 0 |
| **ആകെ** | | | | | | **1,20,000** |

ഇത് സംബന്ധിച്ച് പ്രൊജക്ട് ഓഫീസർക്ക് 17.07.2017 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഗരസഭാ പ്രദേശത്ത് ഭൂമിയില്ലാത്ത ഇത്തരം ഗുണഭോക്താൾക്ക് ആനുകൂല്യം നൽകാമോ എന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകണമെന്ന് അർബൻ ഹൗസിങ്ങ് മിഷൻ മെമ്പർ സെക്രട്ടറിയോടും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോടും അപേക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ നഗരസഭാ പ്രദേശത്ത് ഭൂമിയില്ലാത്തതും ഇത്തരം ഗുണഭോക്താൾക്ക് ആനുകൂല്യം നൽകാനുള്ള അനുമതി നഗരസഭക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ പി.എം.എ.വൈ പദ്ധതിക്കായി നഗരസഭാ പ്രദേശത്ത് ഭൂമിയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യമായി അനുവദിച്ച 1,20,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-23 മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ തോണി വാങ്ങുന്നതിന് ധനസഹായം - ന്യൂനതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ തോണി വാങ്ങുന്നതിന് ധനസഹായം |
| പ്രൊജക്ട് നമ്പർ | 283/16-17 |
| ബിൽ നമ്പർ/തീയ്യതി | 2/30.03.17 |
| തുക | 2,24,200 |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

തലശ്ശേരി നഗരസഭയിൽ ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ തോണി വാങ്ങുന്നതിന് ധനസഹായം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ(പി) 177/2006/ധന.തീയ്യതി 12.04.2006 ലെ ഖണ്ഡിക 18.3 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻമാരും ഒരു ക്യാഷ് ബുക്ക് മാത്രമേ സൂക്ഷിക്കാൻ പാടുള്ളൂവെന്നും ത.സ്വ.ഭ.സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന തുകകളുടെ വരവ് ചെലവ് സംബന്ധിച്ച വിവരങ്ങൾ Annexure B-IV ൽ കൊടുത്ത മാതൃകയിലുള്ള

സബ്സിഡിയറി രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ഒന്നിലധികം ക്യാഷ് ബുക്ക് സൂക്ഷിച്ചതായി കാണുന്നു. തലശ്ശേരി നഗരസഭയിൽനിന്നും ലഭിച്ച ഫണ്ടുകളുടെ വരവ് ചെലവ് വിവരങ്ങൾ കാണിക്കുന്ന സബ്സിഡിയറി രജിസ്റ്ററും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചതായി കാണുന്നില്ല.

2. ഫൈബർ തോണി നിർമ്മിച്ച് നൽകുവാൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് ബയോ ടെക് നോ ഫൈബർ പ്രൊഡക്ട് കാവുംചിറ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് നഗരസഭ ചെയർമാൻ മുൻകൂർ അനുമതി നൽകിയതായി ഫയലിൽ കാണുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 15 (4) (ബി) വകുപ്പ് പ്രകാരം മുൻകൂർ അനുമതി നൽകിയത് സംബന്ധിച്ച് നഗരസഭാ കൺസിലിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ചെയർമാന്റെ ഈ നടപടിക്ക് നഗരസഭ കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല.

ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ തോണിവാങ്ങുന്നതിന് ധനസഹായമിനത്തിൽ അനുവദിച്ച തുകയായ 2,24,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 ഗ്രോ ബാഗ് വിതരണം-വിവിധ കാരണങ്ങളാൽ 19,11,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ | : | 306/2017 | |
| പദ്ധതിയുടെ പേര് | : | ഗ്രോ ബാഗ് വിതരണം | |
| നിർവ്വഹണോദ്യോഗസ്ഥൻ | : | കൃഷി ഓഫീസർ<br>തലശ്ശേരി കൃഷിഭവൻ | |
| വകയിരുത്തൽ | : | 33,05,000 (24,80,000- വികസന ഫണ്ട്, 8,25,000 – ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുന്നത് ) | |
| വികസന ഫണ്ടിൽ നിന്നുള്ള ചെലവ് | : | തുക | ബിൽ നമ്പർ/തീയ്യതി |
| | | 10,89,000 | 1/16-17/28.03.17 |
| | | 3,09,000 | 2/16-17/28.03.17 |
| | | 5,13,000 | 8/16-17/30.03.17 |
| | | **ആകെ 19,11,000** | |

പ്ലാൻ ഫണ്ടിൽനിന്ന് 24,75,000 രൂപയും ഗുണഭോക്താക്കളിൽനിന്ന് 8,25,000 രൂപയും ഉൾപ്പെടെ ഒരു യൂണിറ്റ് ഗ്രോബാഗിന് (ഒരു യൂണിറ്റ് =25 എണ്ണം ഗ്രോബാഗുകൾ) 2,000 രൂപ നിരക്കിൽ 1650 യൂണിറ്റ്

വാങ്ങുന്നതിന് 33,00,000 രൂപയും പദ്ധതി നിർവ്വഹണത്തിന് പ്ലാൻ ഫണ്ടിൽനിന്ന് 5,000 രൂപയും ഉൾപ്പെടെ ഈ പദ്ധതിക്കായുള്ള ആകെ വകയിരുത്തൽ 33,05,000 രൂപയാണ്.

വികസന ഫണ്ടിൽനിന്ന് 19,11,000 രൂപയും ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 6,37,000 രൂപയും ഉൾപ്പെടെ 25,48,000 രൂപയാണ് ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ള ആകെ തുക. ഈ പദ്ധതി സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പിണറായി അഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് നേരിട്ട് ഗ്രോബാഗുകൾ വാങ്ങുവാനാണ് നടപടിയെടുത്തിട്ടുള്ളത്. മേൽ സ്ഥാപനത്തിൽനിന്ന് ടെണ്ടർ നടപടി കൂടാതെ സാധനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകുന്ന സർക്കാർ ഉത്തരവ് ഫയലിൽ ലഭ്യമല്ല.
2. പിണറായി ആഗ്രോ സർവ്വീസ് സെന്ററിന് 25,48,000 രൂപ കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
3. 2,000 രൂപ നിരക്കിൽ 1274 ഗ്രോബാഗുകൾ വാങ്ങുവാനാണ് വികസന ഫണ്ട് പിൻവലിച്ചിരിക്കുന്നതും ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നതും. എന്നാൽ ഇത്രയും എണ്ണം ഗ്രോബാഗുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.
4. 1274 ഗ്രോബാഗുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/2016-17; തീയ്യതി:25.07.2017) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

മേൽക്കാരണങ്ങളാൽ 19,11,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണങ്ങളും രേഖകളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-25 നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്റ്റ് രജിസ്റ്റർ, ടി.ആർ-7എ ക്യാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

ജി.ഒ (പി) 177/2006/ധനം; തീയ്യതി: 12.04.2006 പ്രകാരം അനുബന്ധം V പ്രകാരമുള്ള പ്രൊജക്റ്റ് രജിസ്റ്റർ കൃഷി ഓഫീസർ സൂക്ഷിച്ചതായി കാണുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റൽ ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സൂക്ഷിച്ചിരിക്കുന്ന രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല. തദ്ദേശസ്വയംഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിന് അനുബന്ധം ബി IV ൽ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും ഇതേ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം-അപാകതകൾ - 34,874 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | : | 303/2017 |
| പദ്ധതിയുടെ പേര് | : | ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | | കൃഷി ഓഫീസർ<br>തലശ്ശേരി കൃഷിഭവൻ |
| | | 53,400 (40,540 - വികസനഫണ്ട്, 12,860 |

| | | | |
|---|---|---|---|
| വകയിരുത്തൽ | : | ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുന്നത്) | |
| വികസന ഫണ്ടിൽ നിന്നുള്ള ചെലവ് | : | തുക | ബിൽ നം/തീയ്യതി |
| | | 7,405 | 3/16-17/ 30.03.2017 |
| | | 7,031 | 18/16-17/30.03.2017 |
| | | 20,438 | 21/16-17/30.03.17 |
| | | ആകെ 34,874 | |

ഈ പദ്ധതിക്കുവേണ്ടി വാഴത്തൈകൾ വാങ്ങുന്നതിന് 38,540 രൂപയും നിർവ്വഹണത്തിനായി 2,000 രൂപയും ഉൾപ്പെടെ ആകെ 40,540 രൂപയാണ് വികസന ഫണ്ടിൽനിന്നുള്ള ആകെ വകയിരുത്തൽ. ഒരു വാഴത്തൈക്ക് 25 രൂപ പ്രകാരം 410 യൂണിറ്റ് ( 5 എണ്ണം = 1 യൂണിറ്റ് ) വാഴത്തൈകൾ വാങ്ങുവാൻ 51,250 രൂപയാണ് വകയിരുത്തേണ്ടിയിരുന്നതെങ്കിലും 38,540 രൂപ വികസന ഫണ്ടും 12,860 രൂപ ഗുണഭോക്തൃവിഹിതവും ചേർത്ത് ആകെ 51,400 രൂപയാണ് വകയിരുത്തിക്കാണുന്നത്. നിർവ്വഹണത്തിനായി വികസന ഫണ്ടിൽനിന്ന് 2,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

വികസന ഫണ്ടിൽനിന്ന് 34,874 രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 11,861 രൂപയുൾപ്പെടെ ആകെ 46,735 രൂപ ചെലവഴിച്ച് 373 യൂണിറ്റ് വാഴത്തൈകൾ വാങ്ങിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ സീഡ് പ്രൊസസിംഗ് പ്ലാന്റ്, ആലത്തൂർ, പാലക്കാട് നിന്നാണ് ക്വട്ടേഷൻ/ടെണ്ടർ നടപടി കൂടാതെ വാഴത്തൈകൾ വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിൽനിന്ന് തൈകൾ വാങ്ങുന്നതിന് അനുവാദം നൽകുന്ന സർക്കാർ ഉത്തരവ് ഫയലിൽ ലഭ്യമായിട്ടില്ല.

കോടിയേരി കൃഷിഭവനിൽനിന്ന് വിതരണം ചെയ്യേണ്ടിയിരുന്ന 127 യൂണിറ്റ് വാഴത്തൈകളിൽ 125 യൂണിറ്റ് വിതരണം ചെയ്തതായി വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നുണ്ടെങ്കിലും തലശ്ശേരി കൃഷിഭവനിൽ വിതരണം ചെയ്യേണ്ടിയിരുന്ന 246 യൂണിറ്റ് വാഴത്തൈകളിൽ 89 യൂണിറ്റ് വാഴത്തൈകൾ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂവെന്നാണ് രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നത്. ബാക്കിയുള്ള 159 വാഴത്തൈകൾ വിതരണം ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 28/2016-17; തീയ്യതി: 25.07.2017) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാതെ അവശേഷിച്ച 159 യൂണിറ്റ്(157+2) വാഴത്തൈകൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ 19,875 രൂപ [159 x 125(യൂണിറ്റ് വില)]നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

മേൽക്കാരണങ്ങളാൽ 34,874 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-27 പച്ചക്കറിത്തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല-58,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | : | 308/2017 |
| പദ്ധതിയുടെ പേര് | : | പച്ചക്കറിത്തൈകൾ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | : | കൃഷി ഓഫീസർ<br>തലശ്ശേരി കൃഷിഭവൻ |
| വകയിരുത്തൽ | : | 1,04,000 |
| വികസന ഫണ്ടിൽ നിന്നുള്ള | | 58,500 (ബിൽ നം.15/16-17/30.03.17) |

| | | |
|---|---|---|
| ആകെ ചെലവ് | : | |

പച്ചക്കറി വികസനം ലക്ഷ്യമിട്ട് 1000 പച്ചക്കറിത്തൈകൾ വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. പച്ചക്കറിത്തൈകൾ വാങ്ങുന്നതിന് 1,00,000 രൂപയും നിർവ്വഹണത്തിന് 4,000 രൂപയും ഉൾപ്പെടെ ആകെ 1,04,000 രൂപയാണ് വകയിരുത്തപ്പെട്ട തുക. പപ്പായ, മുരിങ്ങ, കറിവേപ്പില തൈകൾ ഓരോന്നു വീതമാണ് ഒരു യൂണിറ്റിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നത്. സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് നിന്നാണ് തൈകൾ വാങ്ങിയിരിക്കുന്നത്. തൈകൾ ഓരോന്നും 900 എണ്ണം വീതമാണ് വാങ്ങിയിരിക്കുന്നത്. ഇതിൽ കോടിയേരി കൃഷിഭവനിലേക്ക് നൽകിയ 330 യൂണിറ്റ് തൈകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽനിന്നും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വേങ്ങാട് സ്റ്റേറ്റ് സീഡ് ഫാമിന് തൈകളുടെ വിലയായ 58,500 രൂപ കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
2. തലശ്ശേരി കൃഷിഭവന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽനിന്നും വിതരണം ചെയ്യാനുണ്ടായിരുന്ന 570 യൂണിറ്റ് തൈകളിൽ 180 യൂണിറ്റ് തൈകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് കാണുന്നു. തൈകൾ മുഴുവനായും വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/2016-17; തീയ്യതി: 25.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. തലശ്ശേരി കൃഷിഭവനിൽനിന്ന് വിതരണം ചെയ്യാതെ അവശേഷിച്ച 390 യൂണിറ്റ് പച്ചക്കറിത്തൈകൾ നശിച്ചു പോയിട്ടുണ്ടെങ്കിൽ 25,350 രൂപ [390 x 65(യൂണിറ്റ് വില)] നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുകയായ 58,500 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ നടപടികൾ സ്വീകരിക്കുകയും രേഖകൾ ലഭ്യമാക്കുകയും ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-28 വിവിധ സ്ക്കൂളുകളിൽ വെന്റിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല - 4,37,596/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രൊജക്റ്റ്നമ്പർ | 698/17 | 699/17 |
|---|---|---|
| പദ്ധതിയുടെ പേര് | നഗരസഭയിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ഷീപാഡ് വെന്റിംഗ് മെഷീൻ സ്ഥാപിക്കൽ | നഗരസഭയിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ഷീപാഡ് ഇൻസിനറേറ്റർ സ്ഥാപിക്കൽ |
| വകയിരുത്തൽ | 2,09,000 (വികസനഫണ്ട്) | 4,84,000 (വികസനഫണ്ട്) |
| ചെലവ് | 1,20,780<br>(ബിൽ നം. 9/16-17/28.3.17) | 3,16,816<br>(ബിൽ നം. 11/16-17/30.3.17) |

നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ 22 യൂണിറ്റ് ഷീപാഡ് വെന്റിംഗ് മെഷീനുകൾ വാങ്ങി സ്ഥാപിക്കുന്നതിനും (പ്രൊ.നം.698/17) 25-30 നാപ്കിൻ ലോഡ് ചെയ്യാവുന്നതും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഒരു വർഷം വാറണ്ടിയുള്ളതുമായ ഷീപാഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും (പ്രൊ.നം.699/17) ഹെഡ്മിസ്ട്രസ്, കൊടുവള്ളി ഹൈസ്കൂൾ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളാണിവ. പദ്ധതികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽനിന്നും വെന്റിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കപ്പെട്ട സ്കൂളുകൾ സന്ദർശിച്ചതിൽനിന്നും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. യൂണിറ്റിന് 5,228.57 രൂപ നിരക്കിൽ (5% ടാക്സ് പുറമെ) റെയിഡ്കോ, കുത്തുപറമ്പിൽനിന്ന് 22 ഷീപാഡ് വെന്റിംഗ് മെഷീനുകൾ വാങ്ങിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽനിന്നും വെന്റിംഗ് മെഷീനിനുകളുടെ സർവ്വീസ്, വാറന്റി കാർഡ് എന്നീ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ. 19/27.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ [8.11.2010ലെ ജി.ഒ.(പി) 259/2010 തസ്വഭവ നമ്പർ ഉത്തരവ്] പ്രകാരം ടെണ്ടർ പരസ്യം വ്യാപകമായ പ്രചാരത്തിലുള്ള ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാള ദിനപ്പത്രത്തിലും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളുടെ ടെണ്ടർ പരസ്യങ്ങൾ ഒരു മലയാള ദിനപ്പത്രത്തിൽ മാത്രമാണ് കൊടുത്തിട്ടുള്ളത് എന്ന് ഫയൽ പരിശോധനയിൽ കാണുന്നു. ഈ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികളിൽ (നം.18/27.06.2017; 19/27.06.2017) മുനിസിപ്പാലിറ്റി വഴി മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയ പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയെങ്കിലും പ്രസ്തുത ദിവസം (14.02.2017) ദേശാഭിമാനി പത്രത്തിൽ മാത്രമാണ് ടെണ്ടർ പരസ്യം വന്നിട്ടുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ദേശാഭിമാനി ഒഴികെയുള്ള പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയത് സംബന്ധിച്ച യാതൊരു തെളിവും മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. മറ്റു പത്രങ്ങളിൽ പരസ്യം നൽകുന്നതിന് വികസനഫണ്ടിൽനിന്ന് യാതൊരു തുകയും ചെലവഴിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് നൽകിയ മറുപടികളിലെ (11.10.2017 ൽ നൽകിയ മറുപടികൾ) വസ്തുതാ വിരുദ്ധതയാണ് ഇത് വ്യക്തമാക്കുന്നത്.

3. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ വിദ്യാലയങ്ങളിൽ പല ദിവസങ്ങളിലായി സന്ദർശിച്ചിട്ടുണ്ടെന്നും പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൃപ്തികരമായി നടത്തിയിട്ടുണ്ടെന്നും പദ്ധതികൾ ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നുമാണ് വിദ്യാഭ്യാസ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് നൽകിയിരിക്കുന്നത്. എന്നാൽ സൈറ്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ പല സ്കൂളുകളിലും വെന്റിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പല സ്കൂളുകളിലും മെഷീനുകൾ സ്ഥാപിക്കുകപോലും ചെയ്യാത്ത അവസ്ഥയിലാണുള്ളത്. ഇൻസിനറേറ്ററുകൾ, വെന്റിങ്ങ് മെഷീനുകൾ എന്നിവയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് ആയവ സ്ഥാപിക്കപ്പെട്ട സ്കൂളുകളുടെ മേലധികാരികൾ ഓഡിറ്റിന് രേഖാമൂലം റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മോണിറ്ററിങ്ങ് കമ്മിറ്റി സൈറ്റുകൾ പരിശോധിക്കാതെയാണ് മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. മോണിറ്ററിംഗ് കമ്മിറ്റിയുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | മേലധികാരി | വെന്റിംഗ് മെഷീൻ-നിലവിലെ അവസ്ഥ | ഇൻസിനറേറ്റർ- നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ജി. എച്ച്.എസ്.എസ്, കാവുംഭാഗം | ഹെഡ്മാസ്റ്റർ | പ്രവർത്തനക്ഷമമാണ് | വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല |
| 2 | ജി. എച്ച്.എസ്.എസ്, കാവുംഭാഗം | പ്രിൻസിപ്പാൾ | സ്ഥാപിച്ചിട്ടില്ല | പ്രവർത്തിക്കുന്നുണ്ട്. |
| 3 | ജി.എച്ച്.എസ്.എസ്., ചിറക്കര | പ്രിൻസിപ്പാൾ | സ്ഥാപിച്ചിട്ടുണ്ട് | സ്ഥാപിച്ചിട്ടില്ല |
| 4 | ജി.വി.എച്ച്.എച്ച്.എസ് ചിറക്കര | ഹെഡ്മാസ്റ്റർ | സ്ഥാപിച്ചിട്ടുണ്ട് | സ്ഥാപിച്ചിട്ടില്ല |
| | ഗവ. എച്ച്.എസ്.എസ്, | | | |

| | | | | |
|---|---|---|---|---|
| 5 | ചിറക്കര | പ്രിൻസിപ്പാൾ | വെന്റിംഗ് മെഷീൻ നിലവിൽ കുട്ടികൾ ഉപയോഗിക്കുന്നുണ്ട് | സ്ഥാപിച്ചിട്ടില്ല |
| 6 | ജി. എച്ച്.എസ്.എസ്., തിരുവങ്ങാട് | ഹെഡ്മിസ്ട്രസ്സ് | സ്ഥാപിച്ചിട്ടുണ്ട്. ഉപയോഗിക്കുന്നില്ല | ~~സ്ഥാപിച്ചിട്ടില്ല.~~ (പാഡുകൾ കത്തുമ്പോൾ നാറ്റം ഉണ്ടാകുന്നതിനാൽ പരിസരവാസികൾ പരാതിപ്പെട്ടതിനാലാണ് ഉപയോഗിക്കാതിരിക്കുന്നതെന്ന് അധികൃതർ അറിയിച്ചത്) |
| 7 | ജി. എച്ച്.എസ്.എസ്., തിരുവങ്ങാട് | പ്രിൻസിപ്പാൾ | സ്ഥാപിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ പാഡ് ലഭിക്കുന്നതിനാൽ കുട്ടികൾ മെഷീൻ ഉപയോഗിക്കുന്നില്ല. | സ്ഥാപിച്ചിട്ടില്ല. (പാഡുകൾ കത്തുമ്പോൾ നാറ്റം ഉണ്ടാകുന്നതിനാൽ പരിസരവാസികൾ പരാതിപ്പെട്ടതിനാലാണ് ഉപയോഗിക്കാതിരിക്കുന്നതെന്ന് അധികൃതർ അറിയിച്ചു) |
| 8 | ഒണിയൻ ഹൈസ്കൂൾ, കോടിയേരി | ഹെഡ്മാസ്റ്റർ | പ്രവർത്തിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട് നൽകിയിരിക്കുന്നതെങ്കിലും കുട്ടികൾക്ക് എടുക്കാൻ സാധിക്കാത്ത വിധത്തിൽ സ്റ്റാഫ് റൂമിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. | ഇൻസിനറേറ്റർ സ്ഥാപിക്കപ്പെട്ട സ്ഥലത്ത് കറന്റ് കണക്ഷൻ ഇല്ലാത്തതിനാൽ ഇൻസിനറേറ്റർ പ്രവർത്തനക്ഷമമല്ല. |
| 9 | ബി.ഇ.എം.പി. എച്ച്.എസ്.എസ്., തലശ്ശേരി | ഹെഡ്മാസ്റ്റർ | ഉപയോഗിക്കുന്നുണ്ട് | ഇലക്ട്രിക് വയറിംഗ്, പ്ലഗ്ഗ് പോയിന്റ് എന്നിവ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. |
| 10 | ബി.ഇ.എം.പി. എച്ച്.എച്ച്.എസ്., തലശ്ശേരി | പ്രിൻസിപ്പാൾ | ഉപയോഗിക്കുന്നുണ്ട് | വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലാത്തതിനാൽ ഉപയോഗിക്കുന്നില്ല. |
| 11 | സേക്രഡ് ഹാർട്ട് എച്ച്.എസ്.എസ്., തലശ്ശേരി. | ഹെഡ്മിസ്ട്രസ്സ് | ഉപയോഗിക്കുന്നുണ്ട് | സ്ഥാപിച്ചിട്ടുണ്ട്. ഉപയോഗിക്കുന്നില്ല. .പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ (വൈദ്യുതി ഉപയോഗം കൂടുതൽ, വൈദ്യുതി ഉപയോഗിക്കുന്നതിനാൽ കുട്ടികൾക്ക് നൽകുന്നതിലുള്ള ഭയം എന്നിവ) ഉപയോഗിക്കാൻ ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചു. |
| 12 | ഗവ. ബ്രണ്ണൻ എച്ച്. എസ്.എസ്, തലശ്ശേരി | ഹെഡ്മാസ്റ്റർ | സ്ഥാപിച്ചിട്ടില്ല | സ്ഥാപിച്ചിട്ടില്ല |
| 13 | ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്., തലശ്ശേരി | പ്രിൻസിപ്പാൾ | സ്ഥാപിച്ചിട്ടില്ല | സ്ഥാപിച്ചിട്ടില്ല |
| 14 | ഗവ. ഗേൾസ് എച്ച്.എസ്.എസ്., തലശ്ശേരി | ഹെഡ്മാസ്റ്റർ | സ്ഥാപിച്ചിട്ടില്ല | പ്രവർത്തിക്കുന്നില്ല |
| 15 | ഗവ. ഗേൾസ് എച്ച്.എസ്.എസ്., തലശ്ശേരി എച്ച്.എസ്.എസ്., | പ്രിൻസിപ്പാൾ | സ്ഥാപിച്ചിട്ടില്ല | പ്രവർത്തിക്കുന്നില്ല |

| | | | | |
|---|---|---|---|---|
| | തലശ്ശേരി | | | |

മേൽക്കാരണങ്ങളാൽ ഷീപാഡ് വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടി ബിൽ നം.9/16-17 തീയ്യതി.28.03.17 പ്രകാരം പിൻവലിച്ച 1,20,780 രൂപയും ഷീപാഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി ബിൽ നമ്പർ 11/16-17 തീയ്യതി 30.03.17 പ്രകാരം പിൻവലിച്ച 3,16,816 രൂപയും ഉൾപ്പെടെ രണ്ട് പ്രൊജക്റ്റുകളിലെയും കൂടി ആകെ ചെലവ് തുകയായ 4,37,596 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-29 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ സ്കോളർഷിപ്പ് നൽകുന്നില്ല-അപാകതകൾ ആവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നമ്പർ | 324/16-17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.വി.എച്ച്.എസ്.എസ്.,കൊടുവള്ളി. |
| വകയിരുത്തൽ | 10,00,000/- (വികസന ഫണ്ട്) |
| ചെലവ് | 10,00,000 (ബിൽ നമ്പർ: 6/16-17/22.3.17) |

'ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വികസന ഫണ്ടിൽനിന്ന് 10 ലക്ഷം രൂപ പിൻവലിച്ചിരുന്നു.

വിവിധ സ്കൂളുകളിൽ പഠിക്കുന്ന ശാരീരിക വെല്ലുവിളി അനുഭവിക്കുന്ന 43 വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സുകളുടെ തരമനുസരിച്ച് വ്യത്യസ്ത നിരക്കുകളിലും മാനസിക വെല്ലുവിളി നേരിടുന്ന 82 വിദ്യാർത്ഥികൾക്ക് 8,500/- രൂപ വീതവും സ്കോളർഷിപ്പ് നൽകുന്നതിനാണ് തുക വിനിയോഗിക്കപ്പെട്ടത്. ഈ പദ്ധതിയെ സംബന്ധിച്ച താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിക്കപ്പെട്ട നിരക്കുകളിലല്ല വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ലാസ്സ് | നൽകിയ സ്കോളർഷിപ്പ് തുക | പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നൽകേണ്ട തുക (പ്രതിവർഷം) | | |
|---|---|---|---|---|---|
| | | | ഡേ സ്കോളർ | ഹോസ്റ്റലർ | വാർഷിക ബത്ത |
| 01 | 1,2,3,4 | 6,300 | 4800 (400 x12) | 7200 (600 x12) | 500 |
| 02 | 5,6,7 | 6,600 | 6000 (500 x 12) | 9000 (750 x12) | 600 |
| 03 | 8, 9,10 | 6,900 | 7200 (600 x 12) | 9600 (800 x12) | 800 |
| 04 | പ്ലസ് വൺ, പ്ലസ് ടു, സർട്ടിഫിക്കറ്റ് | 7,300 | 7200 (600 x 12) | 9600 (800 x12) | 800 |
| 05 | ബിരുദം | 7,825 | 9600 (800 x 12) | 15000 (1250x12) | 1000 |
| 06 | വെക്കേഷണൽ പരിശീലനം | 7,825 | 12000 (1000 x12) | 18000 (1500x12) | 1500 |

വിദ്യാർത്ഥികളെ ഡേ സ്കോളർ, ഹോസ്റ്റലർ എന്നീ വഭാഗങ്ങളായി വേർതിരിച്ച് അവർക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പകരം പല നിരക്കുകളിലാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/27.06.2017) അനുവദിച്ച മുഴുവൻ തുകയും വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ നൽകാൻ ഫണ്ടില്ലാത്തതുകൊണ്ട് നഗരസഭയിൽനിന്ന് അനുവദിച്ചുകിട്ടിയ ഫണ്ട് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് കൊടുക്കുകയാണുണ്ടായതെന്നുമാണ് മറുപടിനൽകിയിരിക്കുന്നത്. എന്നാൽ ബജറ്റിൽ 60ലക്ഷം രൂപ വകയിരുത്തൽ ഉണ്ടായിരുന്നിട്ടും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ആവശ്യമായ തുക നഗരസഭ അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

2. വികസന ഫണ്ടിൽനിന്നുള്ള നിർബന്ധ വകയിരുത്തലുകളിൽ വാർഷിക ബത്തയും ഉൾപ്പെടുത്തണമെന്ന് 12ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ബത്ത അനുവദിച്ചു നൽകിയതായി കാണുന്നില്ല. മാനസിക വെല്ലുവിളി നേരിടുന്ന 82 വിദ്യാർത്ഥികളുടെയും ശാരീരിക വെല്ലുവിളി നേരിടുന്ന 43 വിദ്യാർത്ഥികളുടെയും അപേക്ഷകളാണ് ലഭിച്ചിരുന്നതെന്നും ഫണ്ട് ഏത് രീതിയിൽ വിതരണം നടത്തണമെന്ന നിർദ്ദേശം നഗരസഭയിൽനിന്ന് ലഭിച്ചിരുന്നില്ലായെന്നും വാർഷിക ബത്ത നൽകാൻ ഫണ്ട് അനുവദിച്ചു കിട്ടിയിരുന്നില്ലായെന്നും ആയതിനാൽ മുൻവർഷങ്ങളിലേതുപോലെ തൻവർഷവും ലഭ്യമായ ഫണ്ട് വിതരണം ചെയ്യുകയാണുണ്ടായതെന്നുമാണ് മേൽ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയത്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പദ്ധതി നടപ്പിലാക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു.

3. കാലുകളുടെ വൈകല്യം മൂലം ചലനവൈകല്യമുള്ളവർ എത്ര പേർ ഉണ്ടായിരുന്നുവെന്നോ അവരിൽ എത്ര പേർ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹന സൗകര്യം ഉപയോഗപ്പെടുത്തി സ്കൂളിൽ പോകുന്നുണ്ടെന്നോ ഉള്ള തരം തിരിവ് നടത്തിയിട്ടില്ലാത്തതിനാൽ ചലനവൈകല്യമുള്ളവർക്കുള്ള പ്രതിമാസ യാത്രാബത്തയായ 400 രൂപ അർഹരായവർക്ക് ലഭിക്കുന്നത് ഉറപ്പാക്കിയിട്ടില്ല.

4. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം താഴെ പറയുന്ന നിരക്കുകളിൽ സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതായിരുന്നു. എന്നാൽ അർഹമായ നിരക്കിൽ ആനുകൂല്യം നൽകിയിട്ടില്ല.

| ക്രമ നം. | ഇനം | വാർഷികമായി നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|
| 01 | സ്കോളർഷിപ്പ് പ്രതിമാസം 1000/- | 12,000 | 8,500/- |
| 02 | വസ്ത്രങ്ങൾക്കുള്ള ബത്ത | 800 | |
| 03 | പഠന സഹായികൾക്ക് / വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | 1,400 | |
| 04 | ഡേസ്കോളർക്ക് യാത്രാ ബത്ത (പ്രതിമാസം - 400/-) | 4,800 | |
| 05 | ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം മുതലായവയ്ക്ക് - രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ | 1,000 | |
| | ഡേസ്കോളറായ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് ആകെ നൽകേണ്ട തുക | 20,000/- | |

ഡേ സ്കോളറായ മാനസിക വെല്ലുവിളി നേരിടുന്ന ഒരു വിദ്യാർത്ഥിക്ക് 20,000/- രൂപ ലഭിക്കേണ്ടതാണ്. എന്നാൽ ഡേ സ്കോളർ, ഹോസ്റ്റലർ എന്നീ തരംതിരിവുകൾ ഒന്നും നടത്താതെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 8,500/- രൂപ വീതം അനുവദിക്കുകയാണുണ്ടായത്. തൻവർഷം മാനസിക വെല്ലുവിളി നേരിടുന്ന 82 വിദ്യാർത്ഥികളുടെ അപേക്ഷകളാണ് ഉണ്ടായിരുന്നതെന്നും ഇത്രയും പേർക്കുള്ള തുക തികയാത്ത സാഹചര്യത്തിൽ 8,500 രൂപ വീതം അനുവദിക്കുകയുണ്ടായതെന്നുമാണ് മേൽ നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നത്. വകയിരുത്തിയ തുകയ്ക്കനുസരിച്ച് സ്കോളർഷിപ്പ് വീതിച്ചു നൽകേണ്ടതിനു പകരം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള തുക അർഹരായ മുഴുവൻ അപേക്ഷകർക്കും ലഭിക്കത്തക്ക വിധത്തിൽ വകയിരുത്തൽ നടത്തുകയാണ് ചെയ്യേണ്ടിരുന്നത്.

5. ഡെകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഡെ കെയർ സെന്ററുകളിൽ പോകാത്തവർ (18 വയസ്സിൽ താഴെയുള്ളവർ) എന്നീ വിഭാഗങ്ങളിൽപ്പെട്ട കഷ്ടതയനുഭവിക്കുന്നവർക്ക് ആനുകൂല്യം ലഭിച്ചതായി കാണുന്നില്ല. പ്രോജക്ടിന്റെ ഭാഗമായി ഇത്തരത്തിലുള്ള ദുർബല വിഭാഗങ്ങളെ കണ്ടെത്തുന്നതിന് നടപടിയെടുത്തതായി രേഖയില്ല.

6. ധനസഹായം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വിദ്യാർത്ഥിക്ക്/രക്ഷിതാവിന്/വ്യക്തിക്ക് നൽകണം എന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആനുകൂല്യം അർഹരായ വ്യക്തികൾക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനാണ് സർക്കാർ ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളുടെ മേധാവികളാണ് സ്കോളർഷിപ്പ് തുകകൾ കൈപ്പറ്റിയതായി കാണുന്നത്. ചില സ്കൂളുകളിലേക്ക് സ്കോളർഷിപ്പ് തുക അയച്ചുകൊടുത്തതായും കാണുന്നുണ്ട്. സ്കോളർഷിപ്പ് തുകകൾ വിദ്യാർത്ഥികൾക്ക്/ രക്ഷിതാവിന് നേരിട്ട് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ മേധാവികൾ നൽകുന്ന അർഹരായ വിദ്യാർഥികളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് പ്രോജക്ട് ഫയിലനൊപ്പം ലഭ്യമല്ല. വിദ്യാലയങ്ങളിലെ മേധാവികൾ നൽകിയ സ്കൂൾ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് മേൽ ഓഡിറ്റ് എൻക്വയറിയിൽ അറിയിച്ചിരിക്കുന്നത്. ആയത്

പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ബജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തൽ ഉണ്ടായിട്ടും അർഹമായ സ്കോളർഷിപ്പ് തുക ദുർബല വിഭാഗങ്ങൾക്ക് അനുവദിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമായിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

# 3-30 സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ/അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 229/17 |
| അടങ്കൽ | 9,44,800 |
| ചെലവ് | 7,56,240 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, കോടിയേരി |

ദുരിതമനുഭവിക്കുന്ന കിടപ്പ് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനും രോഗിയും കുടുംബവും അനുഭവിക്കുന്ന ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുമാണ് പാലിയേറ്റീവ് പരിചരണം ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പ്, തദ്ദേശ ഭരണസ്ഥാപനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സന്നദ്ധസംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണമാണ് പാലിയേറ്റീവ് പരിചരണ നയം ലക്ഷ്യമിടുന്നത്. തലശ്ശേരി നഗരസഭയിലെ കോടിയേരി പൊതുജനാരോഗ്യ കേന്ദ്രം

നടപ്പാക്കിയിട്ടുള്ള സാന്ത്വനം പാലിയേറ്റീവ് കെയർ പ്രൊജക്ട് നടപ്പാക്കിയതിലെ പോരായ്മകൾ/അപാകതകൾ ചുവടെ നൽകുന്നു.

1. **സന്നദ്ധ പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.**

സാന്ത്വനം പാലിയേറ്റീവ് കെയർ പ്രൊജക്ട് പ്രകാരം ഹോം കെയറിന് പോകുന്ന പാലിയേറ്റീവ് ടീമിൽ പ്രത്യേക പരിശീലനം ലഭിച്ച നേഴ്സിന് പുറമേ വാർഡ് കൗൺസിലർ, ആരോഗ്യ പ്രവർത്തക, ആശാപ്രവർത്തക, എന്നിവരെ കൂടാതെ പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തക/പ്രവർത്തകൻ എന്നിവർ ഉണ്ടായിരിക്കണമെന്ന് 29.10.2015 ലെ സർക്കാർ ഉത്തരവ് (സാധാ) 3217/2015/തസ്വഭവ മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ രംഗത്തും പാലിയേറ്റീവ് പരിചരണ രംഗത്തും പ്രവർത്തിക്കുന്നവരെയും പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ താൽപര്യമുള്ളവരെയും കണ്ടെത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ഒരു ദിവസത്തെ പരിശീലനം നൽകണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം പാലിയേറ്റീവ് ടീമിൽ വേണ്ടത്ര ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പാലിയേറ്റീവ് ടീമിൽ ചില ദിവസങ്ങളിൽ സന്നദ്ധപ്രവർത്തകരുടെ സാന്നിധ്യം ഉണ്ടായിരുന്നില്ല എന്ന് കാണുന്നു. പാലിയേറ്റിവ് സേവനം കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. **ഗൃഹസന്ദർശന പാലിയേറ്റീവ് ടീമിന്റെ ഭക്ഷണ ചെലവ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ (സാധാ) 3217/2015/നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിന് പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് 60 രൂപ പ്രകാരം മൂന്ന് പേർക്ക് 180 രൂപ ഭക്ഷണത്തിന് വകയിരുത്താവുന്നതും ചെലവഴിക്കാവുന്നതുമാണ്. 30.06.2016 ലെ സ.ഉ (സാധാ) 2039/2016/തസ്വഭവ പ്രകാരം ആയത് 250 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഗൃഹസന്ദർശനത്തിന് പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്കാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം ചെലവഴിക്കാവുന്നതെങ്കിലും സന്നദ്ധ പ്രവർത്തകർ ആരും തന്നെ പങ്കെടുക്കാത്ത അവസരങ്ങളിലും വകയിരുത്തിയ അത്രയും തുക ചെലവഴിക്കുന്നുണ്ട്. പ്രതിമാസ അവലോകന റിപ്പോർട്ട് അനുസരിച്ച് 4/16, 5/16, 6/16, 7/16 എന്നീ മാസങ്ങളിൽ പാലിയേറ്റീവ് ടീമിൽ സന്നദ്ധ പ്രവർത്തകർ ആരും തന്നെ പങ്കെടുത്തിട്ടില്ല എന്ന് വ്യക്തമാകുന്നുണ്ട്. എന്നാൽ ടി മാസങ്ങളിൽ ഭക്ഷണ ചെലവിനത്തിൽ നിശ്ചിത തുക ചെലവഴിച്ചിട്ടുണ്ട്.

3. **പാലിയേറ്റീവ് ഹോംകെയർ-ദിവസ വാടകയ്ക്ക് വണ്ടി ലഭ്യമാക്കിയത് - ക്വട്ടേഷൻ വിളിച്ചിട്ടില്ല.**

പാലിയേറ്റീവ് കെയർ ആവശ്യത്തിന് നഗരസഭയുടെ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ദിവസ വാടകയ്ക്ക് വാഹനം ലഭ്യമാക്കാവുന്നതാണെന്ന് മേൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമാണ് വാടകയ്ക്ക് ലഭ്യമാക്കേണ്ടത്. സാന്ത്വനം പാലിയേറ്റീവ് കെയറിന് 2016-17 വർഷത്തെ ഉപയോഗത്തിന് ഉത്തരവിൽ നൽകിയിട്ടുള്ള പരമാവധി നിരക്കായ 1,100/- രൂപ നിരക്കിലാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിക്കാതെ കൊടുത്തിരിക്കുന്ന പരമാവധി നിരക്കിൽ വാടക നൽകുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണെന്ന് വിലയിരുത്തുന്നു. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് കുറഞ്ഞ നിരക്കായ ആയിരം രൂപ ദിവസ വാടകയ്ക്ക് വാഹനം പിന്നീട് വാടകയ്ക്ക് എടുത്തതെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ (നം.74/2016-17 തീയ്യതി 28.09.2017) മറുപടിയിൽ വ്യക്തമാക്കിയത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-31 ഹോമിയോ മരുന്ന് - വരവ് വിവരം ലഭ്യമല്ല - 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1. **പ്രൊജക്ട് നം : SO 231/17**

തലശ്ശേരി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ

| | | |
|---|---|---|
| അടങ്കൽ | : | 1,50 ,000/- |
| ചെലവ് | : | 1,50, 000/- |
| | | |

| | | |
|---|---|---|
| ബിൽ നം | : | 3/2016-17, 31/01/2017 |
| നിർവ്വഹണം | : | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

തലശ്ശേരി ഹോമിയോ ഡിസ് പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ പദ്ധതി പ്രകാരം 1,50,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിനു ഡിഡി നം : 042621, 3/02/2017 നമ്പറായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ 16.12.2016 ലെ PF-694 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 25 ഇനം മരുന്നുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4/2016-17,26/04/2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-32 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തലശ്ശേരി സബ് ജെയിൽ ലൈബ്രറിയിലേക്ക് അലമാര, പുസ്തകങ്ങൾ വാങ്ങി നൽകിയത്- മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

**1. പ്രൊജക്ട് നം : SO 565/16-17**

(തലശ്ശേരി സബ് ജെയിൽ ലൈബ്രറിയിലേക്ക് അലമാര വാങ്ങിയത്)

| | | |
|---|---|---|
| അടങ്കൽ | : | 15,000/- (വികസന ഫണ്ട്) |
| ചെലവ് | : | 10,762/- |
| ബിൽ നം | : | 5/2016-17, 20/03/2017 |
| **നിർവ്വഹണം** | : | **എെ.സി.ഡി.എസ് സൂപ്പർവൈസർ** |

**2. പ്രൊജക്ട് നം : SO 616/16-17**

തലശ്ശേരി സബ് ജെയിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിയത്)

| | | |
|---|---|---|
| അടങ്കൽ | : | 5,000/- (വികസന ഫണ്ട്) |
| ചെലവ് | : | 5,000/- |
| ബിൽ നം | : | 10/29.03.2017 |
| **നിർവ്വഹണം** | : | **എെ.സി.ഡി.എസ് സൂപ്പർവൈസർ** |

ക്രമ നമ്പർ (1) പ്രകാരം തലശ്ശേരി സബ് ജയിലിലേക്ക് ആവശ്യമായ അലമാര ( 1 എണ്ണം) വാങ്ങിയ ഇനത്തിൽ (ഇൻവോയ്സ് നം.SSE/KNR/FBB/175) 10,762/- രൂപ (വാറ്റ് ഉൾപ്പെടെ) കണ്ണൂർ സിഡ്കോവിന് നൽകിയിട്ടുണ്ട്.

(ചെക്ക് നം.1334361/30.03.17).

ക്രമ നമ്പർ (2) പ്രകാരം സബ് ജയിൽ ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ അംഗീകൃത ഏജൻസികളിൽനിന്ന് വാങ്ങി നൽകുന്നതിനായി 5,000/- രൂപ അടങ്കലുള്ള മേൽ പദ്ധതിയുടെ ഭാഗമായി കറന്റ് ബുക്സിൽനിന്നും 37 ഇനം പുസ്തകങ്ങൾ വാങ്ങിയ വകയിൽ 5,000/- രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്.

